


വികസനരേഖ

ചേപ്പാട് ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്




ALLEPPEY DISTRICT

Alleppey Municipality

Cheppad

ചേപ്പാട് ഗ്രാമ പഞ്ചായത്ത് ഭൂപടം



4623

ഇന്നലെകളിൽ
ഇവർ സാരഥികളായിരുന്നു


1964-65 ചന്ദ്രശേഖരൻ പിള്ള - *പ്രസിഡൻറ്*

1965-79 ഇ.എസ്സ്.മാത്യു - *പ്രസിഡൻറ്*
കെ.പി. ജനാർദ്ദനൻ കുട്ടി ചാന്താർ - *വൈസ്പ്രസി.*
ഡോക്ടർ. പി.ജെ. ഈനോസ്
എ. കുട്ടൻ പിള്ള
ആർ. നാരായണ അയ്യർ
എൻ. ജനാർദ്ദനൻ പിള്ള
കല്ലൂരേത്ത് ശ്രീധരൻ പിള്ള } ദ്വയാംഗത്വം
കെ. മാധവൻ }
ഏ.പി. ചെല്ലമ്മചാന്താട്ടി (നോമിനേറ്റഡ്.)

1979-89 ആർ. സുകുമാരപിള്ള - *പ്രസിഡൻറ്*
പി.സി. പൊന്നപ്പൻ- *വൈസ്. പ്രസി.*
ലീലാമ്മ
ബാലരാമൻ നായർ വി.
ഡോ. ചാക്കോ
എൻ. ജനാർദ്ദനൻ പിള്ള
എസ്സ്. ബലദേവ്
ആർ. ഭാർഗ്ഗവൻ
എൻ. കൃഷ്ണപിള്ള

1989-95 വി.കെ. സഹദേവൻ, *പ്രസിഡൻറ്*
എം.ഡി. ദാമു, *വൈസ് പ്രസിഡൻറ്*
ഡി. മനോഹരൻ
ബാലകൃഷ്ണൻ നായർ
രാധാമണി
കണ്ടത്തിൽ സുകുമാരൻ
മൈക്കിൾ സ്റ്റീഫൻ
ജോൺ തോമസ്സ്
ഡോ. വത്സലാ കുമാരി.


നിലവിലുള്ള ഭരണസമിതി അംഗങ്ങൾ




എൻ. കരുണാകരൻ
(പ്രസിഡൻറ്)



എം. മണിലേഖ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)




പി.എൽ. തുളസി
(വൈസ്. പ്രസിഡൻറ്)




വി.കെ. സഹദേവൻ
(മെമ്പർ)



ബേബി ലക്ഷ്മി
(മെമ്പർ)




എം.കെ. വേണുകുമാർ
(മെമ്പർ)



വി.മാധവൻ കുട്ടി
(മെമ്പർ)



ജെ. ഉഷാകുമാരി
(മെമ്പർ)



റോയി മുല്ലേലത്ത്
(മെമ്പർ)

ഈ രേഖയ്ക്ക് പിന്നിൽ

എഡിറ്റോറിയൽ ബോർഡ്

എൻ. കരുണാകരൻ
ശിവരാമ പിള്ള. ആർ.
കെ. മണികണ്ഠകുമാർ
വിശ്വപ്രസാദ്. കെ
പ്രൊഫ. കെ.മഹാദേവൻ പിള്ള
സുരേന്ദ്രൻ. റ്റി

കൃഷ്ണകുമാർ ഡി.	സാലുദ്ദീൻകുട്ടി
ശ്രീലേഖ	ശോഭന
രാഘവപണിക്കർ	മോഹനൻ. എൻ.
വേലായുധൻ എസ്സ്	കൃഷ്ണകുമാർ
ബാലരാമൻ നായർ	മധു. എം.
സുദർശനൻ പിള്ള	രഘു
കെ.പി. പ്രഭാകരൻ	രാധാകൃഷ്ണൻ നായർ
സോമനാഥൻ കെ.	സുജാത
പി.സി. പൊന്നപ്പൻ	മഹിളാമണി
സതി	മനോഹരൻ. ഡി
രവീന്ദ്രൻ നായർ	വിജയകുമാർ. ആർ.
സുഭാഷ്	

മുഖചിത്രം: രംഗനാഥ്, മുട്ടം
ലേ-ഔട്ട് : എസ്സ്. ശ്രീകുമാർ, ചേപ്പാട്

ചെപ്പിനുള്ളിൽ

1. ആമുഖം
2. ചരിത്ര സ്മൃതി
3. മണ്ണും മനുഷ്യനും
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. വ്യവസായം
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. വിദ്യാഭ്യാസം
9. സംസ്ക്കാരം
10. വനിതാക്ഷേമം
11. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
12. പൊതുജനാരോഗ്യവും കുടിവെള്ളവും
13. സാമൂഹ്യക്ഷേമവും പാർപ്പിടവും
14. സഹകരണരംഗം
15. വിഭവസമാഹരണം
16. വാക്കുകൾ ചുരുക്കുന്നു

ആമുഖം

ഗ്രാമസ്വരാജിന് വേണ്ടിയുള്ള ചിന്തകളും സ്വപ്നങ്ങളും പൂർണ്ണാർത്ഥത്തിൽ ഉൾക്കൊള്ളുന്ന സമഗ്രമായ ആസൂത്രണ പദ്ധതിയാണ് ജനകീയ ആസൂത്രണം. ജനങ്ങൾ തന്നെ അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കുകയും അതിന്റെ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന ഗ്രാമസഭകളിലൂടെ ഈ പദ്ധതി ഗാന്ധിജിയുടെ സ്വപ്നങ്ങളിൽ പൊന്നും പൂവും ചാർത്തുന്നു.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം എട്ട് പഞ്ചവത്സര പദ്ധതികൾ നമ്മുടെ രാജ്യം പൂർത്തീകരിച്ചു. ഈ പദ്ധതികളിലൂടെ നമ്മുടെ രാജ്യം വികസനത്തിന്റെ പാതിയിൽ ബഹുദൂരം മുന്നേറി. എങ്കിലും പദ്ധതിയുടെ സംഘാടകർ മനസ്സിൽ കണ്ട നേട്ടങ്ങളും പ്രായോഗികമായി നടപ്പിലാക്കിയ വികസനവും തമ്മിലുള്ള അന്തരം എത്രയോ വലുതായിരുന്നു.!

ഗവൺമെൻറിന്റെ ഒരു രൂപാ വികസനത്തിനായി ചെലവഴിക്കുമ്പോൾ ജനങ്ങളുടെ കൈകളിൽ കിട്ടുന്നത് 15 പൈസ മാത്രമാണെന്ന് പറഞ്ഞ് ഖേദിക്കേണ്ടി വന്നത് ഒരിന്ത്യൻ പ്രധാനമന്ത്രിക്കുതന്നെയാണ്. ബാക്കി 85 പൈസ ചോർന്നുപോകുന്നത് ഏതു കരങ്ങളിലാണ്? ഇവിടെ പദ്ധതിയുടെ ലക്ഷ്യവും സാക്ഷാത്ക്കാരവും തമ്മിലുള്ള അന്തരം കുറയേണ്ടതുണ്ട്. ഗവൺമെൻറിന്റെ ഒരു രൂപ നമ്മുടെ അദ്ധ്വാനത്തിന്റെ സമ്പത്തും ചേർത്ത് നാടിന് ഒന്നരരൂപയുടെ വികസന മൂല്യം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. നമ്മുടെ ജനങ്ങളുടെ നിതാന്തമായ സാമൂഹിക സന്നദ്ധതാ ബോധവും ദേശസ്നേഹവും അതിലുമുപരി പ്രവർത്തന സജ്ജമായ മനസ്സും ഒത്തു ചേർന്നാലെ ഇതു സാധ്യമാവൂ.

കേരളത്തിലെ വികസനം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നു. ദീർഘകാലത്തെ സാമൂഹിക രാഷ്ട്രീയ - സാസംസ്കാരിക പ്രക്രിയയിലൂടെ ഒട്ടേറെ നേട്ടങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞു. സാമൂഹ്യപരിഷ്കരണം, പ്രസ്ഥാനങ്ങൾ മുതലായ സമ്മർദ്ധശക്തികളോട് പ്രതികരിച്ചുകൊണ്ടാണ് കേരളത്തിലെ വികസന പ്രക്രിയയുടെ പല വശങ്ങളും രൂപപ്പെട്ടത്. താഴ്ന്ന സാമ്പത്തിക നിലവാരത്തിലും, ബോധപൂർവ്വമായ സാമൂഹ്യ ഇടപെടലിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താമെന്ന് ഭാരതത്തിന് നാം കാണിച്ചുകൊടുത്തു. 'കേരളാ മോഡൽ' വാനോളം പുകഴ്ത്തപ്പെട്ടു.

എന്നാൽ ഉൽപാദന രംഗത്തേക്ക് കടക്കുമ്പോഴാണ് നമ്മുടെ വികസനത്തിന്റെ ദൗർബല്യം വ്യക്തമാകുന്നത്. കേരളത്തിന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ താഴെയായി വളരെ നാളുകളായി തുടരുന്നു. കാർഷിക വ്യാവസായികമേഖലകളിലെ മുരടിപ്പും രൂക്ഷമായ തൊഴിലില്ലായ്മയും വിദ്യാഭ്യാസ - ആരോഗ്യ - സേവന മേഖലകളുടെ ഗുണനിലവാര തകർച്ചയും ആണ് ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾ.

കേരളം നേരിടുന്ന ഈ രൂക്ഷമായ പ്രതിസന്ധിക്ക് അടിയന്തിര പരിഹാരം കാണാതെ നമുക്ക് ഇനിയും മുന്നോട്ടു പോകാൻ കഴിയില്ല. വളരെ നാളുകളായി കേരളത്തിലങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്ന ഈ ചർച്ചക്ക് മൂർത്തമായ രൂപം നൽകുവാൻ 73,74 ഭരണഘടനാ ഭേദഗതിക്കും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിൽ വന്ന ''കേരളാ പഞ്ചായത്തീരാജ് - നഗരപാലിക'' നിയമത്തിനും കഴിഞ്ഞു.

പഞ്ചായത്തീരാജ് നിയമം നമുക്കു പാസാക്കുവാൻ കഴിഞ്ഞെങ്കിലും അധികാരവികേന്ദ്രീകരണത്തിന് ആവശ്യമായ ചട്ടങ്ങൾ ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. ഇന്നും നിലനിൽക്കുന്ന ഉദ്യോഗസ്ഥ മേധാവിത്വം മാറേണ്ടിയിരിക്കുന്നു. അഴിമതിരഹിതമായ ഒരു ജനകീയഭരണം സാധിതമാക്കുവാൻ ജനശക്തിക്കേ കഴിയൂ.

ആവലാതികൾ ഉറക്കെപ്പറയുകയും അവ പരിഹരിക്കുന്നതിന് ശരീരവും മനസ്സും നാടിനുവേണ്ടി സമർപ്പിച്ച് പ്രവർത്തിക്കുന്ന ജനങ്ങളും, അവർ തെരഞ്ഞെടുത്ത ജനപ്രതിനിധികളും തമ്മിലുള്ള നിരന്തരമായ ആലോചനയുടേയും പ്രവർത്തനത്തിന്റേയും സംഗമത്തിലാണ് ജനകീയസൂത്രണപദ്ധതി പൂർണ്ണതപ്രാപിക്കുന്നത്.

1996 സെപ്റ്റംബർ 7, 8, 9 തീയതികളിൽ കായംകുളം ഗവ: ജി.എച്ച്.എസ് ൽ നടന്ന ഡി.ആർ.പി. (ഡിസ്ട്രിക്ട് റിസോർസ് പേഴ്സൺ) മാർക്കുള്ള പരിശീലനക്യാമ്പോടുകൂടിയാണ് ചേപ്പാടു ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് അക്ഷരാർത്ഥത്തിൽ തുടക്കം കുറിച്ചത്. ഇവിടെ നിന്നും 6 പേർ പരിശീലനത്തിൽ പങ്കെടുത്തു. തുടർന്ന് സെപ് 14-ന് ചേപ്പാട് എൽ.പി.ജി.എസ്സിൽ എൽ.ആർ.പി. മാർക്കുള്ള പരിശീലനക്യാമ്പ് നടന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും അടക്കം 155 പേർ ഈ ക്യാമ്പിൽ പങ്കെടുത്തു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകൾ 1996 ഒക്ടബോർ 5-ന് ആരംഭിച്ച് ഒക്: 13ന് സമാപിച്ചു. ആകെ രണ്ടിയിരത്തോളം പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. വിവിധ ജനകീയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള സജീവമായ ഗ്രൂപ്പു ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് ഒരു പൊൻ വെളിച്ചമായി.

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യമുയർത്തി പഞ്ചായത്തിൽ 5 കേന്ദ്രങ്ങളിൽ കലാജാഥ പര്യടനം നടത്തി. 30 ഓളം പരിശീലകർ വിവിധ ഓഫീസുകളിൽ നിന്നും ദ്വിതീയ വിവരകണക്കുകൾ ശേഖരിക്കുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ടു. 1996 നവംബർ 8,9,10 തീയതികളിൽ ഹരിപ്പാട് ഗവൺമെൻറ് ജി.എച്ച്.എസ്.-ൽ നടന്ന ഡി.ആർ.പി. മാർക്കുള്ള രണ്ടാംഘട്ട പരിശീലനക്യാമ്പിൽ പഞ്ചായത്തിൽ നിന്നും 12 പേർ പങ്കെടുത്തു. എൽ.ആർ.പി. മാർക്കുള്ള രണ്ടാം ഘട്ട പരിശീലനം 96 നവം: 18 ന് കണിച്ചനല്ലൂർ എൽ.പി.എസ്-ൽ നടന്നു.

ഇതുവരെ നാം ജനകീയാസൂത്രണത്തിന്റെ മുന്നൊരുക്കത്തിലായിരുന്നു. ഇനിയാണ് പദ്ധതി ആവിഷ്ക്കരണത്തിന്റെ തരിത പ്രവർത്തനം. വിശ്രമരഹിതമായ ദിവസങ്ങൾ.... വിലപ്പെട്ട പ്രവർത്തനങ്ങൾ.... ഇതാ കർമ്മകാണ്ഡത്തിന്റെ തുടക്കം. ഒരു മഹാദ്രിയുടെ ചങ്കുറപ്പോടെ, ഒരു മഹാസമുദ്രത്തിന്റെ വിശാലഭാവത്തോടെ നമുക്ക് ഒന്നിച്ച് മുന്നേറാം.


വാർഡ്	തീയതി	സ്ഥലം	പുരുഷൻ	സ്ത്രീ	ആകെ
1	5/10/96	C.K.H.S. ചേപ്പാട്	120	65	185
2.	6/10/96	കുന്നേൽ വീട്	90	53	143
3.	12/10/96	S.K.V.U.P.S. ഏവൂർ നോർത്ത്	133	98	231
4.	6 /10/96	കൂട്ടുങ്കൽ വീട്	100	85	185
5.	5/10/96	കണിച്ചനെല്ലൂർ L.P.S.	53	35	88
6.	13/10/96	ശ്രീരാമകൃഷ്ണാശ്രമം മുട്ടം	113	85	198
7.	13/10/96	മുട്ടം L.P.S.	170	140	310
8.	12/10/96	മുറിയാംമൂട് L.P.S	134	170	304
9.	13/10/96	കണിശ്ശേരിതെക്കതിൽ	149	20	169

പഞ്ചായത്തിന്റെ പൊതു ചിത്രം

പേര്	:	ചേപ്പാട് ഗ്രാമ പഞ്ചായത്ത്
വില്ലേജ്	:	ചേപ്പാട്
ഗ്രാമവികസന ബ്ലോക്ക്	:	മുതുകുളം
ബ്ലോക്ക് ഡിവിഷനുകൾ	:	രണ്ട്: ചേപ്പാട്, പത്തിയൂർ
താലൂക്ക്	:	കാർത്തികപ്പള്ളി
ജില്ല	:	ആലപ്പുഴ
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	മുതുകുളം
അംസബ്ളി മണ്ഡലം	:	ഹരിപ്പാട്
പാർലമെൻറ് മണ്ഡലം	:	ആലപ്പുഴ
വിസ്തീർണ്ണം	:	12.67 Sq KM
ജനസംഖ്യ		
(1991 ലെ സെൻസസ്സ് പ്രകാരം)	:	18,870
സ്ത്രീകൾ	:	9,956
പുരുഷന്മാർ	:	8914
പഞ്ചായത്ത് ഭരണസമിതി		
ഓഫീസ്	:	ചേപ്പാട് (സ്വന്തംകെട്ടിടം)
പഞ്ചായത്ത് വാർഡുകൾ	:	9 (ഒൻപത്)
പ്രസിഡൻറ്	:	എൻ. കരുണാകരൻ
വൈസ്പ്രസിഡൻറ്	:	പി.എൽ. തുളസി
സ്റ്റാൻറിംഗ് കമ്മിറ്റി		
ചെയർ പേഴ്സൺ	:	എം. മണിലേഖ
മെമ്പർമാർ	:	വാർഡ് - I ജെ. ഉഷാകുമാരി
		„ II എം.കെ. വേണുകുമാർ
		„ III ബേബിലക്ഷ്മി
		„ V മാത്യുവർഗീസ്
		„ VII വി.കെ. സഹദേവൻ
		„ IX വി. മാധവൻ കുട്ടി
ബ്ലോക്ക് പഞ്ചായത്ത്		
അംഗങ്ങൾ	:	ആർ. വിജയകുമാർ
		പ്രൊഫ.കെ. മഹാദേവൻപിള്ള
ജില്ലാ പഞ്ചായത്ത് അംഗം	:	കെ.പി. ദാമോദരൻ

നമ്മുടെ പൊതുസ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങളുടെ പേര്	വാർഡ് നമ്പർ
1.	ചേപ്പാട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം No: A 702	I.
2.	സി.കെ.എച്ച്.എസ്. ചേപ്പാട്	,,
3.	ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ്, ചേപ്പാട്	,,
4.	ഫാമിലി വെൽഫെയർ സെൻറർ	,,
5.	അഗ്രികൾച്ചറൽ അസി: ഡയറക്ടർ ആഫീസ്	,,
6.	കൃഷിഭവൻ	,,
7.	പഞ്ചായത്ത് സാംസ്കാരിക നിലയം	,,
8.	പോസ്റ്റാഫീസ്, ചേപ്പാട്	II
9.	ഗവ: ആയുർവേദ ആശുപത്രി	,,
10.	ലോർഡ് കൃഷ്ണാബാങ്ക് ചേപ്പാട് ശാഖ	,,
11.	P.M.D.U.P.S ചേപ്പാട്	,,
12.	ഗവ: LPBS ചേപ്പാട്	,,
13.	റെയിൽവേ സ്റ്റേഷൻ, ചേപ്പാട്	,,
14.	ദേശബന്ധു വായനശാല, ഏവൂർ	,,
15.	വട്ടർ അതോറിട്ടി പമ്പ് ഹൗസ്ഏവൂർ വടക്ക്	,,
16.	ഫാമിലി വെൽഫെയർ സെൻറർ	,,
17.	ചേപ്പാട് പഞ്ചായത്ത് പട്ടികജാതി -വർഗ്ഗ സർവ്വീസ് സഹകരണ സംഘം No. A775	III
18.	SKVUPS ഏവൂർ വടക്ക്	,,
19.	ഗവ: ഹോമിയോ ആശുപത്രി, പനച്ചമൂട്	,,
20.	ഗവ: എൽ.പി.എസ്. ഏവൂർ വടക്ക്	IV
21.	പോസ്റ്റാഫീസ് ഏവൂർ വടക്ക്	,,
22.	പ്രഥാമിക ആരോഗ്യ കേന്ദ്രം	V
23.	ഗവ: എൽ.പി.എസ്. കണിച്ചനല്ലൂർ	,,
24.	ഫാമിലി വെൽഫെയർ സെൻറർ പന്നാകുളങ്ങര	,,
25.	മുട്ടം ക്ഷീരോൽപാദക സഹകരണസംഘം A 102 (D) APCOS	VI
26.	വില്ലേജ് ആഫീസ് മുട്ടം	VII
27.	ഫാമിലി വെൽഫെയർ ആഫീസ് മുട്ടം	,,
28.	മുട്ടം എൽ.പി.എസ്	,,
29.	ഗോ സംവർദ്ധനകേന്ദ്രം മുട്ടം	,,
30.	ഫെഡറൽ ബാങ്ക് - മുട്ടംശാഖ	,,
31.	മുട്ടം പോസ്റ്റ് ആഫീസ്	,,
32.	വിജ്ഞാന വികാസിനി വായനശാല മുട്ടം	,,
33.	മൃഗാശുപത്രി, മുറിയാംമൂട്	VIII
34.	മുറിയാം മൂട് എൽ.പി.എസ്	,,
35.	പഞ്ചായത്ത് ആഫീസ്, ചേപ്പാട്	IX
36.	B.B.H.S. നങ്ങ്യാർകുളങ്ങര	,,
37.	ഗവ: LPGS ചേപ്പാട്	,,
38.	വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No: 2259 മുട്ടം	,,
39.	വലിയകുഴി ക്ഷീരോൽപാദക സഹകരണസംഘം	,,
40.	മാവേലിസ്റ്റോർ, വലിയകുഴി മുട്ടം	,,
41.	പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, നങ്ങ്യാർകുളങ്ങര	,,
42.	ചേപ്പാട് പഞ്ചായത്ത് സെറികൾച്ചർ കോ: ഓപ്. സൊസൈറ്റി A (9)	,,
43.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	,,



2

ചരിത്രസ്മൃതി

ഇത് ചേപ്പാട് - ''ചെപ്പുകാട്'' എന്നു പൂർവ്വ നാമം. ''ഹര്യക്ഷമാസ സമരോത്സവം'' എന്ന പടപ്പാട്ട് എഴുതിയ ചെപ്പുകാട് നീലകണ്ഠൻ ഈ ഗ്രാമത്തിന്റെ സന്തതിയായിരുന്നുവെന്ന് അനുമാനിക്കുന്നു. ഉള്ളൂരിന്റെ ''കേരളസാഹിത്യ ചരിത്രം ഈ ധാരണയ്ക്ക് പിൻബലമേകുന്നു.

മതമൈത്രിയുടെ മഹനീയമാതൃകയും പ്രതിഭാപ്രസാദത്താൽ അനുഗൃഹീതവുമായ ഈ മണ്ണ് കേരളചരിത്രത്തിന് മാത്രമല്ല ഭാരതേതിഹാസത്തിനു പോലും സമശീർഷമായി നില്ക്കുന്നു. സാമൂഹ്യമാറ്റത്തിന് വഴിയൊരുക്കിയ അപൂർവ്വ സംഭവങ്ങൾക്കും ഈ ഗ്രാമം സാക്ഷിയാണ്. കായംകുളം താപവൈദ്യുത നിലയത്തിന്റെ പൂർണ്ണതയോടെ അതിദ്രുതം നഗരമുഖം നേടുന്ന ചേപ്പാട് ഒരു ചിരന്തന സംസ്ക്കാരത്തിന്റെ അടിത്തറയിലാണ് നിറഞ്ഞു നിൽക്കുന്നത്.

ഹൈന്ദവ ഭൂരിപക്ഷമുള്ള ഈ മണ്ണിൽ പുതിയ വിശ്വാസ പ്രമാണങ്ങളുമായെത്തിയ ക്രൈസ്തവ മുസ്ലീം ജനതയെ മടികൂടാതെയും മതിയാവാതെയും നെഞ്ചിലേറ്റി ലാളിച്ചതിന് എത്രയെത്ര അനുഭവങ്ങൾ സാക്ഷ്യം.

വിദൂരഭൂതകാലത്ത് ''കൊറികുളങ്ങര'' എന്ന് വിളിക്കപ്പെട്ട ചേപ്പാട്ട് തലയുയർത്തി നില്ക്കുന്ന ക്രിസ്ത്യൻ ദേവാലയങ്ങൾ അത് വിളിച്ചോതും. യാക്കോബ, കാത്തോലിക്ക, മാർത്തോമ്മ, പാത്രിയാർക്കീസ്, സി.എസ്സ്.ഐ. പെന്തക്കോസ്ത്, ക്രൈസ്തവ ഉപവിഭാഗങ്ങൾ എല്ലാം ശക്തി പൂർവ്വം വേരോടിച്ചതും ഈ മതനിരപേക്ഷ - മൈത്രീഭാവം കൊണ്ടു തന്നെയാണ്. യാക്കോബ, മാർത്തോമ്മ സഭകളുടെ ദേവാലയങ്ങൾ കേരള ചരിത്രത്തിനു പോലും ചരിത്രസാമഗ്രികൾ സംഭാവന ചെയ്തവയാണ്. ഇതിൽ യാക്കോബ പള്ളിയുടെ സ്ഥാപനവും തുടർസംഭവങ്ങളും കേരള ചരിത്രത്തിൽ തന്നെ പ്രശസ്തം.

''ഡച്ചുകാരുടെ കാലത്ത് കാർത്തികപ്പള്ളി അവരുടെ ഒരു വാണിജ്യകേന്ദ്രമായിരുന്നു. പ്രാന്തപ്രദേശങ്ങളിലെ സുഗന്ധദ്രവ്യങ്ങൾ കാർത്തികപ്പള്ളിയിലെ ''പണ്ടാരതുരുത്ത്'' എന്ന തുറമുഖം വഴിയായിരുന്നു മറുനാടുകളിലേക്ക് കയറ്റിയയച്ചിരുന്നത്. അന്ന് കാർത്തികപ്പള്ളി ''വെട്ടിമന'' നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. വെട്ടിമനയുടെ അതിർത്തിക്കുള്ളിലായിരുന്നു ഹരിപ്പാട്.

എ.ഡി. 7-ാം നൂറ്റാണ്ടിൽ വിദേശീയരുടെ സഹായത്തോടെ ക്രിസ്ത്യാനികൾ ഹരിപ്പാട്ട് ഒരു പള്ളി പണികഴിപ്പിച്ചു. ഇത് വെട്ടിമന ദേശത്തെ ഏക ക്രിസ്തീയ ദേവാലയമായിരുന്നു. പിൽക്കാലത്ത് ആരാധനാ സൗകര്യാർത്ഥം ഈ പള്ളി പൊളിച്ച് ഒരു ഭാഗം കാർത്തികപ്പള്ളിയിലും ഒരു ഭാഗം ചേപ്പാട്ടും സ്ഥാപിച്ചു.

ഏകദേശം 700 വർഷത്തെ പഴക്കമുള്ള ചുമർച്ചിത്രങ്ങൾ ഇന്നും ചേപ്പാട് പള്ളിയിലെ ''മദ്ബഹ''യ്ക്കുള്ളിൽ കാണാം. അതുകൊണ്ടുതന്നെ ഇതിനും രണ്ടു മൂന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് പള്ളി സ്ഥാപിതമായി എന്നു വേണം കരുതാൻ. ദേശീയപാത 47 ന്റെ കിഴക്കു ഭാഗത്ത് തലയുയർത്തി നില്ക്കുന്ന ഈ പുരാതന ദേവാലയം കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ ദേവാലയത്തിനുള്ള സ്ഥാനവും അതുവഴി ചേപ്പാടിനുള്ള ഖ്യാതിയും നേടിയെടുക്കാൻ ഇടയാക്കി. ശ്രീധര മേനോന്റെ കേരള ചരിത്രത്തിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. എത്യോപ്യൻ ചക്രവർത്തി ''ഹെയ്ലി സെലാസ്സി'' ഒന്നാമൻ ഈ ദേവാലയം സന്ദർശിച്ചു എന്നതും ലോകചരിത്രത്തിന്റെ താളുകളിൽ ചേപ്പാടിന്റെ സ്ഥാനം ഉറപ്പിച്ചു. മാർ

ത്തോമ്മാ പള്ളിയ്ക്കും ഒരു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്.

ചേപ്പാട് പഞ്ചായത്ത് അതിർത്തിയിലുള്ള ഏവൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം കേരളത്തിലെ കേളികേട്ട മഹാക്ഷേത്രങ്ങളിൽ ഒന്നാണ്. ക്ഷേത്രോൽപ്പത്തിയെപ്പറ്റിയും നിർമ്മിതിയെപ്പറ്റിയും പ്രചാരമാർന്ന കഥകൾ ഐതിഹ്യസംബന്ധിയാണ്. മഹാഭാരത കഥയിലെ ഖാണ്ഡവദാഹവുമായ ഇതിന് സ്പർശമുണ്ട്. അർജ്ജുനൻ ഗാണ്ഡീവത്തിൽ ശരം തൊടുത്ത് ''എയ്ത ഊർ'' ഏവൂരായെന്നും വനം ആദ്യം ''കത്തിയ ഊർ'' പത്തിയൂരായെന്നും, മരങ്ങൾ കരിഞ്ഞറ്റുവീണിടം ''കരുവാറ്റ''യെന്നും കരിമരം ഒഴുകിയ പുഴ കരിപ്പുഴയും, മണ്ണ് ആദ്യം ആറിത്തണുത്തിടം-മണ്ണാറിയശാല-മണ്ണാറശ്ശാല-എന്നും പേർകൊണ്ടതായി പറയുന്നു. തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ ക്ഷേത്രം പുതുക്കിപണിതതായി ചരിത്ര ഏടുകളിൽ തെളിയുന്നു. ഈ ക്ഷേത്രത്തിന്റെ വടക്കുവശത്തുള്ള ഊട്ടുപുര ആലുംമൂട്ടിൽ ശേഖരൻ ചാന്താർ പണിത് നൽകിയതാണ്. ഈഴവരാദി അയിത്തജാതിക്കാർക്ക് ക്ഷേത്ര പ്രവേശനം നിഷേധിച്ചിരുന്ന കാലത്താണ് ഇത് നിർമ്മിച്ചതെന്ന് ഓർക്കുക. ഇതിന്റെ നിർമ്മാണമേൽനോട്ടം നടത്താൻ, ക്ഷേത്രത്തിൽ കയറാൻ കഴിയാത്തതിനാൽ സമീപമുള്ള മീനത്തേൽ പുരയിടം കൂടി വിലയ്ക്കു വാങ്ങേണ്ടിവന്നു. തിരുവിതാംകൂർ മഹാരാജാവ് പോലും മോട്ടോർകാർ വാങ്ങും മുമ്പ് അത് സ്വന്തമാക്കിയ ആദ്യത്തെ ധനാഢ്യരും ആലുംമൂട്ടിൽ കുടുംബക്കാർ തന്നെ. ലോകത്തെ കാലിക ശാസ്ത്രസാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവും, അത് അടുത്തറിയുവാനുള്ള പുരോഗമനാത്മക പ്രവണതയുമാണ് ഇതിന്റെ പിന്നിലെന്ന് വേണം ഊഹിക്കാൻ. സമ്പത്ത്കൊണ്ട് കേരളത്തിലെമ്പാടും അറിയപ്പെട്ടിരുന്ന ഈ കുടുംബക്കാർ നിരവധി പുരോഗമന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. മുട്ടം എൽ.പി. സ്ക്കൂളിന്റെ സ്ഥാപനം ഇതിന് ഉദാഹരണം. നാനാജാതി മതസ്ഥർക്കും അക്ഷരലോകത്തിന്റെ കവാടം തുറന്നുകൊടുത്ത ചേപ്പാട് പഞ്ചായത്തിലെ ആദ്യസ്ഥാപനമാണിത്.

പണ്ട് കായംകുളം രാജാവിന്റെ കണക്കപ്പിള്ളയായിരുന്നു മണ്ണൂർ ചേരാമല്ലി മീരാപിള്ള. ഇതിന്റെ പ്രതിഫലമെന്നോണം കരമൊഴിവായി വസ്തുക്കൾ നൽകുകയും രാജകല്പനപ്രകാരം ഏവൂർക്ഷേത്രത്തിൽ നിന്നും പടച്ചോറു നൽകുകയും ചെയ്തുവന്നു. ഹിന്ദു മുസ്ലീം മൈത്രിയുടെ ഗാഢത ഇതിൽ നിന്നു വ്യക്തം. കർക്കിടസംക്രമനാളിൽ ഏവൂരിൽ നടക്കുന്ന വള്ളംകളിയും വളരെ പ്രശസ്തമാണ്.

കാഞ്ഞൂർ ക്ഷേത്രവും, പ്രാന്തപ്രദേശങ്ങളും ഇത് പോലെ തന്നെ പഴയ സംസ്കൃതിയുടെ ഉറവിടമാണ്. കാഞ്ഞൂർ വലിയതാന്മാരും കുടുംബവും പഴയ നാടുവാഴി സമ്പ്രദായത്തിലെ കണ്ണികളാണ്. കാഞ്ഞൂർ ക്ഷേത പരിസരത്ത് ഇന്നും നിലകൊള്ളുന്ന നിബിഡമായ വനപ്രദേശം ജനങ്ങളുടെ പരിസ്ഥിതി പ്രേമത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ശാന്തസ്വച്ഛന്ദമായ ഈ കാട് പണ്ട് ''കായംകുളം കൊച്ചുണ്ണി'' ഒളിതാവളമാക്കിയിരുന്നുവെന്നും പറയപ്പെടുന്നു.

മുട്ടം കോട്ടക്കോയിക്കൽ ഏതോ നാടുവാഴിയുടെ ആസ്ഥാനമായിരുന്നുവെന്നു പറയപ്പെടുന്നു. കോയിക്കലും, കൊച്ചുകോയിക്കലും, പുറത്തൂട്ടയ്യവും, താഴമനയും, ചേങ്കിലാത്തും. അമ്പുവിളയും എല്ലാം ഈ പ്രഭുകുടുംബത്തിന്റെ ഭരണകാലത്തെ അനുസ്മരിപ്പിക്കുന്നതാണ്. ഈ പ്രഭുവാഴ്ചയെ കുറിക്കുന്ന കഥകൾക്ക് സാധുത നൽകുന്ന ഒട്ടേറെ ഉദാഹരണങ്ങൾ ഇനിയും ഉണ്ട്. പുരാതന കലാരൂപമായ തീയ്യാട്ടിന് പ്രസിദ്ധികേട്ടവരായിരുന്നു പനവേലിൽ മഠത്തിലെ തീയാട്ട് ഉണ്ണികൾ. ഐതിഹ്യമാലയുടെ കർത്താവായ കൊട്ടാരത്തിൽ ശങ്കുണ്ണിക്ക് ഈ കുടുംബവുമായി അഭേദ്യമായബന്ധമാണുള്ളത്. അദ്ദേഹത്തിന്റെ വളർത്തു സന്താനം ഈ മഠത്തിൽ നിന്നും ദത്തെടുക്കപ്പെട്ടതാണ്.

അയിത്തോച്ചാടനരംഗത്ത് അവിസ്മരണീയ മുഹൂർത്തങ്ങൾ സൃഷ്ടിച്ച സ്വാതന്ത്ര്യസമരസേനാനിയും ധീരദേശാഭിമാനിയുമായിരുന്ന ടി.കെ. മാധവൻ ഈ ഗ്രാമവുമായി നാഭീനാളി ബന്ധമുള്ള മഹാത്മാവാണ്. മുട്ടം എൽ.പി.എസ്.ന്റെ സന്തതിയാണ് ഈ സ്മര്യപുരുഷൻ.

സംസ്കൃത സാഹിത്യത്തിൽ അപാരമായ അവഗാഹം നേടി മലയാളക്കരയാകെ അറിയപ്പെട്ടിരുന്ന മുട്ടത്ത് രാമൻ, കെ.എം. കോമത്ത്, നല്ല ഭിഷഗ്വരനും, സാഹിത്യകാരനുമായിരുന്ന ശ്രീ മുട്ടത്ത് കുമാരൻ, ഏവൂർ പി.കെ. എന്ന പേരിൽ അറിയപ്പെട്ടിരുന്ന കവി വേളങ്ങാട്ടു വടക്കതിൽ പി. കേശവൻ നായർ, ഉള്ളൂരിന്റെ ഗുരുനാഥൻ കൂടിയായിരുന്നു ഏവൂർ എൻ. വേലുപ്പിള്ള വൈദ്യൻ എന്ന സാഹിത്യകാരൻ, അഷ്ടപദി വിദഗ്ദ്ധൻ ഏവൂർ സി. ശങ്കരാമയ്യർ, ഏവൂർ സി.കെ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന പ്രശസ്ത ആഖ്യായികാകാരൻ. ശ്രീ സി.കെ. മാധവൻ നായർ, പാഠക വിദ്വാനായിരുന്ന ചേപ്പാട് കൃഷ്ണക്കുറുപ്പ്, കുറിച്ചിലേത്ത് കേശവപിള്ള, ഹാസ്യ നടന്മാരായിരുന്ന എസ്.പി. പിള്ള, വടുതല കേശവപിള്ള, എസ്.എസ്. നമ്പൂതിരി, അനാർക്കലി എന്ന പേരിൽ ഖ്യാതിനേടിയ വാസുദേവൻ കയ്യാലയ്ക്കൽ, പ്രശസ്ത പുല്ലാങ്കുഴൽ വിദഗ്ദ്ധനായിരുന്ന മഠത്തിൽ വടക്കതിൽ ശ്രീ മാധവപണിക്കർ എന്നിവരെല്ലാം ഈ

നാടിന് അഭിമാന വിജ്രംഭിതമായ ഹൃദയത്തോടെ അനുസ്മരിക്കാൻ കഴിയുന്ന പ്രതിഭകളാണ്.

ചികിത്സാരംഗത്ത് മികവുകാട്ടിയ ഒട്ടേറെ വിദഗ്ദ്ധരും ഗ്രാമത്തിന്റെ ചരിത്രത്താളുകളിൽ സ്ഥാനം നേടിയിരുന്നു. ആയുർവ്വേദ ചികിത്സാരംഗത്ത് പ്രശസ്തരായിരുന്ന ചാങ്ങാട്ടു വൈദ്യൻ, പുന്നൂരേത്ത് ഗോവിന്ദൻ വൈദ്യൻ, കണ്ണോലിൽ കൊച്ചു വൈദ്യൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ജി. പരമേശ്വരൻ നായർ, ബാലചികിത്സാരംഗത്ത് പേരെടുത്ത വേലൻ പറമ്പിൽ കൊച്ചിക്കാപണിക്കൻ, കുഷ്ഠരോഗചികിത്സാരംഗത്ത് ശ്രദ്ധേയനായ അരിപ്പാട്ടുശ്ശേരി നീലകണ്ഠൻ വൈദ്യൻ, നേത്ര ചികിത്സാരംഗത്ത് നമ്പലത്ത് ഉണ്ണിവൈദ്യൻ, വിഷചികിത്സാ വിദഗദ്ധനായ എക്കിത്തറ നാരായണൻ വൈദ്യൻ എന്നിവർ അനന്യസാധാരണമായ സംഭാവന നൽകിയ നിഷ്ണാതരാണ്.

ഹോമിയോ ചികിത്സയിൽ മൂട്ടത്ത് കുമാരൻ, കയ്യാലയ്ക്കൽ കേശവൻ ചാന്ദാർ ചേപ്പാട് ഡോ. കുട്ടൻ എന്നിവരായിരുന്നു പഴയ പ്രഗത്ഭർ. അലോപ്പതി രംഗത്ത് ഡോ. ഈനോസും ഖ്യാതി നേടി.

ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത കുഴിവേലിൽ പത്മനാഭപിള്ള, കൊല്ലേരിൽകുമാരനാശാൻ സി.കെ. വിശ്വനാഥൻ ചാന്ദാർ, ബാലൻ ചാന്ദാർ, വി.എസ്സ്. ഗോപലൻ, ശ്രീ കല്ലൂരേത്ത് ശ്രീധരൻ പിള്ള ശ്രീ കെ.എസ്. രാഘവൻ പിള്ള എന്നിവർ പോരാട്ട ചരിത്രത്തിലെ അവിസ്മരണീയരാണ്. സ്വാതന്ത്ര്യസമരസേനാനിയും, മുൻ കെ.പി.സി.സി. പ്രസിഡണ്ടും പ്രമുഖ പത്രപ്രവർത്തകനും, സാഹിത്യകാരനുമായ ശ്രീ എ.പി. ഉദയഭാനുവും ഈ നാടിന്റെ അഭിമാനമാണ്.

തിരു-കൊച്ചി സംസ്ഥാനത്ത് പണ്ടു നിലനിന്നിരുന്ന ജന്മിത്വത്തിനും, അടിമത്തത്വത്തിനും എതിരെ ചേപ്പാട്ട് നടന്ന ആലപ്പുറത്തു സമരവും ചരിത്രഭാഗമായിത്തീർന്നു. സാമൂഹ്യമാറ്റത്തിനും, ജന്മി - കുടിയാൻ ബന്ധത്തിനും പൊളിച്ചെഴുത്ത് നടത്താൻ പ്രേരകമായ ഈ സമരം ഇന്ത്യൻ പാർലമെന്റ് രേഖകളിൽ പോലും സ്ഥാനം പിടിച്ചിട്ടുണ്ട്.

1955 ആഗസ്റ്റ് മാസത്തിലാണ് ''ആലപ്പുറത്ത് സമരം'' എന്ന പേരിൽ അറിയപ്പെടുന്ന അവകാശപോരാട്ടം ആരംഭിച്ചത്. അടിമകളെപ്പോലെ പകലന്തിയോളം പാടശേഖരങ്ങളിൽ പണിയെടുത്ത കർഷകത്തൊഴിലാളികൾ കൂലി കൂടുതൽ നേടിയെടുക്കാൻ വേണ്ടിയായിരുന്നു ഈ പ്രക്ഷോഭം. ചേപ്പാട്ടും പരിസരപ്രദേശങ്ങളിലുമുള്ള തൊഴിലാളികളിലും സാധാരണ ജനവിഭാഗങ്ങളിലും അവകാശബോധം ഉണ്ടാക്കിയെടുക്കാൻ ഈ സമരം വഴിയൊരുക്കിയെന്നത് അനിഷേധ്യമായ വസ്തുതയാണ്.

ജന്മിത്വം അവസാനിപ്പിക്കുവാനും കൃഷിഭൂമി കർഷകന് സ്വന്തമാക്കുവാനുമുള്ള പോരാട്ടത്തിന് ശക്തി പകർന്ന ''1967-ലെ ഭൂപരിഷ്ക്കരണ നിയമം'' ചേപ്പാടിന്റെ ചരിത്രത്തിലും പ്രതിഫലനം സൃഷ്ടിച്ചു. 20 ഏക്കറിനു മുകളിൽ കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്ന തെരുവിൽ പറമ്പിൽ ശ്രീനീവാസനും പൂന്നൂർ കുമാരൻ ചാന്ദാരും മിച്ചഭൂമി വിട്ടുകൊടുക്കാൻ പ്രേരിതരായി. പിൽക്കാലത്ത് ഈ ഭൂമി ഭൂരഹിതരായ പാവപ്പെട്ടവർക്ക് പതിച്ചു നൽകി. ഒരു തുണ്ടു ഭൂമിപോലും സ്വന്തമായില്ലായിരുന്ന ഒട്ടനവധി പേർ കുടികിടപ്പ് നിയമം മൂലവും ഭൂവുടമകളായി.

ജനാധിപത്യ സ്വഭാവത്തോടുകൂടിയ പഞ്ചായത്തുകൾ നിലവിൽ വരും മുമ്പ് (തിരു-കൊച്ചി സംയോജനത്തിനു മുമ്പ്) വില്ലേജ് യൂണിയൻ എന്ന പേരിലായിരുന്നു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അറിയപ്പെട്ടിരുന്നത്. ഇതിന്റെ പ്രവർത്തനപരിധിയിലെ ജനങ്ങൾ പൊതുയോഗം കൂടിയായിരുന്നു ഭരണ സമിതിയെ തെരഞ്ഞെടുത്തിരുന്നത്. ഇതിൽ ഒരാൾ സംസ്ഥാന സർക്കാരിന്റെ നോമിനേറ്റഡ് അംഗമായിരുന്നു.

വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രസിഡന്റ് ഈരിക്കൽ ശിവശങ്കരപ്പിള്ള ആയിരുന്നു. വൈസ് പ്രസിഡന്റ് വലിയകൊട്ടുക്കൽ കൊച്ചുകുഞ്ഞുചാന്ദാരും. സി.കെ. വിശ്വൻ ചാന്ദാർ, പയറ്റ്നിയിൽ വേലായുധൻ നായർ, പുളിമൂട്ടിൽ ഫലിപ്പോസ് എന്നിവർ ഭരണ സമിതി അംഗങ്ങളായിരുന്നു. പിന്നീട് വില്ലേജ് രണ്ടായി വിഭജിച്ച് ചേപ്പാട്, വലിയ കുഴി വില്ലേജുകളാക്കി മാറ്റി. ചേപ്പാട് യൂണിയന്റെ പ്രസിഡന്റായി ശിവ ശങ്കരപ്പിള്ള തുടർന്നു. ഇതിന്റെ ആ സ്ഥാനം ചേപ്പാട് ജംഗ്ഷനിലുള്ള പുളിമൂട്ടിൽ പഴയ രണ്ടുനിലക്കെട്ടിടമായിരുന്നു.

വലിയകുഴി യൂണിയന്റെ പ്രസിഡന്റായി ബാലൻ ചാന്ദാരെ തെരഞ്ഞെടുത്തു. പുരയ്ക്കൽ വർഗ്ഗീസായിരുന്നു വൈസ് പ്രസിഡന്റ്. കെ.എം. നാരായണൻ നായർ, ആലപ്പാട്ടു ശങ്കരൻ നമ്പൂതിരി, മൂടേത്ത് വാസുദേവപ്പണിക്കർ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു. ഇതിന്റെ ആസ്ഥാനം നടപുരയിൽ കെട്ടിടമായിരുന്നു. വലിയകുഴി യൂണിയന്റെ ആദിക്ലാർക്ക് മുട്ടം പുത്തമ്പറമ്പിൽ ബാലകൃഷ്ണപിള്ള ആയിരുന്നു. ചേപ്പാട് യൂണിയന്റെ ക്ലാർക്ക് ശ്രീമതി. ബ്ലാഹേൽ കാർത്യായനിയും. വില്ലേജുയൂണിയന്റെ പ്രവർത്തനത്തിന്

ഗവൺമെൻറ് നല്കിവന്ന നാമമാത്രമായ ഗ്രാൻറ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1950-കളിൽ നങ്ങ്യാർകുളങ്ങര വില്ലേജ് കൂടി ചേർന്ന് നങ്ങ്യാർകുളങ്ങര പഞ്ചായത്ത് രൂപീകരിച്ചു. ഇതിൻെറ പ്രസിഡൻറ് മുട്ടത്ത് കുമാരൻ ആയിരുന്നു. വൈസ് പ്രസിഡൻറ് സി.കെ. വിശ്വൻ ചാന്ദാരും. കിഴക്കടുത്ത് മാധവൻ ചാന്ദാർ, വെട്ടുതറ സുകുമാരൻ ചാന്ദാർ, ചാണിപ്പാട്ട് മൈലൻ (പട്ടികജാതി സംവരണം) ശ്രീ കല്ലൂരേത്ത് ശ്രീധരൻ പിള്ള, കൊട്ടാലിൽ മാധവൻ ഉണ്ണിത്താൻ, സി.ടി.എസ്. രാമൻ നായർ, കെ.എം. ഗോവിന്ദൻ നായർ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു.


തുടർന്ന് വില്ലേജ് സംയോജനത്തോടെ നങ്ങ്യാർകുളങ്ങര വില്ലേജ്, പള്ളിപ്പാട് വില്ലേജിനോട് ചേർന്നു. ചേപ്പാട് വില്ലേജിൻെറ അടിസ്ഥാനത്തിൽ 1964-ൽ ചേപ്പാട് പഞ്ചായത്ത് നിലവിൽ വന്നു. ജനാധിപത്യസ്വഭാവം ഏറെ നേടിക്കൊണ്ട് നിലവിൽ വന്ന ഈ ഭരണസമിതിയുടെ ആദ്യ പ്രസിഡൻറ് വള്ളിക്കാട്ടുശ്ശേരിൽ ചന്ദ്രശേഖരപിള്ള ആയിരുന്നു. പിന്നീട് അദ്ദേഹം രാജിവെച്ചു. തുടർന്നു ശ്രീ. ഇ.എസ്. മാത്യു പ്രസിഡൻറായി. ആനന്ദാശ്രമം ജനാർദ്ദനൻകുട്ടി വൈസ് പ്രസിഡൻറും. ഈ ഭരണസമിതിയിലാണ് വനിതകൾക്ക് പ്രതിനിധ്യം കിട്ടിയത്. ആലുംമൂട്ടിൽ എ.പി. ചെല്ലമ്മ ചാന്ദാട്ടിയെ ഭരണ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു.

ഈ ഭരണസമിതിക്കുശേഷം ശ്രീ ആർ. സുകുമാരപിള്ള പ്രസിഡൻറായും, പി.സി. പൊന്നപ്പൻ വൈസ് പ്രസിഡൻറായും പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. 1987 - ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ.വി.കെ. സഹദേവൻ പ്രസിഡൻറായി. വൈസ് പ്രസിഡൻറ് ശ്രീ. എം.ഡി. ദാമു ആയിരുന്നു.

1995 സെപ്തംബർ 27ന് ത്രിതല സംവിധാനത്തിലുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. ഒക്ടോബർ രണ്ടിന് അധികാരമേറ്റ ഭരണസമിതിയുടെ പ്രസിഡൻറായി ശ്രീ. എൻ. കരുണാകരനെയും വൈസ് പ്രസിഡൻറായി ശ്രീ. പി.എൽ. തുളസിയേയും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണായി ശ്രീമതി: മണിലേഖയേയും തെരഞ്ഞെടുത്തു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സാക്ഷാൽക്കരിക്കുവാനും, സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള ജനകീയ ആസൂത്രണ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനും പ്രതിജ്ഞാബദ്ധമായി ഈ സമിതി ഇപ്പോഴും തുടരുന്നു....





3

മണ്ണും മനുഷ്യനും

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ മുതുകുളം ബ്ലോക്കിൽ പെടുന്നതാണ് ചേപ്പാട് ഗ്രാമപഞ്ചായത്ത്. 9 വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കേരളത്തിലെ തീരദേശത്തിൽ പ്പെടുന്ന ഈ പഞ്ചായത്ത് ഓണാട്ടുകര കാർഷിക കാലാവസ്ഥാ മേഖലയിൽ പെടുന്നു. ചേപ്പാടു ഗ്രാമപഞ്ചായത്തിന്റെ തെക്ക് പത്തിയൂർ മുതുകുളം പഞ്ചായത്തുകളും വടക്ക് പള്ളിപ്പാടു പഞ്ചായത്തും കിഴക്ക് ചെട്ടിക്കുളങ്ങര പഞ്ചായത്തും പടിഞ്ഞാറ് ചിങ്ങോലി പഞ്ചായത്തും അതിരിടുന്നു.

പഞ്ചായത്തിന്റെ 90% പ്രദേശത്തും മണൽ കലർന്ന എക്കൽ മണ്ണും (Sandy loam) ബാക്കി കിഴക്കു ഭാഗത്ത് ചെളിമണ്ണും കണ്ടുവരുന്നു. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ള പുഞ്ചയിലൂടെ വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം എക്കൽ മണ്ണ് എത്തുന്നതിന് സഹായിക്കുന്നു. പൊതുവെ ഫലഭൂയിഷ്ഠമായ മണ്ണാണ് നമ്മുടെ ഗ്രാമത്തിലേത്. ജൈവവളങ്ങളുടെ അപര്യാപ്തത നമ്മുടെ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുവാൻ ഇടയായിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 12.67 സ്കെ.കി.മീ. ആണ്. 1267 ഹെക്ടർ കൃഷിഭൂമിയാണ്. 663 ഹെക്ടർ നിലവും 529 ഹെക്ടർ പുരയിടവും ആണ്. വിളക്രമത്തിന്റെ വിശദാംശങ്ങൾ കൃഷിയെന്ന അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

കാലാവസ്ഥ

നമ്മുടെ ജില്ലയിലെ ഇതര പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായ കാലാവസ്ഥയല്ല ചേപ്പാട് പഞ്ചായത്തിനുള്ളത്. തെക്കു പടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. ഇടവപ്പാതിയും, തുലാവർഷവും വഴി നമുക്ക് ലഭിക്കുന്ന മഴ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പക്ഷേ ഈ ജലത്തെ മണ്ണിൽ സംഭരിച്ചു നിർത്തുവാൻ ഇന്നു കഴിയുന്നില്ല. ഇതു കാരണം വരൾച്ചയെ നേരിടേണ്ടി വരുന്നു.

ജൈവസമ്പത്ത്

വളർത്തു മൃഗങ്ങളേയും വളർത്തു പക്ഷികളേയും വളരെ സ്നേഹത്തോടെ പരിപാലിച്ചു പോന്നി

ഭൂമിസംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിന് മേൽ
ചേപ്പാട്	529	663	74	Nil	1267	5397	3612	2715	118	36	25	12
	95.15	37.92	52.77		80.44							

അവലംബം വില്ലേജ് ആഫീസ് രേഖ

രുന്ന ജനങ്ങളാണ് ചേപ്പാട് നിവാസികൾ. മിക്ക തരം വളർത്തു മൃഗങ്ങളും പക്ഷികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവിടെ ഒരു കാലത്ത് ഗണ്യമായി ഉണ്ടായിരുന്ന പരുന്ത്, മൈന, തത്ത, കൊക്ക്, മരംകൊത്തി, കുളക്കോഴി, പൊന്മാൻ, കുരുവി, മൂങ്ങ, ഉപ്പൻ, കുയിൽ, ഓലാഞ്ഞാലി, അടക്കാക്കുരുവി, കാക്കത്തമ്പുരാട്ടി, തുടങ്ങിയ പക്ഷികൾ എണ്ണത്തിൽ ഇന്ന് ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. കാക്ക മാത്രമാണ് ഇതിനൊരപവാദം.


തുമ്പ, ശതാവേലി, കരിനൊച്ചി, ചതുരമുല്ല, കിഴാനെല്ലി, കുണുക്കിട്ടാട്ടി, കച്ചോലം, അമൃത്, ഇഞ്ചി, ആടലോടകം, കുറുന്തോട്ടി, കരിഞ്ഞൊട്ട, മുത്തങ്ങ തുടങ്ങിയ ഔഷധ സസ്യങ്ങളും പ്ലാവ്, മാവ്, പുളി, തുടങ്ങിയ ഫലവൃക്ഷങ്ങളും നമ്മുടെ ഗ്രാമത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. കശുമാവ് കൃഷിയിൽ നമ്മുടെ കർഷകർ കാട്ടുന്ന താല്പര്യം ആശാവഹമാണ്.

ജനപ്രകൃതി

1991ലെ സെൻസസ്പ്രകാരം ചേപ്പാട് പഞ്ചായത്തിലെ ജനസംഖ്യ 18870 ആണ്. ഇതിൽ 8914 പുരുഷന്മാരും 9956 സ്ത്രീകളും ഉൾപ്പെടുന്നു. നമ്മുടെ പഞ്ചായത്തിലെ ജന സാന്ദ്രത ച:കിലോമീറ്ററിന് 1489 ആണ്. ഇത് ജില്ലയേക്കാളും (1415) സംസ്ഥാനത്തേക്കാളും (749) കൂടുതലാണ്. ഇവിടെ 2684 പട്ടികജാതിക്കാർ (1382 സ്ത്രീകൾ, 1302 പുരുഷന്മാർ) ജീവിക്കുന്നുണ്ട്. പഞ്ചായത്തിൽ 7372 പുരുഷന്മാരും 8337 സ്ത്രീകളും ഉൾപ്പെടെ 15709 പേർ സാക്ഷരരാണ്.

ജനപ്രകൃതി

വാർഡ് നമ്പർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ പുരുഷൻ	ജനസംഖ്യ സ്ത്രീ	ജനസംഖ്യ ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	SC/ST ആകെ	സാക്ഷരർ പുരുഷൻ	സാക്ഷരർ സ്ത്രീ	ആകെ
1	548	1280	1326	2606	153	154	307	1135	1116	2251
2	482	997	1145	2142	133	156	289	845	969	1814
3	386	779	939	1718	143	155	298	688	833	1521
4	496	1147	1264	2411	189	170	359	970	1097	2067
5	380	889	963	1852	235	232	467	754	822	1576
6	459	1116	1175	2291	121	138	259	252	989	1941
7	451	1012	1133	2145	186	208	394	560	910	1470
8	422	916	1062	1978	121	139	260	793	854	1647
9	362	778	949	1727	21	30	51	675	747	1422
	3995	8914	9956	18870	1322	1382	2684	7372	8337	15709



4

കൃഷിയും ജലസേചനവും

ചേപ്പാട് തികച്ചും ഒരു കാർഷികഗ്രാമമാണ്. സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് ഭൂമിയുടെ നല്ല പങ്കും ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശമായിരുന്നു. പടിഞ്ഞാറ് വെട്ടിക്കുളങ്ങര മുതൽ കിഴക്ക് കരിപ്പുഴ വരേയും, വടക്ക് നങ്ങ്യാർകുളങ്ങര - മാവേലിക്കര റോഡുവരേയും, മുട്ടത്ത് പാനേത്ത് ക്ഷേത്രം മുതൽ കിഴക്ക് ആയിരപ്പള്ളിതോടിന് തെക്കു ഭാഗവും, തെക്ക് ഏവൂർ ക്ഷേത്രം വരെയുമുള്ള വിസ്തൃതമായ ഭൂപ്രദേശമാണിത്. 1267 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശം സമതലമാണ്. തെങ്ങ്, നെല്ല്, വാഴ, കമുക്, കുരുമുളക്, മരച്ചീനി, പയറുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയാണ് മുഖ്യ കൃഷികൾ. ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളുമാണ്.

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. ആലുമൂട്ടിൽ, തെരുവിൽ പറമ്പിൽ, പുന്നൂർ,ഭട്ടതിരി മഠം, ആലപ്പുറത്ത് മഠം, അരിയന്നൂർ മഠം, ഏവരത്തുകിഴക്കതിൽ, വലിയകൊട്ടുക്കൽ, പുളിമൂട്ടിൽ, കൊട്ടയ്ക്കാട്, അമ്പലപ്പാട്ട്, തുടങ്ങിയ കുടുംബക്കാരായിരുന്നു ഇവരിൽ പ്രധാനികൾ. പ്രകൃതിയെ ആശ്രയിച്ചായിരുന്നു എല്ലാ കൃഷിയും. മഴക്കാലം, വേനൽക്കാലം, മഞ്ഞുകാലം ഇവയാണ് മുഖ്യ അനുഭവവേദ്യമായ കാലാവസ്ഥകൾ. ജലനിർഗ്ഗമനത്തിന് വലിയ തോടുകൾ ഒന്നും തന്നെയില്ല. പാടശേഖരങ്ങളിലെ ജലം ചെറിയ തോടുകൾ വഴി ഒഴുകി പടിഞ്ഞാറ് കായംകുളം കായലിലേക്കും. കിഴക്ക് ഏവൂർ പുഞ്ചയിലേക്കും വടക്ക് മുട്ടത്ത് പുഞ്ചയിലേക്കും ചെന്നു ചേരുന്നു.

ഇപ്പോൾ ഭൂരിഭാഗം ഭൂ ഉടമസ്ഥരും 50 സെൻറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1.	നാമമാത്രമായ കർഷകർ (1 ഹെക്ടറിൽ താഴെ)	2774
2.	ചെറുകിട കർഷകർ (1-2 ഹെക്ടർ)	1122
3.	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)	59
		ആകെ 3971 ഹെക്ടർ

ആദ്യകാലത്ത് കർഷകർ ശ്രദ്ധയും പരിചരണവും നൽകിയത് നെൽകൃഷിക്കായിരുന്നു. അക്കാലത്തെ പ്രധാന നെല്ലിനങ്ങൾ ചമ്പാവ്, കൊച്ചുവിത്ത്, മുണ്ടകൻ, ഞവര തുടങ്ങിയവയായിരുന്നു. ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. 200 ഹെക്കടറോളം വിരിപ്പു നിലങ്ങളിൽ 2 കൃഷിയും 180 ഹെക്ടർ കരിപ്പുഴ - പത്തിയൂർ ഉള്ളിട്ട പുഞ്ചയിൽ ഒരു വിളയും കൃഷി ചെയ്തിരുന്നു.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവച്ചു സംരക്ഷിച്ചിരുന്നു. പുഞ്ചകളിൽ കൃഷിസ്ഥലങ്ങളിലേക്ക് ജലം കയറ്റുന്നതിനുവേണ്ടി ഓല, മുളംകുറ്റി എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണ നിർമ്മിച്ചിരുന്നു. ആ കാലഘട്ടത്തിൽ പുഞ്ചയിൽ പുഞ്ചക്കുളപ്പാല ഇരിപ്പൂ വായി കൃഷി ചെയ്തിരുന്നു. ജലസേചനത്തിനായി പാടശേഖരങ്ങളിൽ ചക്രം ചവുട്ടി വെള്ളം കയറ്റി ഇറക്കുന്ന നാടൻ സമ്പ്രദായമാണ് ഉണ്ടായിരുന്നത്. കാളകളേയും കന്നുകളേയും മാത്രം ഉപയോഗിച്ച് നിലം ഉഴുതിരുന്നു. കീട നിയന്ത്രണത്തിനും എലികളെ നശിപ്പിക്കുന്നതിനും മുളംകുറ്റി, കെണി, ചാഴിയെ നശിപ്പിക്കുവാൻ മുറം വീശൽ,

തെങ്ങിൻ കുലച്ചിൽ കൊണ്ട് ഇളക്കൽ എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് കർഷകർ ഉപയോഗിച്ചിരുന്നത്.

ഇരിപ്പൂ പാടങ്ങളിൽ ഇടവിളയായി എള്ള്, പയർ, മുതിര എന്നീ ധാന്യങ്ങളും കൃഷി ചെയ്തിരുന്നു. പുരയിടങ്ങളിൽ ഇടവിളയായി മരച്ചീനി, ചേന, ചേമ്പ് (താമരക്കണ്ണൻ, വെളുത്തകണ്ണൻ) കാച്ചിൽ, കിഴങ്ങ്, വെട്ടുചേമ്പ്, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും മഞ്ഞളും, ഇഞ്ചി, കുരുമുളക്, വാഴ, ഏത്തവാഴ എന്നിവയും കൃഷി ചെയ്തിരുന്നു. മാവ്, പ്ലാവ്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരളമായി നട്ടുവളർത്തിയിരുന്നു. ഇതിന്റെ ഫലങ്ങളും ജനങ്ങളും ''സീസണിലായി'' ഭക്ഷണത്തിന് ഉപയോഗിച്ചിരുന്നു. സാധാരണക്കാരായ ആളുകളും പ്രധാനമായും ഭക്ഷിച്ചിരുന്ന ആഹാരവും ഇതു തന്നെയായിരുന്നു.

ഔഷധച്ചെടികളും സുലഭമായി നട്ടു വളർത്തുന്നതിൽ താല്പര്യം പ്രകടിപ്പിച്ചിരുന്നവരായിരുന്നു ഇവിടുത്തെ കൃഷിക്കാർ. കുറുന്തോട്ടി, നീലഅമരി, കയ്യോന്നി, ചതുരമുല്ല, വെളുത്താമണക്ക്, കോലിഞ്ചി, കൂവ, അമൃത്, ശതാവരി, കച്ചോലം, പനിപ്പുല്ല്, കീഴാനെല്ലി, ചങ്ങലംപരണ്ട, ജാതി, ഗ്രാമ്പു, കറുവപട്ട, തുളസികളും എന്നിവയായിരുന്നു പ്രധാനം. ആയൂർവേദ ചികിത്സയിൽ ശ്രദ്ധേയരായിരുന്നവർ പലപ്പോഴും അങ്ങാടി കടകളേപ്പോലും ആശ്രയിക്കാതെ സ്വന്തം നാട്ടിലെ ഉത്പന്നങ്ങളെയായിരുന്നു പ്രയോജനപ്പെടുത്തിയിരുന്നത്.

പഴയ കുടുംബബന്ധങ്ങളിൽ വന്ന മാറ്റം, കാലാവസ്ഥയുടെ മാറ്റം, കൃഷി ആദായകരമല്ലാതായിതീർന്നത് കൃഷിയോടുള്ള താല്പര്യകുറവ് എന്നിവ കാരണം നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗത്ത് ഒരു മരവിപ്പ് കണ്ടു തുടങ്ങി. അതോടെ കാർഷികേതര ജോലിയോടുള്ള ആഭിമുഖ്യം വ്യാപകമായി. സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് വിദൂരവും വിശാലവുമായ മറ്റങ്ങളും സൃഷ്ടിച്ച ഭൂപരിഷ്കരണ നിയമവും, കുടികിടപ്പു നിയമവും കാർഷിക മേഖലയിൽ അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ ചലനങ്ങളും സൃഷ്ടിച്ചു.

കൃഷിഭൂമി കർഷകന് കിട്ടിയപ്പോളും ചെറുകിട കർഷകനും കർഷകതൊഴിലാളിയും സ്വന്തമായി കാർഷികവൃത്തി നടത്താൻ തയ്യാറായി. എന്നാൽ വൻകിട കർഷകരിൽ പലരും സ്വന്തം ഭൂമി പാട്ടത്തിനു നൽകിവരുന്ന സമ്പ്രദായം ഉപേക്ഷിച്ചു ഇവർ ഭൂമി തരിശിടാൻ തുടങ്ങി.

തെങ്ങു കൃഷി

നെൽകൃഷി ലാഭകരമല്ലാതായതോടെ നെൽവയലുകളും നികത്തി തെങ്ങ് കൃഷി ആരംഭിച്ചു. 690 ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തുവരുന്നു. ഉത്പാദനം 55 ലക്ഷം നാളികേരമാണ്. മൊത്തം കൃഷിഭൂമിയുടെ (3971 ഏക്കർ) 17.37 ശതമാനമാണിത്. ഉത്പാദനക്ഷമത ഹെക്ടർ ഒന്നിന് 5000 എന്ന നിരക്കിലാണ്. സംസ്ഥാന ഉത്പാദനക്ഷമതയേക്കാളും (പ്രതിവർഷം 5888) പിന്നിലാണ് പഞ്ചായത്തിന്റെ ശരാശരി ഉത്പാദനം ഇതിന് അടിസ്ഥാനപരവും ഭൗതികവുമായ ഒട്ടേറെ കാരണങ്ങളും ഉണ്ട്. പ്രധാനമായും രോഗബാധയാണ് ഉത്പാദന വർദ്ധനയെ പ്രതികൂലമായി ബാധിച്ചത്. 60% തെങ്ങുകളും രോഗഗ്രസ്തമായിരിക്കുന്നു. കാറ്റുവീഴ്ച മണ്ടചീയൽ, കീടബാധ എന്നിവയാണ് പ്രധാന രോഗങ്ങളും. നാളികേരത്തിന്റെ വിലക്കുറവും നാളികേരകൃഷിക്കാരന്റെ താല്പര്യം കെടുത്തി. തെങ്ങ് കൃഷിയെ സംബന്ധിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങളും വേണ്ട തരത്തിൽ ഉപയോഗപ്രദമാക്കാൻ കൃഷിക്കാർ തയ്യാറായില്ല.

തെങ്ങുകൾക്ക്, മുൻപ് ജലസേചനം ഒരു അവശ്യഘടകമായിരുന്നില്ല. ഉണക്കുകാലത്ത് തെങ്ങിന്റെ ചുവട് പച്ചിലയിട്ട് കിളച്ചുകൂട്ടി ഈർപ്പം സംരക്ഷിക്കുന്ന ഏർപ്പാടുണ്ടായിരുന്നു. കാലാവസ്ഥയിൽ വന്ന മാറ്റവും, പറമ്പിലെ കുളങ്ങളും നികത്തിയതും, സംരക്ഷണക്കുറവും രൂക്ഷമായ വരൾച്ചക്കു കാരണമായി. ഇതും ഉത്പാദന വർദ്ധനവിന് തടസ്സമായി. പൊതുവിൽ കാർഷിക വൃത്തിയോട് പുത്തൻ തലമുറ പുലർത്തി പോരുന്ന നിസ്സംഗതയും അവജ്ഞാഭാവവും എടുത്തുപറയേണ്ടിയിരിക്കുന്നു. ലാഭം നോക്കിയുള്ള പുത്തൻ പ്രവണത തെങ്ങുകൾക്കു പകരം മറ്റു കൃഷി ഏറ്റെടുക്കുവാൻ പലരേയും പ്രേരിപ്പിച്ചു. ജൈവവളം വേണ്ടതരത്തിൽ ഉപയോഗിക്കുവാൻ തയ്യാറാകാതിരിക്കുകയും രാസവളപ്രയോഗത്തിന്റെ വർദ്ധനയും ദീർഘകാല വിളയായ തെങ്ങിന്റെ ഗുണപരിപാലനത്തെ കെടുത്തി. ഇത് പരിഹരിക്കാൻ സ്വീകരിച്ച സർക്കാർ സംവിധാനങ്ങളും വേണ്ടത്ര വിജയിച്ചില്ല.

നെൽകൃഷി

തെങ്ങ് കൃഷി കഴിഞ്ഞാൽ മുഖ്യ വിള നെല്ലാണ്. പുഞ്ചയും വിരിപ്പും അടക്കം 365 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുന്നു. 1518 മെട്രിക് ടൺ നെല്ലാണ് പ്രതിവർഷ ഉത്പാദനമെന്ന് കൃഷിഭവനിലെ കണക്കുകളും പറയുന്നു. നെൽകൃഷിയെ ബാധിക്കുന്നതും വിള വർദ്ധനക്ക് പ്രതികൂലമായി നിൽക്കുന്നതുമായ മുഖ്യ

പ്രശ്നം ജല നിർഗമന സംവിധാനത്തിലെ അപര്യാപ്തതയാണ്. വയലേലകളിൽ തലങ്ങും വിലങ്ങും പുതുതായി നിർമ്മിച്ച റോഡുകളും പഴയ ജലനിർഗമന സംവിധാനത്തെ പാടെ തകർത്തു. നിലം നികത്തുന്നതും അതിന് കാരണമായി. റയിൽവേ ലൈൻ വന്നതോടെ പണ്ടുണ്ടായിരുന്ന ഒഴുക്കു തോടുകളുടേയും നീർച്ചാലുകളുടേയും വഴികളടഞ്ഞു. ജലസേചനത്തിനു കേന്ദ്രീകൃതമായി നടപ്പാക്കിയ P1P കനാൽ ലക്ഷ്യം കണ്ടില്ലെന്ന് മാത്രമല്ല അശാസ്ത്രീയമായ നിർമ്മാണം കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. പുഞ്ചയിലെ പ്രധാന നീർതോടായ കരിപ്പുഴ പത്തിയൂർ തോടും, കൈത്തോടുകളും വീതിയും ആഴവും കുറഞ്ഞ് ഉപയോഗരഹിതമായിക്കൊണ്ടിരിക്കുന്നു. ഇത് പുഞ്ച കൃഷിയെ ഒരു വലിയളവ് വരെ ക്ലേശകരമാക്കിയിട്ടുണ്ട്.

വിരിപ്പു നിലങ്ങളും വർദ്ധിച്ച തോതിൽ നികത്തൽ നടക്കുന്നതിനാൽ കൃഷിഭൂമിയുടെ വിസ്തൃതിയിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ആഴത്തിൽ മണ്ണെടുത്ത് നിലം ഉപയോഗ ശൂന്യമാക്കുന്നതും പതിവ് സംഭവമായിട്ടുണ്ട്. ശാസ്ത്രീയമായ കൃഷി സംവിധാനം പ്രാവർത്തികമാക്കാൻ കർഷകന് കഴിയുന്നില്ല. ഏകീകൃതമായ കൃഷിയുടെ ആഭാവവും പ്രകടമാണ്. ഒരു പാടശേഖരത്തിൽ ഒന്നിച്ച് നിലമൊരുക്കുക, കീടനാശിനി - വളപ്രയോഗങ്ങളും എന്നിവ പണ്ടുണ്ടായിരുന്നുവെങ്കിലും ഇന്ന് അത് പാടേ നിലച്ചുപോയി. ജൈവവള പ്രയോഗവും ഇന്ന് ദുർലഭമായിരിക്കുന്നു. മണ്ണിന്റെ ദീർഘകാല ഫലശേഷിയേ തകർക്കുന്ന രാസവള പ്രയോഗങ്ങളുടെ ദോഷഫലങ്ങളെ സംതുലനം ചെയ്യാൻ ഇതുമൂലം കഴിയാതെ പോകുന്നു. ഉത്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ദൗർലഭ്യം, രോഗകീടബാധകളും, കീടനാശിനി - രാസവളം എന്നിവയുടെ വില വർദ്ധന ഇവയെല്ലാം നെൽകൃഷി നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളാണ്. കൃഷിഭവൻ മുഖാന്തിരം ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ പരിമിതിയും പ്രവർത്തനത്തിലെ അപര്യാപ്തകളും കർഷകനെ ഉണർത്താനും സഹായിക്കാനും തൃപ്തികരമല്ല. ജ്യോതി, ജയ, ത്രിവേണി, PTB 20, പവിഴം, അശ്വതി, എന്നിവയാണ് ഇപ്പോഴുള്ള പ്രധാനവിത്തിനങ്ങളും.

വിരിപ്പുനിലങ്ങളിൽ മൂപ്പുകൃഷിയായി എള്ള് കൃഷി ചെയ്യുന്നുണ്ട്. 120 ഹെക്ടറിൽ ഇതിന്റെ കൃഷിയുണ്ട്. വർഷങ്ങളായി ചെയ്തുവന്ന ഈ മൂപ്പുകൃഷി പടിപടിയായി കുറഞ്ഞുവരുന്നതായിട്ടാണ് അനുഭവം.

ഇടവിളകൾ

കന്നി-തുലാം മാസങ്ങളിൽ വിളവെടുത്തിരുന്ന ഇടവിളയായ നടുധാന്യങ്ങൾ ഇന്ന് നാട്ടിൽ ദുർലഭമായി കൊണ്ടിരിക്കുന്നു. പഞ്ഞ മാസങ്ങളിലെ പ്രധാന ആഹാരവും, അരിയാഹാരത്തിനു പുറമേ പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിച്ചുപോന്നതുമായ ഈ വിളകൾ അപൂർവ്വമായി കൊണ്ടിരിക്കുന്നു. മരച്ചീനി, കാച്ചിൽ, ചേന ചേമ്പ് എന്നിവയാണ് ഇവയിൽ മുഖ്യ ഇനം.. 25 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. പറമ്പിലാണ് ഈ കൃഷി പ്രധാനമായും ചെയ്തുവരുന്നത്. മരച്ചീനി കൃഷി അപൂർവ്വമായി മാറുകയാണ്.

വാഴകൃഷി പതിവാണെങ്കിലും അതിന് ശ്രദ്ധാപൂർവ്വമുള്ള പരിചരണവും ശുശ്രൂഷയും നൽകാൻ പൊതുവേ ആരും താല്പര്യം കാട്ടാറില്ല. സ്വഭാവികമായ വളർച്ചയും ഫലവുമാണ് ലഭ്യമായികൊണ്ടിരിക്കുന്നത്. എന്നാൽ ഇത് തികച്ചും ഒരു കൃഷിയെന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുന്ന കാര്യത്തിൽ ഇപ്പോഴും പൂർണ്ണമായ അനാസ്ഥയാണ് നിലനിൽക്കുന്നത്. നാടൻ വാഴകൾ സുലഭമായിട്ടുണ്ടെങ്കിലും ഉത്പാദനത്തിന്റെ കാര്യത്തിൽ ഇന്നും പിന്നോക്കം തന്നെ. ഏത്തവാഴകൃഷിയുടെ കാര്യത്തിലാണ് ഏറ്റവും പിന്നോക്കസ്ഥിതി. ഓണക്കാലത്തെ ലക്ഷ്യമാക്കി വിളവെടുക്കാൻ കഴിയുവണ്ണം വാഴ കൃഷി ചെയ്തു വരുന്ന സ്ഥിതി ഇന്ന് കാണാറില്ല.

കുരുമുളക് ഒരു കൃഷിയെന്ന രീതിയിൽ പരിപാലിച്ചു നടത്താൻ കർഷകർ പൂർണ്ണ അളവിൽ മുന്നോട്ട് വന്നിട്ടില്ല. മതിയായ ശുശ്രൂഷയും ശ്രദ്ധയും പണ്ട് കാലത്ത് നൽകിയിരുന്നു.

കമുക് കൃഷിയും ഒരു കൃഷി എന്ന രൂപത്തിൽ പഞ്ചായത്തിൽ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. കശുമാവിന്റെ വിപുലസാധ്യതകളെ ഇന്നും പ്രയോജനപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും അടുത്ത കാലത്ത് ഉണ്ടാകുന്ന വരുമാന വർധന കശുമാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായിട്ടില്ല.

മൊത്തം ആവശ്യത്തിന്റെ നല്ലൊരു ഭാഗം പച്ചക്കറി ഉത്പാദിപ്പിക്കാനുള്ള മനുഷ്യവിഭവശേഷിയും ഭൂവിസ്തൃതിയും ഇവിടെയുണ്ട്. എങ്കിലും അതിന്റെ സാധ്യതകൾ പൂർണ്ണയളവിൽ ചൂഷണം ചെയ്യാൻ ഇനിയും കഴിഞ്ഞിട്ടില്ല. പച്ചക്കറി കൃഷിയിൽ പണ്ടുണ്ടായിരുന്ന താല്പര്യം പോലും ഇന്ന് കാണുന്നില്ല എന്നതും ഖേദകരമായി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. മൊത്തം കൃഷിഭൂമിയുടെ 0.12 ശതമാനം മാത്രമാണ് പച്ചക്കറി കൃഷിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളത്.

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	രാസവളത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം	ദ്രവം (ലിറ്റർ)	ഖരം കി.ഗ്രാം	കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം	കി.ഗ്രാം	ദ്രവം ലിറ്റർ	ഖരം കി.ഗ്രാം
1	2	3	4	5	6	7	8	9	10	11
1.	സഹകരണം SCB 2259 വലിയകുഴി	2200	25	50	21200	30	50	23100	40	50
2.	സ്വകാര്യം M/s. പി.പി. മാത്യു പുളിമൂട്ടിൽ	12000	200	75	15000	315	125	16000	390	150
3.	M/s. E.S. മാത്യു ലീല ഓയിൽ മിൽസ്	1000	-	20	1000	12	30	1000	15	30
4.	M/s. ഗംഗാധരൻ ഉണ്ണിത്താൻ കണ്ണം മ്പള്ളിൽ ഏജൻസീസ്	5000	150	30	3000	-	-	4000	-	-
5.	M/s. ബാലകൃഷ്ണൻ നായർ FACT ഏജൻസീസ്	2000	-	-	3000	-	-	4000	-	-
6.	കൃഷിഭവൻ	-	3.1	3.5	-	3.5	692.5	-	5.5	-

അവലംബം - കൃഷിഭവൻ രേഖ

കാർഷിക സമിതികൾ

പഞ്ചായത്തിൽ പ്രധാനമായും അഞ്ചു സമിതികൾ നിലവിലുണ്ട്

1. ഒന്നാം വാർഡ് നെല്ലുല്പാദക സമിതി
2. നമ്പലത്ത് വയൽ നെല്ലുല്പാദക സമിതി
3. 3,4,5 വാർഡുകൾക്കായി നെല്ലുല്പാദകസമിതി
4. വയ്ക്കത്തു വയൽ നെല്ലുല്പാദക സമിതി
5. കോടന്തറ പാടശേഖര സമിതി

വളം

വളം വിതരണത്തിന് സ്വകാര്യമേഖലയിൽ നാലും സഹകരണമേഖലയിൽ ഒന്നും വ്യാപാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ജൈവവളത്തിന്റെ ഉപയോഗം കർഷകർ ചുരുക്കി വരുന്നതായി കാണുന്നു. കന്നുകാലികളെ വളത്തുവാനുള്ള അമിത ചെലവും വളം കൃഷിയിടങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി വരുന്ന കൂലി ചെലവ് നിമിത്തം രാസവളം മാത്രം ഉപയോഗിക്കാൻ കർഷകർ പ്രേരിതരാകുന്നു. പട്ടിക നോക്കുക.

കീടനാശിനി

കീടനാശിനികൾ വ്യാകമായി ഉപയോഗിച്ചുവരുന്ന രീതിയിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു. വിദഗ്ധോപദേശം സ്വീകരിക്കാതെ സ്വയം കീടനാശിനികൾ പ്രയോഗിക്കുന്ന രീതി പല കൃഷിക്കാരും സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ സംവിധാനങ്ങൾ കൂടാതെ കീടനാശിനി പ്രയോഗിച്ചുവരുന്ന സമ്പ്രദായം നിലവിലുണ്ട്. കീടനാശിനിപ്രയോഗം പട്ടികപ്പെടുത്തിയത് നോക്കുക.

കൂലിനിരക്കുകൾ

കാർഷികമേഖലയിൽ തൊഴിൽ ചെയ്യുവാനുള്ള ആളുകളുടെ എണ്ണം കുറഞ്ഞുവരുന്നു. ഇതര തൊഴിൽ മേഖലയിൽ നിലവിലിരിക്കുന്ന കൂലിനിരക്കുകളുടെ ആകർഷണീയത ഈ മേഖലയിലേക്ക് കടന്നുവരാൻ ആളുകളെ പ്രേരിപ്പിക്കുന്നില്ല. സ്ത്രീ തൊഴിലാളികൾക്ക്

പാടശേഖര സമിതിയും, വിളക്രമങ്ങളും

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1.	ചേപ്പാട് പാഠശേഖരസമിതി	നെല്ല്	നെല്ല്	എള്ള്
2.	നമ്പലത്തു വയൽ പാടശേഖരം സമിതി	നെല്ല്	നെല്ല്	എള്ള്
3.	നമ്പലത്തു വയൽ നെല്ലുൽപാദന സമിതി	നെല്ല്	നെല്ല്	എള്ള്
4.	വൈക്കത്ത് വയൽ പാടശേഖര സമിതി	നെല്ല്	നെല്ല്	എള്ള്
5.	കേടന്തരവയൽ പാടശേഖര സമിതി	നെല്ല്	നെല്ല്	എള്ള്
6.	കരിപ്പുഴ - പത്തിയൂർ ഉണ്ടിട്ട പുള്ളിപ്പാട ശേഖരസമിതി	നെല്ല്	-	-
7.	കേരസംരക്ഷണം			

പുഞ്ചപ്രദേശത്ത് 6 മണിക്കൂറും വിരിപ്പുസ്ഥലങ്ങളിൽ 5 മണിക്കൂറും പ്രവർത്തിസമയമാണ്. സാധാരണ ഒരു സ്ത്രീ തൊഴിലാളിക്ക് 40 രൂപയും പുരുഷ തൊഴിലാളിക്ക് 60 രൂപയും കുറഞ്ഞ കൂലിയായി നിലവിലുണ്ട്.

വായ്പാസൗകര്യം

സഹകരണ സ്ഥാപനങ്ങളും വഴി കൃഷിക്കാർക്ക് വായ്പ ലഭിക്കുന്നുണ്ട്. സ്വകാര്യബാങ്കുകളും വായ്പകളും നൽകുന്നതിൽ താല്പര്യം കാണിക്കുന്നില്ല. കൃഷി ആവശ്യത്തിന് ലഭിക്കുന്ന വയാപ്കളും കൃഷിക്കാർ അതിനായി വിനിയോഗിക്കുന്നില്ല എന്നുള്ളത് ഒരു സത്യം മാത്രമാണ്.

ജലസേചനം

മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ഏപ്രിൽ - മെയ് മാസങ്ങളിൽ ലഭിക്കുന്ന വേനൽ മഴയെ തുടർന്ന് വിരിപ്പ് നിലങ്ങളിൽ കൃഷിയിറക്കുന്നു. പിന്നീട് ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കുന്ന കാലവർഷവും തുടർന്ന് നവംബർ വരെ ലഭിക്കുന്ന തുലാവർഷവുമാണ് പ്രധാനം. അമ്പോള വയലിൽ നിന്നും വടക്കോട്ട് പുഞ്ചയിലേക്ക് ഉള്ള തോടും, മൂന്നാം വാർഡിൽ നിന്നു തുടങ്ങി വടക്കോട്ട് പവ്വത്ത് തോടും, എക്കിത്തറ വീടിന് തെക്കു വശത്തു നിന്നും ആരംഭിച്ച് കിഴക്ക് പുഞ്ചയിലേക്ക് പോകുന്ന തോടും, ആറാം വാർഡിൽകൂടി വടക്കോട്ട് ഗണപതി വയലിൽകൂടി പുഞ്ചയിലേക്ക് പോകുന്ന തോടും, നാലാം വാർഡിൽ പൊൻവേലിൽ വയലിൽ നിന്നും കിഴക്കോട്ട് പുഞ്ചയിലേക്കുള്ള കൊച്ചു കിഴക്കതിൽ തോടും പ്രധാന ജലനിർഗ്ഗമന മാർഗ്ഗങ്ങൾ ആണ്. ഇവയൊന്നും ഇപ്പോൾ ഫലപ്രദമായി കർഷകരെ സഹായിക്കുന്നില്ല.

കുളങ്ങൾ

പഞ്ചായത്തിൽ വലുതും ചെറുതുമായി 450 കുളങ്ങൾ ഉണ്ട്. സ്വകാര്യ വ്യക്തികളുടെ ഈ കുളങ്ങൾ ഇന്ന് സംരക്ഷിക്കപ്പെടുന്നില്ല. ഇത് പരിസ്ഥിതിയേയും മത്സ്യസമ്പത്തിനേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

പൊതുകുളങ്ങൾ

വാർഡ്	കുളത്തിന്റെ പേര്
വാർഡ് 1	അമ്പലക്കുളം. വെട്ടിക്കുളങ്ങര (ആറാട്ടുകുളം)
വാർഡ് 2	കോട്ടാംകോയിൽ കുളം ഏവൂർ ക്ഷേത്രക്കുളങ്ങൾ ചാലിന്റെ പടീറ്റതിൽ കുളം
വാർഡ് 3	ഏവൂർക്ഷേത്രക്കുളം (വേലക്കുളം) പഞ്ചവടികുളം
വാർഡ് 4	മണ്ണൂർകുളം, ആറാട്ടുകുളം
വാർഡ് 5	പന്നാകുളം, കണിച്ചനെല്ലൂർ ക്ഷേത്രക്കുളം കോയിക്കൽകുളം
വാർഡ് 6 മുട്ടം	ഇത്താംപള്ളിൽ കുളം, ഇഞ്ചക്കോട്ടക്കുളം മഹാദേവർ ക്ഷേത്രക്കുളം
വാർഡ് 7	പുതിയാകുളം കോട്ടക്കോയിക്കൽ കുളം, താഴ്വള്ളിൽ കുളം തെക്കടത്ത് ക്ഷേത്രക്കുളം, പാനേത്ത് ക്ഷേത്രക്കുളം
വാർഡ് 8	മുറിയാംമൂട് കുളം
വാർഡ് 9	ശാസ്താംകുളം, കാഞ്ഞൂർ ക്ഷേത്രക്കുളം

ചാലുകൾ

1.	പൗവ്വത്ത് ചാൽ	-	വാർഡ് - 8 -
2.	എക്കിത്തറ ചാൽ	-	വാർഡ് - 3 -

3. അമ്പോള ചാൽ - വാർഡ് - 8 -
4. പെരുമാറ്റം പള്ളിൽ - വാർഡ് - 9 -
5. കോടന്ത്ര ചാൽ- വാർഡ് - 9 -

നഴ്സറികൾ

മുട്ടത്തെ നളന്ദാ നഴ്സറി മാത്രം. ഇവിടെ ഫലവൃക്ഷതൈകളും പുഷ്പ സസ്യതൈകളും ഉത്പാദിപ്പിക്കുന്നു.

പ്രശ്നങ്ങൾ

1. നാളികേര കൃഷിക്കു നേരിടുന്ന കാറ്റുവീഴ്ച, മണ്ടചീയൽ തുടങ്ങിയ രോഗങ്ങൾ നിമിത്തം ഉല്പാദനം കുറയുന്നു. ഇതിനെതിരെ ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നില്ല.

2. വേനൽകാലത്ത് ജലസേചന സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.

3. ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങൾ തെങ്ങുകൃഷിയിൽ അവലംബിക്കുന്നില്ല.

4. നാളികേരത്തിനു വിലസ്ഥിരത ഇല്ലാത്തതുനിമിത്തം മറ്റു കൃഷി സ്വീകരിക്കാൻ കർഷകർ നിർബന്ധിതരാകുന്നു.

5. ഇടവിള കൃഷി വേണ്ടരീതിയിൽ നടത്തുന്നില്ല.

6. പാടശേഖരങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നു. തരിശിടൽ വ്യാപകമാകുന്നു.

7. ഏകീകൃതമായ കൃഷിസമ്പ്രദായം ഇല്ലാതെയാകുന്നു.

8. ജൈവവളം ആവശ്യാനുസരണം ലഭ്യമല്ല.

9. രോഗകീടബാധയ്ക്ക് എതിരായി ഫലപ്രദമായ പ്രവർത്തനങ്ങൾ വേണ്ടത്ര സ്വീകരിക്കുന്നില്ല.

10. കാർഷിവൃത്തിക്ക് ആവശ്യമായ തോതിൽ തൊഴിലാളികളെ കിട്ടുന്നില്ല.

11. രാസവളം, കീടനാശിനി ഇവയുടെ ക്രമാതീതമായ വിലവർദ്ധന.

12. മണ്ണു പരിശോധന ഫലപ്രദമായി നടത്തുന്നില്ല.

13. കൃഷിക്ക് വേണ്ടത്ര രീതിയിൽ സഹായങ്ങളും വിദഗ്ധോപദേശവും ലഭിക്കുന്നില്ല.

14. കൃഷി വായ്പാസൗകര്യങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

15. കാർഷികോപകരണങ്ങളും അവയുടെ റിപ്പയറിംഗ് സംവിധാനവും മതിയാറ്റവണ്ണം ലഭിക്കുന്നില്ല.

16. നല്ലയിനം വിത്തുകളും നടീൽവസ്തുക്കളും

പട്ടിക - 3

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങു കൃഷി വിസ്തീർണ്ണം Acre	തെങ്ങുകളുടെ എണ്ണം			രോഗം ബാധിച്ച തെങ്ങ്				മറ്റുള്ളവ	ആകെ
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിങ്ങ്		
1	251	15607	14901	30508	10867	9816	402	-	-	21085
2	261	17760	15454	33214	16311	8312	588			25211
3	160	7815	7439	15254	4160	2101	360			6621
4	202	12164	6831	18995	6488	3000	158			9646
5	206	9069	11639	20705	6784	2036	444			9264
6	167	10683	11963	22646	6536	1894	788			9218
7	190	10526	9071	21497	7731	4162	315			12208
8	238	13852	17862	31714	14640	2245	49			16934
9	116	11117	8390	19507	11301	4849	328			16478

വിളവിസ്തീർണ്ണവും ഉല്പാദനവും (കൃഷിഭവൻ രേഖകം

പട്ടിക നമ്പർ 2

നമ്പർ	വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദനക്ഷമത ഹെക്ടറിൽ
1.	നെല്ല് (ഒന്നാം വിള)	185 Hec	518 MT	2800 KG/ Hec
2.	നെല്ല് (രണ്ടാം വിള)	185 Hec	370 MT	2000 KG/ Hec
3.	നെല്ല് (മൂന്നാം വിള) പുഞ്ച	180 Hec	630 MT	3500 KG/Hec
4.	പയർ	3 Hec	ലഭ്യമല്ല	ലഭ്യമല്ല
5.	എള്ള്	120 Hec	384 MT	3200 KG/Hec
6.	പച്ചക്കറികം	5 Hec	8 MT	1600 KG/Hec
7.	തെങ്ങ്	690 Hec	55 lakhs	5000 Nuts / Hec
8.	വാഴ	20 Hec	60 MT	3000 KG/Hec
9.	മരച്ചീനി	25 Hec	60 MT	2400 KG/Hec
10.	കുരുമുളക്	8 Hec	4 MT	500 KG/Hec
11.	പ്ലാവ്			
12.	കശുമാവ്	10 Hec	30 MT	3000 KG/Hec
13.	മാവ്			
14.	കമുക്	20 Hec	3 lakhs Nuts	15000 Nuts / Hec

ആവശ്യാനുസരണം ലഭിക്കുന്നില്ല.

17. ജലസേചനസൗകര്യങ്ങം തികച്ചും അപര്യാപ്തം.

18. ജലനിർഗ്ഗമനത്തിന് വന്നിട്ടുള്ള തടസ്സം; NTPC പദ്ധതി പൂർത്തിയാകുമ്പോഴുണ്ടാകുന്ന ജലനിർഗ്ഗമന തടസ്സം.

19. വേതന വ്യവസ്ഥയിൽ ഐക്യരൂപമില്ല.

20. ഉല്പന്നങ്ങളുടെ വിലക്കുറവും വിപണനസൗകര്യങ്ങളുടെ അപര്യാപ്തതയും

21. കാർഷിക വിജ്ഞാനവ്യാപനത്തിന്റെ അപര്യാപ്തത.

22. പച്ചക്കറികൃഷി നാമമാത്രമായിരിക്കുന്നു.

23. കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കുവാൻ വന്നിട്ടുള്ള ബുദ്ധിമുട്ടുകം.

24. കൂലിവേലയിൽ നിന്നും കിട്ടുന്ന ആദായം സുസ്ഥിരമല്ല തൊഴിലിന് മാന്യത നൽകി അംഗീകരിക്കാൻ സമൂഹം കാട്ടുന്ന വൈമുഖ്യം.

സാധ്യതകം

1. രോഗബാധിതമായ തെങ്ങുകം വെട്ടിമാറ്റുക. പകരം ഉല്പാദനശേഷികൂടുതലുള്ള തെങ്ങിൻ തൈകം നൽകുകയും വെട്ടിമാറ്റുന്ന തെങ്ങുകംക്ക് കുറഞ്ഞ് 750 രൂപയെങ്കിലും നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

2. വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

3. നാളികേരകൃഷി വികസനത്തിന് തെങ്ങിന് വർഷത്തിൽ രണ്ടുപ്രാവശ്യം മരുന്നുതളി സമ്പ്രദായം സൗജന്യ നിരക്കിൽ കേരവികസന സമിതി വഴി നടപ്പാക്കുക.

4. മരുന്ന് തളിക്കുന്നതിന് റോക്കർ സ്പ്രെയർ, തെങ്ങുകയറ്റയന്ത്രം എന്നിവ കേരവികസന സമിതികംക്കു നൽകുക.

5. പഞ്ചായത്ത് തലത്തിൽ, സഹകരണ മേഖലയിൽ നാളികേര കർഷകരെ മാത്രം ഉംപ്പെടുത്തി നാളികേര സംഭരണ - സംസ്കരണവിതരണകേന്ദ്രങ്ങം സ്ഥാപിക്കുക.

6. രാസവളം - കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

7. ജൈവവളം (കമ്പോസ്റ്റ്) നിർമ്മിക്കുന്നതിന് പൂർണ്ണയളവിൽ ധനസഹായം നൽകുക. ഇതിനെ സഹായിക്കുവാൻ കാലി - കോഴി വളർത്തൽ വ്യാപകമാക്കുക.

8. മണ്ണു പരിശോധന നിർബന്ധമാക്കുക- വളപ്രയോഗം ശാസ്ത്രീയമാക്കുക.

ജലസേചന സംവിധാനങ്ങൾ

നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ	ആയകെട്ട് ഹെക്ടറിൽ
1.	2	3	4	5	6
1.	3	-	-	-	1
2.	3	3	-	-	1.5
3.	-	-	-	-	-
4.	2	1	1	-	2
5.	-	1	-	-	0.5
6.	5	3	-	-	4
7.	2	2	-	-	1.5
8.	3	6	-	-	5
9.	6	3	-	-	4

കൃഷിഭവൻ രേഖകൾ

9. ഉല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യുക.

10. കുറഞ്ഞപലിശയ്ക്ക് ഹ്രസ്വ-ദീർഘകാല വായ്പകൾ കൃഷിക്കാർക്ക് നൽകുക.

11. കേരസംരക്ഷണ സമിതികൾ വാർഡുതലത്തിൽ സജീവമാക്കുക.

12. എലി നശീകരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക.

13. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളും നാടുധാന്യങ്ങൾ തുടങ്ങിയവയും അതാത് സീസണിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക. വിത്തുൽപ്പാദനവും സംഭരണവും പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

14. കുമ്മായ വസ്തുക്കൾ, വളം, കീടനാശിനി, കളനാശിനി ഇവ സൗജന്യനിരക്കിൽ സമിതികൾ വഴി ലഭ്യമാക്കുക. അഗ്രോക്ലിനിക്ക് സൗകര്യം പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

15. ശരിയായ ബോധവൽക്കരണത്തിലൂടെ ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

16. കൃഷി സമ്പ്രദായത്തെക്കുറിച്ച് വ്യാപകവും ഫലപ്രദവുമായ ബോധവൽക്കരണ പരിപാടികൾ നടത്തുക.

17. ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് കർഷകതൊഴിലാളികൾക്ക് പരിശീലനവും തൊഴിൽ ഭദ്രതയും ഉറപ്പുവരുത്തുക.

18. തരിശുഭൂമികൾ കൃഷിയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക, തരിശിടുന്ന കൃഷിഭൂമികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് പാട്ടകൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുക.

19. ലാഭേച്ഛയോടെ നിലം നികത്തുന്നതും പാടം കുഴിക്കുന്നതും ജലനിർഗ്ഗമന മാർഗ്ഗം തടസ്സപ്പെടുത്തുന്നതുമായ എല്ലാ പ്രവർത്തനങ്ങളേയും കർശനമായി നിയന്ത്രിക്കുക.

20. പാടശേഖര സമിതികളുടെ പ്രവർത്തനം വിപുലവും കാര്യക്ഷമവുമാക്കുക. നിലവിലുള്ള സമിതികൾക്കു പുറമേ, 3,7 വാർഡുകളിൽകൂടി സമിതികൾ രൂപീകരിക്കുക. പുഞ്ചകൃഷിക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ പാടശേഖര സമിതികൾ രൂപീകരിക്കുക.

21. പാടശേഖരങ്ങളിൽ മൂന്നാം വിളയായി പയർ, മുതിര, എള്ള് എന്നിവയും ജൈവവളത്തിനായി പച്ചിലച്ചെടികളും കൃഷിചെയ്യുക.

22. മരച്ചീനി കൃഷി വ്യാപകമാക്കുക. എലിനശീകരണത്തിന് ഏകീകൃതവും സമയബന്ധിതവുമായ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

23. വാഴകൃഷിപോഷിപ്പിക്കുവാൻ ഗുണനിലവാരമുള്ള വാഴക്കന്നുകൾ ആവശ്യാനുസരണം കൃഷിഭവൻ വഴി വിതരണം ചെയ്യുക. വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുക.

24. കുരുമുളക് - കമുക് കൃഷികൾ പ്രോത്സാഹിപ്പിക്കുക. നല്ലയിനം കുരുമുളക് തൈകളും കുമുകിൻ തൈകളും കൃഷിഭവൻ വഴി ലഭ്യമാക്കുക.

25. പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കാനും പഞ്ചാ

യത്തിന്റെ നേതൃത്വത്തിൽ വാർഡുസമിതികളും രൂപീകരിക്കുക. എല്ലാ വീടുകളിലും പച്ചക്കറികൃഷിത്തോട്ടങ്ങളും നിർമ്മിക്കുവാനുള്ള തീവ്രയത്ന പരിപാടികളും നടപ്പിലാക്കുക. ഇതിലേക്കായി നല്ലയിനം വിത്തിനങ്ങളും വാർഡുസമിതികളും വഴി നൽകുക. സ്കൂളുകളും, അംഗൻ വാടികളും, പൊതുസ്ഥാപനങ്ങളും എന്നിവിടങ്ങളിൽ പച്ചക്കറിതോട്ടങ്ങളും നിർമ്മിക്കുക. പച്ചക്കറി സംഭരിക്കാനും വിറ്റഴിക്കാനും പൊതു മാർക്കറ്റ് സൗകര്യം ഉണ്ടാക്കുക.

26. വനിതാ സഹകരണസംഘങ്ങളും വഴി കുറ്റിമുല്ല, ജമന്തി, ആന്തൂറിയം ഓർക്കിഡ് എന്നീ പുഷ്പച്ചെടികളും വിതരണം ചെയ്ത് ഉദ്യാനകൃഷിയെ പ്രോത്സാഹിപ്പിക്കുക. ഇതിലേക്കായി പരിശീലനവും ധനസഹായവും നൽകുക.

27. ഔഷധ സസ്യങ്ങളും വെച്ചുപിടിപ്പിക്കാനും അതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്താനും സന്നദ്ധസംഘടനാ പ്രവർത്തകരെ പ്രയോജനപ്പെടുത്തുക. കൂൺകൃഷിക്ക് പ്രാധാന്യം നൽകുക.

28. മാംബറി കൃഷിക്ക് പ്രോത്സാഹനം നൽകണം. വിപണന സാധ്യതയും ലാഭവുമുള്ള ഈ പദ്ധതിക്കായി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മാംബറി സംഘത്തിന്റെ സഹായവും ഉപദേശവും തേടുക.

29. കർഷകർക്ക് അഭിമാനബോധം ഉണ്ടാക്കുവാൻ പഞ്ചായത്തിലെ പ്രമുഖകൃഷിക്കാരെ അംഗീകരിച്ച് അനുമോദിക്കുക.

30. നിലവിലുള്ള ജലസേചനസൗകര്യങ്ങളും കാര്യക്ഷമമാക്കുകയും പരിമിതകർഷകനു കൂടി ജലസേചന പദ്ധതികൾക്കുള്ള ആനുകൂല്യം ലഭ്യമാക്കുക.

31. ഓരോ പാടശേഖരങ്ങളിലും നിലവിലുള്ള തോടുകളുടെ ആഴവും വീതിയും കൂട്ടുക. പുതിയ തോടുകളും നിർമ്മിക്കുക. തോടുകൾക്ക് ആവശ്യമെങ്കിൽ ഷട്ടറുകളും സ്ഥാപിച്ച് ജലനിർഗ്ഗമനം നിയന്ത്രിക്കുക. പ്രധാനതോടുകളുമായി സ്വന്തം പാടശേഖരങ്ങളെ ബന്ധിപ്പിക്കുവാൻ കൈതോടുകളും നിർമ്മിക്കുന്ന കാര്യത്തിൽ കർഷകർ മുൻകൈ എടുക്കുക.


32. കരിപ്പുഴ കിഴക്കും പടിഞ്ഞാറുമുള്ള മോട്ടോർ തറകളും സ്ഥിരം മേൽകൂരയോടു കൂടി പുനർനിർമ്മിക്കുക. ഇവിടെ സ്ഥിരമായ സ്വിച്ചുബോർഡും വൈദ്യുതി കണക്ഷനും നൽകുക. പെട്ടിയും, പറയും മോട്ടോറും സ്ഥിരമായി സ്ഥാപിക്കുക. അഗ്രോക്ലിനിക്ക്, വിളക്കുകെണി എന്നിവ പുഞ്ചകൃഷിക്ക് പ്രത്യേകമായി സ്ഥാപിക്കുക.

33. നിലവിലുള്ള കുളങ്ങളും, ചാലുകളും, തോടുകളും ഇവ സംരക്ഷിക്കുകയും പൊതുകുളങ്ങളും വശങ്ങളും കെട്ടിയും, ആഴം കൂട്ടിയും, ചെളിനീക്കിയും പരിപാലിക്കുക, കാവുകളും സംരക്ഷിക്കുക, പറമ്പുകിളയ്ക്കുക, കൂനവെയ്ക്കുക എന്നിങ്ങനെയുള്ള നാടൻ ഈർപ്പസംരക്ഷണമാർഗ്ഗങ്ങളും സ്വീകരിക്കുക.

ഹരിതാഭമായ ഈ ഗ്രാമത്തിന്റെ കാർഷികപഴമ നിലനിർത്താനും വിളകൾകൊണ്ടു സമ്പന്നമാക്കാനും കഠിനാധ്വാനത്തിലൂടെയും കൂട്ടായ്മയിലൂടെയും നമുക്ക് മുന്നേറാം.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കാവുകൾ

വാർഡ്	ക്രമനമ്പർ	പേര്
I	1	നടയിൽ മീനത്തേൽ കാവ്
	2	ചേങ്കരകാവ്
	3	ആലപ്പുറത്ത് കാവ്
	4	വെട്ടത്തേത്ത് കാവ്
	5	പടിഞ്ഞാറെ നൂറാട്ട് കാവ്
II	1	തെക്കടത്തു പടീറ്റതിൽ കാവ്
	2	അമ്പിയിൽ കാവ്
	3	ചിറ്റേഴത്തു കാവ്
	4	വെയ്കയിൽ കാവ്
III	1	ആനക്കാരിടത്ത് കാവ്
	2	എക്കിത്തറ കാവ്
	3	മോഴൂർ കാവ്
	4	വാഴപ്പള്ളിയിൽ കാവ്
	5	കല്ലൂരേത്ത് കാവ്
		കണ്ണമ്പള്ളിൽ കാവ് (2)
IV	1	കരിഞ്ചിറ കാവ്
	2	കൊച്ചുകിഴക്കതിൽ കാവ്
	3	കണ്ടിശ്ശേരിൽ കാവ്
V		
VI	1	കൊക്കാട്ട് കാവ്
VII	1	പാനേത്തു കാവ്
	2	തെക്കടത്തു കാവ്
VIII	1	വലിയകൊട്ടുക്കൽ കാവ്
	2	പറപ്പള്ളിൽ കാവ്
	3	മാവോലിൽ കാവ്
IX	1	കാഞ്ഞൂർ കാവ്
	2	ഐരുട്ടിൽ കാവ്
	3	പറപ്പള്ളിൽ കാവ്
	4	ഇടയിലവീട്ടിൽ കാവ്



5

മൃഗസംരക്ഷണവും - മത്സ്യബന്ധനവും

കാർഷികപ്രധാനമായ നമ്മുടെ പഞ്ചായത്തിൽ അനുബന്ധവൃത്തികളായ മൃഗസംരക്ഷണവും മത്സ്യബന്ധനവും ഇനിയും ആശാവഹമായി പുരോഗതി നേടിയിട്ടില്ല. കൃഷിയെ പരോക്ഷമായി സഹായിക്കാൻ കഴിയുന്ന മൃഗസംരക്ഷണം ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. മെച്ചപ്പട്ട ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ മത്സ്യബന്ധനവും വേണ്ട വണ്ണം പരിപാലിക്കപ്പെടുന്നില്ല. ഇതുമൂലം ഉൽപാദനരംഗത്ത് കനത്ത മുരടിപ്പ് അനുഭവപ്പെടുന്നു. വമ്പിച്ച തോതിൽ തൊഴിലവസരങ്ങൾ കുറയാനും ഇത് കാരണമാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായി എരുമകളേയും ഉഴവുമാടുകളേയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. പുഞ്ച പ്രദേശങ്ങളിൽ താറാവു കൃഷിയുണ്ടെങ്കിലും മറ്റു പ്രദേശങ്ങളിൽ ചെറിയ തോതിൽ മാത്രമാണുള്ളത്. ഇപ്പോൾ പഞ്ചായത്തിൽ ഏറ്റവുമൊടുവിൽ ലഭ്യമായ കണക്കനുസരിച്ച് 4389 സങ്കരവർഗ്ഗപശുക്കളും 1308 ആടുകളും 6 ഉഴവുകാളകളും 18 പോത്തുകളും 1271 പൂവൻകോഴികളും 14777 പിടക്കോഴികളും 1929 താറാവും ഉണ്ട്. ഇറച്ചിക്കുവേണ്ടിയല്ലെങ്കിലും പല വീടുകളിലും മുയലുകളെ വളർത്തിവരുന്നു. ഒരു കേന്ദ്രത്തിൽ പുതുതായി പന്നി വളർത്തൽ ആരംഭിച്ചിട്ടുണ്ട്.

നെൽക്കൃഷി കുറഞ്ഞതും കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. നിരന്തരമായുണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി. പുഞ്ചപ്രദേശങ്ങളിൽ വിപുലമായ തോതിൽ വളർത്തിവന്ന താറാവിന്റെ എണ്ണം പകർച്ച വ്യാധികൾ മൂലം (പ്ലേഗ്) ഗണ്യമായിക്കുറഞ്ഞു. പണ്ടുകാലത്ത് ചരക്ക് ഗതാഗതത്തിനും ഉഴവിനും ഉപയോഗിച്ചിരുന്ന കാളകളുടെ എണ്ണം വാഹനഗതാഗതം വർദ്ധിച്ചതോടെയും യന്ത്രവൽക്കരണത്തോടെയും നാമമാത്രമായി. നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി എന്നതാണ് ഈ രംഗത്തുണ്ടായ മറ്റൊരു പ്രത്യേകത. ഇപ്പോൾ പഞ്ചായത്തിൽ പ്രതിദിനം 2209 ലിറ്റർ പാൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.

നമ്പർ	സംഘത്തിന്റെ പേര്	മൊത്തം ശേഖരിക്കുന്ന പാൽ (ലിറ്റർ)	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് (ലിറ്റർ)	പുറത്തേക്ക് അയയ്ക്കുന്നത് (ലിറ്റർ)	ആകെ (ലിറ്റർ)
1.	വലിയ കുഴിക്ഷീരോൽപാദക സഹകരണസംഘം LTD No. A41(D)	83222	26000	57222	83222
2	ഏവൂർ വടക്ക് ക്ഷീരോൽപാദക സഹകരണസംഘം LTD No. A107(D)	11005.8	2814.5	8191.3	11005.8
3.	മുട്ടം KYCS No. A102(D) മുട്ടം	34675	16425	18250	34675

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു സബ് സെൻററുമുണ്ട്. മൃഗാശുപത്രിമുറിയാംമൂട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഇതിൻെറ ചികിത്സാസൗകര്യം മറ്റു പ്രദേശങ്ങളിൽ വേണ്ടവണ്ണം ലഭ്യമാകുന്നില്ല. ചേപ്പാട് പഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിലുള്ളവർ കാലികൾക്കു രോഗം വന്നാൽ 4 കിലോമീറ്റർ ദൂരം താണ്ടി മുറിയാം മൂട്ടിൽ എത്തേണ്ട അവസ്ഥയാണ് ഇന്നുള്ളത്. സമയത്ത് ചികിത്സ ലഭിക്കുവാനോ ബീജസങ്കലനം നടത്തുവാനോ രോഗപ്രതിരോധ കുത്തിവെയ്പ് നടത്തുവാനോ ഇതുമൂലം ക്ലേശിക്കേണ്ടിവരുന്നു.

കാലികളിൽ പ്രധാനമായും കണ്ടു വരുന്ന രോഗം കുളമ്പുരോഗം, അകിടുവീക്കം, ദഹനമാന്ദ്യം, മുടന്തൻ പനി, പനി, ശ്വാസകോശരോഗങ്ങൾ, തൊക്ക് രോഗം എന്നിവയാണ് (പട്ടിക 2 കാണുക)

രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലിക്കർഷകരിൽ നിലനിൽക്കുന്ന അജ്ഞത, രോഗങ്ങൾ ആരംഭത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് വിഘാതമാകുന്നുണ്ട്. ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യതാനിവാരണക്യാമ്പുകൾ, കുളമ്പ് രോഗ നിർമ്മാർജ്ജന ക്യാമ്പുകൾ, പേവിഷബാധ നിർമ്മാർജ്ജന പദ്ധതി എന്നിവയുടെ പ്രവർത്തനം അപര്യാപ്തമാണ്.

ചേപ്പാട് പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മുമ്പുണ്ടായിരുന്നവയെല്ലാം പ്രവർത്തനരഹിതമായി. വളരെയധികം ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും കർഷകരുടെ അജ്ഞത അതിന് തടസ്സമായി നില്ക്കുന്നു. വെളിച്ചത്തിനും പാചകത്തിനും സഹായിക്കുന്ന ഈ പ്ലാൻറുകൾ സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പ് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും അത് പ്രയോജനപ്പെട്ടുകാണുന്നില്ല. ജൈവ വളത്തിനു വലിയ സംഭാവന നൽകാൻ കഴിയുന്ന കാലിവളർത്തലിൽ പൊതുവെ താല്പര്യം കുറഞ്ഞു വരുകയാണ്.

രോഗവിവരങ്ങൾ - പട്ടിക - 2

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digestive disorders	751	-	64	1	-	7				
2	ശ്വാസകോശസംബന്ധം Respiratory diseases	196	-	20	-	-	46				
3	ഉപാപചയ സംബന്ധം Metaleodic diseases	45									
4	തൊക്ക് രോഗങ്ങൾ Skin diseases	74	-	12							
5	ധാതുലവണങ്ങളുടെ അഭാവം deficiency diseases	81	-	13							
6	പാദരോഗങ്ങൾ Parasitic diseases	449	-	30							
7	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടരോഗം Cynacological disorders	176	-	7							
8	വന്ധ്യത Infertility	12									
9	അകിടുവീക്കം Mastitis	79	-	11							
10	മുടന്തൻ പനി Ephemeral Fever	70									

മിക്ക വീടുകളിലും കോഴിവളർത്തലുണ്ടെങ്കിലും നമ്മുടെ ആവശ്യാനുസരണം മുട്ട ഉല്പാദനം നടക്കുന്നില്ല. ഇറച്ചിക്കു വേണ്ടിയുള്ള കോഴികളെ ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയാണുള്ളത്. വിശാലമായ പുഞ്ച പ്രദേശങ്ങളും പാടശേഖരങ്ങളുമുള്ളതിനാൽ താറാവു വളർത്തലിനും വൻ സാദ്ധ്യതയുണ്ട്.

ചുരുക്കം ചില വീടുകളിൽ കൗതുകത്തിനുവേണ്ടിയാണ് മുയലുകളെ വളർത്തുന്നത്. ഇറച്ചി ആവശ്യത്തിന് വളർത്താറില്ല.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ലിന്റെ ലഭ്യതക്കുറവ്
3. ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത
4. ക്ഷീരവിപണനത്തിനുള്ള കുറഞ്ഞ സൗകര്യം.
5. കോഴി, താറാവ് രോഗങ്ങൾ തടയാൻ ആവശ്യമായ സംവിധാനം വേണ്ടത്രയില്ല
6. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കുവാൻ പ്രയാസം
7. പേപ്പട്ടിശല്യം, തെരുവുനായ്ക്കളുടെ വർദ്ധന
8. മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടവും മറ്റു സൗകര്യവുമില്ല.
9. സബ്സെന്ററിന്റെ അപര്യാപ്തത
10. ജനങ്ങൾക്ക് ആവശ്യമുള്ളത്ര മുട്ട ലഭിക്കുന്നില്ല
11. ഗുണമേന്മയുള്ള മാംസം ലഭിക്കുന്നില്ല

വളർത്തുമൃഗ-പക്ഷി സംഖ്യ

വാർഡ് നമ്പർ	കാള സങ്കരം	പശുസങ്കരം		എരുമ	പോത്ത്	ആട്	പട്ടി	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		കറവ ഇല്ലാത്തത്	കറവ ഉള്ളത്						മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7	8	9	10	11	12	13	14
1		391	128			58	41	204	1636	419	8	58	10
2	2	373	120			70	33	110	876	338	6	60	
3	2	297	93		6	92	27	75	652	311	16	391	
4		358	114		4	80	29	127	1012	453	17	112	
5		382	119		4	103	38	136	1208	477	11	84	
6		301	62			78	31	194	1652	588	19	673	10
7	2	420	211	1	2	202	44	183	1564	566	3	318	20
8		402	107			161	47	117	1040	435	7	62	10
9		395	116		2	135	39	125	1120	450	5	79	15

അവലംബം കന്നുകാലി സെൻസസ് 1996 (മൃഗാശുപത്രിയിൽ നിന്നും കിട്ടിയ രേഖ)

പേവിഷബാധ - പ്രതിരോധ ചികിത്സാവിവരങ്ങൾ

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തിവെയ്പു നൽകിയവയുടെ എണ്ണം	-	-	-	264	-	-
കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	1	-	-	-	-	-

(മൃഗാശുപത്രിയിൽ നിന്നും ലഭ്യമായ കണക്ക്)

കൃത്രിമബീജസങ്കലനവിവരങ്ങൾ

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിനു 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	4389	1701	56
കിടാരി	1253	857	374
എരുമ	1	-	-

(മൃഗാശുപത്രിയിൽ നിന്നും ലഭ്യമായ കണക്ക്)

12. ഇറച്ചിക്കോഴിയെ വേണ്ടത്ര ലഭ്യമല്ല
13. എരുമ, ആട്, ഇവ വളരെ കുറവ്

സാദ്ധ്യതകൾ

1. ചേപ്പാട് പഞ്ചായത്ത് പ്രദേശത്ത് ആകെ പ്രയോജനം കിട്ടും വിധം ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
2. ഓരോ വാർഡിലും കുറഞ്ഞത് 2 പാൽ സംഭരണ സ്ഥാപനങ്ങൾ ആരംഭിക്കുക.
3. വിവിധ പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന വനിതാ വ്യവസായം ആരംഭിക്കുക
4. സഹകരണ സംഘത്തിലൂടെ കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക
5. തീറ്റ പുൽക്കൃഷി പ്രോത്സാഹിപ്പിക്കുക
6. ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കുക
7. ചികിത്സാ സൗകര്യങ്ങൾ എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കുന്നതിന് പനച്ചമൂട്, ചൂണ്ടു പലക മൂക്ക്, ചേപ്പാട്, കൊച്ചു വീട്ടിൽ മുക്ക് എന്നിവിടങ്ങളിൽ സബ് സെൻററു കൾ ആരംഭിക്കുക
8. മൃഗാശുപത്രിയിൽ ലബോറട്ടറി സൗകര്യവും മറ്റടി സ്ഥാനസൗകര്യവും ഏർപ്പെടുത്തുക.
9. കാലി വളർത്തൽ ഒരു പ്രധാന തൊഴിലാക്കി പ്രോത്സാഹിപ്പിക്കുക.
10. കന്നുകാലികൾക്കും വളർത്തുപക്ഷികൾക്കും ഇൻഷുറൻസ് നിർബ്ബന്ധമാക്കുക.
11. കൂടുതൽ ഉൽപാദനം കിട്ടത്തക്കരീതിയിൽ സങ്കര വർഗ്ഗകാലിസമ്പത്ത് വർദ്ധിപ്പിക്കുക
12. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക
13. പഞ്ചായത്ത് കേന്ദ്രീകരിച്ച് ആധുനിക രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കുക
14. ഇറച്ചി ആവശ്യത്തിനായി കോഴി, കാട, ആട്, താറാവ്, കാളക്കുട്ടി, കന്നുകുട്ടി, മുയൽ, പന്നി, എന്നിവയെ വളർത്തുവാൻ പ്രോത്സാഹനം നൽകുക. വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ഇതിനവസരം നൽകുക.
15. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക. കുട്ടികൾക്ക് ആടു വളർത്തലിന് പ്രേരണ നൽകുന്ന പദ്ധതികളാരംഭിക്കുക
16. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുക. ആവശ്യാനുസരണം മുട്ട ലഭിക്കുന്നതിനായി കോഴിയോടൊപ്പം താറാവ് കാട, ടർക്കി, ഗിനി എന്നിവയേയും കൂടുതൽ വളർത്തുക.
17. തരിശു ഭൂമിയിൽ തീറ്റപ്പുൽ വെച്ചു പിടിപ്പിക്കുക
18. നെൽകൃഷി വ്യാപിപ്പിച്ച് വൈക്കോൽ സുലഭമാക്കുക.
19. ബയോഗ്യാസ് പ്ലാൻറുകൾ ആരംഭിക്കുക
20. പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളേയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക.

മത്സ്യബന്ധനം

പൊതുചാലുകൾ, കുളങ്ങൾ, തോടുകൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ. ഉൾനാടൻ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട് നിരവധി പേരുണ്ടെങ്കിലും മത്സ്യബന്ധനം ഒരു പ്രധാന തൊഴിൽ മേഖലയായി ഇനിയും മാറിയിട്ടില്ല. കിഴക്കൻ മേഖലയിലെ പുഞ്ചയിൽ നിന്നും കുളങ്ങളിൽ നിന്നും ലഭിച്ചു വന്ന

മത്സ്യത്തിന്റെ അളവും ഗണ്യമായിക്കുറഞ്ഞിട്ടുണ്ട്. വർഷകാലങ്ങളിലും ഡിസംബർ, ജനുവരി മാസങ്ങളിലുമാണ് പ്രധാനമായും മത്സ്യബന്ധനം നടക്കുന്നത്. നീരൊഴുക്ക് തടസപ്പെട്ടതും കീടനാശിനികളുടെ അമിതപ്രയോഗവും മത്സ്യരോഗവും മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമായി.

പഞ്ചായത്തിൽ 9-ാം വാർഡിൽ 96ൽ വ്യാവസായിക അടിസ്ഥാനത്തിൽ ആരംഭിച്ച ഒരു മത്സ്യകൃഷികേന്ദ്രം ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. ഉൽപാദനശേഷി കൂടിയ ഇനം മത്സ്യങ്ങളും ചെമ്മീനും ഇവിടെ കൃഷി ചെയ്യുന്നു.

രണ്ടാം വാർഡിലും ഒരു മത്സ്യ വളർത്തു കേന്ദ്രമുണ്ട്. പഞ്ചായത്തിൽ അംഗീകൃതമത്സ്യ വിപണനകേന്ദ്രം നങ്ങ്യാർ കുളങ്ങരയിൽ മാത്രമാണ്. നിരവധി തൊഴിലാളികളും ഈ രംഗത്തു പണിയെടുക്കുന്നുണ്ടെങ്കിലും ആവശ്യമായ വിപണന കേന്ദ്രങ്ങളും വേണ്ടത്രയില്ല.


പ്രശ്നങ്ങൾ

1. നിലവിലുള്ള ജലാശയങ്ങളുടെ വിസ്തൃതിയും ആഴവും കുറയുന്നു.
2. മത്സ്യകൃഷി നടത്തുവാനുള്ള താല്പര്യം ഇല്ലായ്മ
3. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതകളും ഉണ്ടെങ്കിലും യാതൊരു വിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.
4. അനുയോജ്യമായ സ്ഥലങ്ങളിൽ പോലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.
5. പടർന്നു പിടിക്കുന്ന മത്സ്യരോഗം
6. ഗുണനിലവാരം കുറഞ്ഞ മത്സ്യം വില്ക്കുന്നു

സാദ്ധ്യതകൾ

1. നിലവിലുള്ള പൊതു ചാലുകളും കുളങ്ങളും ആഴവും വീതിയും കൂട്ടി മത്സ്യകൃഷിയ്ക്ക് അനുയോജ്യമാക്കി സംരക്ഷിക്കുക
2. വനിതകൾക്ക് മത്സ്യകൃഷി നടത്തുന്നതിനുള്ള പ്രോത്സാഹനവും ആവശ്യമായ വിദഗ്ധോപദേശവും നൽകുക
3. സഹകരണ മേഖലയിലൂടെ താല്പര്യമുള്ളവർക്ക് വായ്പാസഹായം, മത്സ്യകുഞ്ഞുങ്ങൾ, ന്യായവിലയ്ക്ക് തീറ്റ മുതലായവ ലഭ്യമാക്കുക.
4. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനം നടത്തി രോഗം തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
5. ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുകയും നിലവിലുള്ളവ വ്യാപകമാക്കുകയും ചെയ്യുക.
6. മത്സ്യവിപണനത്തിനുള്ള സംവിധാനം നങ്ങ്യാർ കുളങ്ങര ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ചും ചേപ്പാട്, മുട്ടം, പനച്ചമൂട്, കൊച്ചുവീട്ടിൽ മുക്ക് എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റും സ്ഥാപിക്കുക
7. ഗുണനിലവാരമുള്ള മത്സ്യം മാത്രമേ വില്ക്കൂ എന്നുറപ്പാക്കുക.





6

വ്യവസായം

ഏതൊരു രാജ്യത്തിന്റെയും വികസനത്തെ ത്വരിതപ്പെടുത്തുവാൻ വ്യാവസായിക മുന്നേറ്റം എന്നും അനിവാര്യമായിരുന്നു. കൃഷി ഒരു ജനതയുടെ നിലനില്പിന് എങ്ങനെ അവശ്യഘടകമായിരിക്കുന്നുവോ അതുപോലെ മനുഷ്യന്റെ ഭൗതിക നേട്ടത്തിനും അടിസ്ഥാനപരമായ മാറ്റത്തിനും വ്യാവസായിക വളർച്ചയും കൂടിയേ തീരൂ.

നമ്മുടെ പഞ്ചായത്ത് കാർഷികമേഖലയ്ക്ക് മുൻതൂക്കമുള്ള പ്രദേശമാണ്. ശ്രദ്ധേയമല്ലെങ്കിലും പണ്ടുകാലം മുതൽ നിലനിന്നു പോരുന്ന ചില കുടിൽ -പരമ്പരാഗത വ്യവസായങ്ങളും ഓന്നോ രണ്ടോ പ്രമുഖ വ്യവസായങ്ങളുമാണ് ഈ പട്ടികയിലുള്ളത്. ചേപ്പാടു പഞ്ചായത്തിലെ മുഖ്യ വ്യവസായം ഇഷ്ടിക നിർമ്മാണമാണ്. ഏതാണ്ട് 50ഓളം വ്യക്തികൾ ഈ രംഗത്ത് നേതൃത്വം നൽകി വരുന്നു. ആലപ്പുഴ ജില്ലയിലെ തന്നെ പ്രമുഖ ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങളിൽ ഒന്നാണ് കരിപ്പുഴ-മുട്ടം മേഖല. കുറഞ്ഞത് ആറു തൊഴിലാളികളെങ്കിലും ഒരു ''അച്ചിന്റെ'' പണിക്ക് ആവശ്യമാണ് രണ്ടും മൂന്നും 'അച്ചിന്റെ' പണിചെയ്യുന്ന ഇഷ്ടികക്കളങ്ങളാണ് ഇവിടെ അധികവുമുള്ളത്. പ്രത്യക്ഷമായും പരോക്ഷമായും ഈ മേഖലയിൽ ഏതാണ്ട് ആയിരത്തോളം തൊഴിലാളികൾ ഉപജീവനം കഴിക്കുന്നു. വർഷങ്ങളായി ഈ വ്യവസായം ഇവിടെ നിലനില്ക്കുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട കമ്പനികളും ആധുനിക സംവിധാനത്തിലുള്ള (Wire Cut)ഇഷ്ടിക നിർമ്മാണവും പ്രചാരം നേടിയിട്ടില്ല.

ആധുനിക വ്യവസായ ശൃംഖലയിൽപ്പെട്ട ഒന്നാണ് ആറാം വാർഡിൽ ആരംഭിച്ച ''ശബരീസ്'' ഫുഡ് പ്രൊഡക്ട്. വിവിധ ഇനം ബ്രഡ്ഡുകൾ ഇവിടെ ഉല്പാദിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പതിമൂന്ന് തൊഴിലാളികൾ പ്രവർത്തിക്കുന്നു.

സ്ത്രീതൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള രണ്ട് ഖാദി വസ്ത്രനെയ്ത്ത് ശാലകൾ ഈ പഞ്ചായത്തിലുണ്ട്. ഒന്ന് -അഞ്ച് എന്നീ വാർഡുകളിലാണ് ഈ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത്. അതിൽ രണ്ടിലും കൂടി അമ്പതോളം തൊഴിലാളികൾ പ്രവർത്തിക്കുന്നു.

ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ് ഇലക്ട്രോണിക്സ്. വളരെ കൂടുതൽ തൊഴിൽ സാധ്യതയുള്ളതാണ് ഈ രംഗം. എന്നാൽ കേരള ഗ്രാമങ്ങളിൽ ഇതിന് വേണ്ടത്ര പ്രചാരം ഇനിയും ലഭിച്ചിട്ടില്ല. അതിനാൽ ഈ മേഖലയെ വേണ്ടത്ര പരിപോഷിപ്പിക്കേണ്ടതാണ്. ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിലുള്ള ഒരു സംരംഭമാണ് "APTUS". ഇലക്ട്രോണിക്സ് & ടെലികമ്യൂണിക്കേഷൻ ഉപകരണങ്ങളാണ് ഉല്പാദിപ്പിക്കുന്നത്. ഇവിടുത്തെ പ്രധാന ഉല്പന്നങ്ങളായ ടെലിഗാർഡ്, AC/DCപ്രൊട്ടക്ടർ, തുടങ്ങിയവ ആഭ്യന്തര വിപണിയും, അന്താരാഷ്ട്ര വിപണിയും പിടിച്ചുപറ്റുവാൻ സാദ്ധ്യത ഏറെയുള്ളതാണ്. ഏകദേശം പതിനഞ്ച് തൊഴിലാളികൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതേ സ്വഭാവത്തോടെ മറ്റൊരു യൂണിറ്റ് ഇലക്ട്രോണിക് ചോക്ക് നിർമ്മാണവുമായി മുട്ടത്തു പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ മൂന്ന് വൈൻറിംഗ് യൂണിറ്റുകളും ഏഴാം വാർഡിൽ ''K-4''ഇൻഡസ്ട്രീസ് എന്ന P.V.C. പൈപ്പ് ബെൻറിംഗ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു.

നമ്മുടെ ഗ്രാമത്തിൽ പതിനഞ്ചു ഫ്ളവർ മില്ലുകളും അഞ്ചു അറക്കമില്ലുകളും ഉണ്ട്. ഇവയിൽ മുപ്പതോളം തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. എട്ടാം വാർഡിൽ ''ശ്രീദുർഗ്ഗാ വനിതാസമാജത്തിന്റെ'' ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ക്ഷീരോല്പന്നയൂണിറ്റ് പരിപോഷിപ്പിക്കപ്പെട്ടാൽ ഏതാനും വനിതകൾക്ക് കൂടി തൊഴിൽ ലഭ്യമാകും.

നാലാം വാർഡിൽ മെഴുകുതിരി നിർമ്മാണം കുടിൽ വ്യവസായമായി നടത്തിവരുന്നു.

ഒരു ശതാബ്ദത്തിന് മുമ്പ്വരെ പഞ്ചായത്തിൽ നാല്പത് ശതമാനം കുടുംബങ്ങളിലും തഴപ്പായ് നെയ്ത് ഒരു ഉപജീവനമാർഗ്ഗമെന്ന നിലയിൽ നടത്തി വന്നിരുന്നു. പലവ്യാപാരികളും ഇത് ശേഖരിച്ച് ചന്തകളിലൂടെയും, കടകളിലൂടെയും വിറ്റഴിച്ചു വന്നിരുന്നു. നാട്ടിൽ ധാരാളമായി ലഭിച്ചു വന്നിരുന്ന കൈതോലകൊണ്ട അസംസ്കൃത വസ്തുവായി ഉപയോഗിച്ച് നടത്തിവന്ന ഈ തൊഴിൽ ഇന്ന് ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു. ബീഡി തെറുപ്പ് നമ്മുടെ പ്രദേശത്തെ മുൻകാലങ്ങളിൽ ഒരു പ്രധാന കൈതൊഴിലായിരുന്നു. ഇന്ന് ഇത് ഏതാണ്ട് അപ്രത്യക്ഷമായമട്ടിലാണ്.

ഫർണിച്ചർ നിർമ്മാണം ഇന്ന് പുരോഗതി പ്രാപി

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ കണക്ക് താഴെ കുറിക്കുന്ന പട്ടികപ്രകാരമാണ്.

വാർഡ് നമ്പർ		വ്യവസായയൂണിറ്റിന്റെ പേര്	യൂണിറ്റ് എണ്ണം	തൊഴിലാളികളുടെ എണ്ണം	സ്വകാര്യമേഖല	സഹകരണമേഖല	പൊതുമേഖല	മറ്റുമേഖല
I	1.	ഖാദി നെയ്ത്ത്ശാല	1	(സ്ത്രീ) 25				ഖാദിബോർഡ്
	2.	റൈസ് മിൽ	4	4	,,			
	3.	പുളിയരി പൊടിക്കുന്ന മിൽ	1	1	,,			
	4.	റീപ്പ നിർമ്മാണം	1	1	,,			
	5.	ബേക്കറി	1	2	,,			
II	1.	ഇലക്ട്രോണിക്സ് നിർമ്മാണം	1	15	,,			
	2.	റൈസ് മിൽ	1	1	,,			
	3.	സാമിൽ	1	3	,,			
III	1.	റൈസ് മിൽ	2	2	,,			
	2.	സാമിൽ	1	3	,,			
	3.	ഫർണിച്ചർ ഇൻഡസ്ട്രി	1	2	,,			
	4.	ഐസ് മിഠായി കമ്പനി	1	8	,,			
IV	1.	റൈസ് മിൽ	1	1	,,			
	2.	മെഴുകുതിരി നിർമ്മാണം	1	2				
V	1.	റൈസ് മിൽ	2	2	,,			
	2.	ഖാദി നെയ്ത്ത് ശാല	1	(സ്ത്രീ) 20				ഖാദിബോർഡ്
VI	1.	റൈസ് മിൽ	3	3	,,			
	2.	സാമിൽ	1	2	,,			
	3.	ബ്രെഡ് കമ്പനി	1	13	,,			
	4.	എൻജിനീയറിംഗ് വർക്സ്	1	3	,,			
	5.	ഫർണിച്ചർ ഇൻഡസ്ട്രി	2	5	,,			
	6.	ചിപ്സ് നിർമ്മാണം	1	3	,,			
	7.	ബേക്കറി	1	2	,,			
VII	1.	റൈസ് മിൽ	3	3	,,			
	2.	സാമിൽ	1	3	,,			
	3.	പ്രിൻറിംഗ് പ്രസ്സ്	1	3	,,			
	4.	പൈപ്പ്ബെൻറിംഗ് യൂണിറ്റ്	1	4	,,			
	5.	എൻജിനീയറിംഗ് വർക്സ്	1	3	,,			
VIII	1.	റൈസ് മിൽ	2	2	,,			
	2.	ക്ഷീരോല്പന്നയൂണിറ്റ്	1	(സ്ത്രീ) 8				വനിതാസമാജം
	3.	ബേക്കറി	1	2	,,			
IX	1.	റൈസ് മിൽ	4	4	,,			
	2.	സാമിൽ	1	3	,,			
	3.	എൻജിനീയറിംഗ് വർക്സ്	1	3	,,			
	4.	മോട്ടോർ വൈൻറിംഗ്	1	3	,,			

ച്ചു വരുന്ന മറ്റൊരു വ്യവസായമാണ്. നിർമ്മാണ വൈദഗ്ധ്യത്തോടൊപ്പം സാങ്കേതിക വിദ്യയും സമന്വയിപ്പിച്ചാൽ വളരെ കൂടുതൽ കയറ്റുമതി സാദ്ധ്യതയുമുള്ള ഒരു വ്യവസായമാക്കി വളർത്തിയെടുക്കാം.


കിണർതൊടി, സ്ലാബ് മതിൽ ഇവകളുടെ നിർമ്മാണവും പത്തോളം യൂണിറ്റുകളിലായി നടന്നു വരുന്നു. മുറിയാംമൂട് കേന്ദ്രമായി പഞ്ചായത്തടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന പട്ടുനൂൽ വ്യവസായ യൂണിറ്റ് ഇന്ന് മന്ദീഭവിച്ച മട്ടിലാണ്.

പ്രശ്നങ്ങൾ

1. വ്യാവസായിക സംരഭകരെ ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നം-സാമ്പത്തിക ബുദ്ധിമുട്ടാണ്. ലോണുകളും മറ്റും നൽകുന്നതിന് സാമ്പത്തിക സ്ഥാപനങ്ങളുടെ വൈമുഖ്യവും, കാലതാമസവും ഉയർന്ന പലിശനിരക്കും വ്യവസായ സംരഭകരെ പിന്തിരിപ്പിക്കുന്നു.
2. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ എടുക്കുന്ന കാലതാമസവും തുടർച്ചയായുള്ള പവർകട്ടും.
3. പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികൾക്ക് മതിയായ വേതനമോ സംരഭകർക്ക് വേണ്ടത്ര ലാഭമോ ലഭിക്കുന്നില്ല.
4. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യലഭിക്കുന്നില്ല.
5. വ്യവസായം തുടങ്ങുന്നതിനാവശ്യമായി വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്ക് കാലതാമസം നേരിടുന്നു.
6. ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത
7. വ്യവസായ സംരംഭകർക്ക് വേണ്ട സാങ്കേതിക പരിജ്ഞാനവും മാർഗ്ഗനിർദ്ദേശവും ലഭിക്കുന്നില്ല.
8. സർക്കാരുദ്യോഗത്തോടുള്ള ആഭിമുഖ്യം.
9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻറെ അപര്യാപ്തത
10. വൻകിടവ്യവസായങ്ങളുമായുള്ള മത്സരത്തെ അതിജീവിക്കുവാൻ കഴിയുന്നില്ല.
11. വിദേശ ഉല്പന്നങ്ങളോടുള്ള അമിതമായ ആഭിമുഖ്യം
12. പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു.
13. വ്യവസായ മേഖലയിൽ സ്ത്രീപങ്കാളിത്തം കുറവാണ്.
14. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും പ്രോത്സാഹനം ലഭിക്കണം.
2. വൈദ്യുതികണക്ഷൻ വേഗം ലഭിക്കുവാനും, പവർകട്ടുകൾ പരമാവധി കുറയ്ക്കുവാനും വേണ്ട നടപടികളുണ്ടാകണം.
3. വ്യാവസായിക വായ്പകൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക, കുറഞ്ഞ പലിശനിരക്കിൽ ദീർഘകാലവായ്പകൾ നല്കുക.
4. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നല്കുകയും വിപണി കണ്ടെത്തുകയും ചെയ്യുക
5. വ്യവസായ സംരംഭകർക്ക് വിദഗ്ധപരിശീലനം നല്കുക
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കുക.
7. നാടൻ ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വാങ്ങുവാനുള്ള പ്രചോദനവും, പ്രോത്സാഹനവും ജനങ്ങളിൽ വളർത്തിയെടുക്കുക.
8. പഞ്ചായത്തിലെ മുഴുവൻ നാളീകേരവും സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുക.
9. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക.
10. സോപ്പ്, പർപ്പടകം, ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി, റെഡിമെയ്ഡ് ഗാർമെൻറ്സ്, ചെരിപ്പ്, ബാഗുകൾ, നോട്ടുബുക്കുകൾ,മിഠായികൾ (Confectinory)കളിപ്പാട്ടങ്ങൾ(Toys)തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
11. പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങളുടെ സർവ്വേ നടത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.



7

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഒരുകാലത്ത് കണ്ണെത്താദൂരംവരെ നീണ്ടുകിടന്നിരുന്ന ഭൂമി കാല പ്രവാഹത്തിൽ മനുഷ്യന്റെ കൈപ്പിടിയിൽ ഒതുങ്ങുന്നത്ര ചെറുതാവുകയാണ്. അവന്റെ സമയബോധം ''യുഗ''ങ്ങളിൽ നിന്ന് ''സെക്കൻറു''കളിലേക്ക് ചുരുങ്ങുന്നു. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം എന്നതായി അവന്റെ ലക്ഷ്യം. ഗ്രാമങ്ങൾക്ക് ധമനികളാണ് റോഡുകൾ. ഗതാഗതം ആവേശവും. വികസനമെന്ന സങ്കല്പത്തിന് വേഗം കൂട്ടാൻ ഇനിയും നമ്മുടെ ഗതാഗത സൗകര്യം വർദ്ധിയ്ക്കേണ്ടിയിരിക്കുന്നു.

24 ടാർ ചെയ്ത റോഡുകളും 75 ഗ്രാവൽ റോഡുകളും 38 മണൽ റോഡുകളും ഉൾപ്പെടെ 137 റോഡുകൾ പഞ്ചായത്തിലുണ്ട്. നിലവിലുള്ള റോഡുകളുടെ വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ 2,9 വാർഡുകളിൽ കൂടി റെയിൽവേ ലൈൻ കടന്നു പോകുന്നു 2-ാം വാർഡിൽ റെയിൽവേ സ്റ്റേഷൻ സ്ഥിതിചെയ്യുന്നു. എൻ.എച്ച്. - 47 പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി കടന്നു പോകുന്നു. പഞ്ചായത്തിലെ ഇന്നത്തെ റോഡ് ലഭ്യത സംസ്ഥാന ശരാശരിയുടെ ഇരട്ടിയിലധികം വരും. റോഡു നിർമ്മിച്ചാൽ വികസനമായി എന്ന സങ്കല്പം തെറ്റാണ് എന്ന് പരക്കെ സമ്മതിച്ചു വരുന്നുണ്ട്. നേരത്തെ പഞ്ചായത്തിനു ലഭിച്ചിരുന്ന ഫണ്ടിന്റെ ഏ താണ്ട് മുക്കാൽ പങ്കും ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താനായിരുന്നു നീക്കി വച്ചിരുന്നത്. റോഡുകൾ നിർമ്മിയ്ക്കുവാനുള്ള വ്യഗ്രതയിൽ നാം സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങളേയെല്ലാം മറന്നു. വെള്ളം ഒഴുകി പോകുന്നതിനുള്ള യാതൊരു സൗകര്യവും സൃഷ്ടിയ്ക്കാതെ നെൽപ്പാടങ്ങളുടെ തലങ്ങും വിലങ്ങും റോഡുകൾ പണിതു. ഇതിന്റെ ഫലമായി നല്ല വിളവു ലഭിച്ചിരുന്ന നെൽവയലുകൾ ഇന്ന് വെള്ളക്കെട്ടും തരിശുമായി കിടക്കുന്നു. എല്ലാ ഗ്രാമസഭകളിലും തോട്, കലുങ്ക്, ഓട എന്നിവ നിർമ്മിയ്ക്കേണ്ടതിന്റെ പ്രാധാന്യം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.

ചേപ്പാട് പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ (പട്ടിക നമ്പർ 1)

ചേപ്പാട് പഞ്ചായത്തിൽ നിലവിലുള്ള ഗ്രാവൽ റോഡുകൾ (പട്ടിക നമ്പർ 2)

ചേപ്പാട് പഞ്ചായത്തിൽ നിലവിലുള്ള മണൽ റോഡുകൾ (പട്ടിക നമ്പർ 3)

തൃക്കുന്നപ്പുഴ-മാവേലിക്കര, മുട്ടം-കായംകുളം എന്നീ പി.ഡബ്ല്യു.ഡി. റോഡുകൾ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. 7 കിലോമീറ്ററാണ് ഇവയുടെ നീളം. എൻ.എച്ച് 47 31/2 കിലോമീറ്റർ നീളം പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇത്രയൊക്കെ ഉയർന്ന റോഡു ലഭ്യത ഉണ്ടായിട്ടും പഞ്ചായത്തിൽ രൂക്ഷമായ യാത്രാക്ലേശം അനുഭവിയ്ക്കുന്ന പ്രദേശങ്ങൾ ഇനിയുമുണ്ടെന്ന കാര്യം പരിശോധിയ്ക്കപ്പെടണം.

നിലവിലുള്ള റോഡുകളിൽ ഭൂരിഭാഗവും റിപ്പയറിംഗ് ആവശ്യമുള്ളവയാണ്. ടാർ ചെയ്യേണ്ടതും അറ്റകുറ്റപ്പണി നടത്തേണ്ടതുമായ റോഡുകളുടെ വിവരം

പട്ടിക 1ലും 2 ലും വിവരിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിയ്ക്കേണ്ട റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളും ചുവടേ ചേർക്കുന്നു.

പുതിയതായി നിർമ്മിയ്ക്കേണ്ട റോഡുകളും (പട്ടിക - 4)

റോഡുകളുടെ നിർമ്മാണത്തിനായി എല്ലാവാർഡുകളിലും സന്നദ്ധ പ്രവർത്തനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കുറേക്കാലമായി പഞ്ചായത്തിൽ മണൽ റോഡുകളും എല്ലാം തന്നെ ജനപങ്കാളിത്തത്തോടെയാണ് നിർമ്മിച്ചിട്ടുള്ളത്. നിർമ്മിക്കപ്പെടുന്ന പുതിയ റോഡുകളും സംരക്ഷിക്കപ്പെടുന്നതിന് ജനങ്ങളുടെ കൂട്ടായ്മ ഉണ്ടായേ കഴിയൂ. നിലവിലുള്ള എല്ലാ ഗ്രാവൽ മണൽ റോഡുകളിലും കലുങ്കുകളും ഓടകളും നിർമ്മിയ്ക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. പുതിയ റോഡുകളും നിർമ്മിയ്ക്കപ്പെടുമ്പോൾ ജലനിർഗ്ഗമനമാർഗ്ഗങ്ങൾ അടയുന്നില്ലായെന്ന് ഉറപ്പു വരുത്തണം.

തീരദേശറെയിൽവേയുടെ സ്ഥാപനം പഞ്ചായത്തിലെ ഗതാഗതരംഗത്ത് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്തിട്ടുണ്ട്. അനതിവിദൂരഭാവിയിൽ ഇവിടുത്തെ റെയിൽവേസ്റ്റേഷൻ കേരളത്തിലെ തന്നെ ശ്രദ്ധേയമായ ഒരു കേന്ദ്രമായി മാറുമെന്നതിൽ സംശയമില്ല. എൻ.ടി.പി.സി.യുടെ വരവോടെ ചേപ്പാട് സ്റ്റേഷന്റെ പ്രാധാന്യം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. കായംകുളത്തിനും ഹരിപ്പാടിനും ഇടയിലുള്ള ഏക സ്റ്റേഷനാണിത്. തീരദേശനിവാസികൾക്ക് യാത്രാസൗകര്യം ഉയർത്തുവാനും ഭാവിയിൽ എൻ.ടിപി.സി.യുടേയും അനുബന്ധവ്യവസായങ്ങളുടേയും അടിസ്ഥാനമാർഗ്ഗമാകാനും കഴിയുന്ന ചേപ്പാട് റയിൽവേസ്റ്റേഷൻ ഇനിയും ബാലാരിഷ്ടതകൾ വിട്ടു തീർന്നിട്ടില്ല. ഇൻറർ സിറ്റി പോലുള്ള എക്സ്പ്രസ് ട്രെയിനുകൾ ഇവിടെ നിർത്തുവാനും സ്റ്റേഷൻ സൗകര്യം വികസിപ്പിക്കുവാനും യാഡ് നിർമ്മിയ്ക്കുവാനും റിസർവ്വേഷൻ സൗകര്യം ഉൾപ്പെടെ കൊണ്ടു വരുവാനും കഴിയണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെമിയ്ക്ക റോഡുകൾക്കും ഓട സൗകര്യം ഇല്ലാത്തതിനാൽ റോഡുകൾ തകരുന്നു.
2. പുതിയ റോഡുകൾ നിർമ്മിയ്ക്കുമ്പോൾ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുന്നു.
3. ഗ്രാവൽ റോഡുകളും മണൽ റോഡുകളും കുണ്ടും കുഴിയുമായി സഞ്ചാരയോഗ്യമല്ല.

പരിഹാരങ്ങൾ - സാദ്ധ്യതകൾ

1. റോഡുകൾ നിർമ്മിയ്ക്കുമ്പോൾ ഇരുവശവും ഓടകൾ കെട്ടി സംരക്ഷിയ്ക്കുക; പഴയ റോഡുകൾക്ക് ഓട സൗകര്യം ഉണ്ടാക്കുവാൻ ശ്രമിക്കുക.
2. പഴയതും പുതിയതുമായ എല്ലാ റോഡുകൾക്കും ആവശ്യാനുസരണം കലുങ്കുകൾ നിർമ്മിയ്ക്കുക.
3. റോഡുകളുടെ സംരക്ഷണത്തിന് ഗുണഭോക്താക്കളേയും സാമൂഹ്യ സംഘടനകളേയും ചുമതലപ്പെടുത്തുക.
4. നിലവിലുള്ള റോഡുകൾ സംരക്ഷിച്ചുകൊണ്ടുമാത്രം പുതിയവ നിർമ്മിയ്ക്കുക.
5. ചേപ്പാട് - മുട്ടം റോഡ് പി.ഡബ്ല്യു.ഡിയെകൊണ്ട് ഏറ്റെടുപ്പിക്കുക.
6. കൊച്ചുവീട്ടിൽ മുക്ക് - പാല മൂടുവഴി കായംകുളത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കുക. മുട്ടം - ചേപ്പാടു വഴി കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുക.

ഗതാഗതസുരക്ഷ

ഗതാഗത സൗകര്യങ്ങൾക്കൊപ്പം സുരക്ഷാസംവിധാനവും ശക്തിപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. റെയിൽവേ ക്രോസ്സുകളിൽ മതിയാംവണ്ണം ഗേറ്റുകൾ സ്ഥാപിയ്ക്കാത്തതിന്റെ ദുരന്തം നേരിട്ടനുഭവിച്ചവരാണ് നമ്മൾ. 1995 മേയ് 14ന് ചേപ്പാടുണ്ടായ ട്രെയിൻ അപകടത്തിൽ 36 വിലപ്പെട്ട ജീവിതങ്ങളാണ് നമുക്ക് നഷ്ടപ്പെട്ടത് ഇതിന്റെ നടുക്കത്തിൽ നിന്ന് ഇനിയും നാം മോചിതരായിട്ടില്ല. രോഷം അലയടിച്ചുയർന്നിട്ടും റയിൽവേ ഗേറ്റുകൾ സ്ഥാപിയ്ക്കാൻ തയ്യാറാകാത്ത ബന്ധപ്പെട്ടവരുടെ നടപടിയിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും പ്രതിഷേധിക്കുന്നു. ഒപ്പം പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകൾ (പട്ടിക 1)

നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	വീതി അടി	നിർദ്ദേശം	
1.	എൻ.എച്ച്.47 നങ്ങ്യാർകുളങ്ങര-ഏവൂർ ക്ഷേത്ര ജംങ്ഷ.	3 1/2	100		
2.	നങ്ങ്യാർകുളങ്ങര-കരിപ്പുഴ പി.ഡബ്ല്യു.ഡി.	4	30	റീ ടാർ ചെയ്യുക.	ഓട കെട്ടുക
3.	കാഞ്ഞൂർ-മുട്ടംറോഡ്	2 1/2	22	,,	,,
4	ചേപ്പാട് - മുട്ടം റോഡ്	3	22	,,	,,
5	ചേപ്പാട് മാർത്തോമാപള്ളി - കൊല്ലൻറേത്തുമുക്ക്	2 1/2	22	,,	
6	കോട്ടാംകോയിക്കൽ - പാലമൂട്	4	22	,,	,,
7	ഏവൂർ ക്ഷേത്രജംഗ്. - ഏവൂർ കിഴക്കേനട	2	22	,,	
8	കാട്ടൂർ - കണ്ണാട്ട് റോഡ്	2	22	,,	
9	ചേപ്പാട് - ചൂളത്തെരുവ് ജംഗ്ഷൻ	3	22	,,	,,
10	ചേപ്പാട് - വെട്ടികുളങ്ങര	1/2	30	,,	കലുങ്ക് നിർമ്മിക്കുക
11	ഏവൂർ പടിഞ്ഞാറെ നട - ചക്കാലമുറിമുക്ക്	600 മീ	22	,,	
12	കരിമ്പിൻ മുക്ക് - ഇടയാറ്റൂർ മുക്ക്	100 ,,	22	,,	
13	മുട്ടം മേടമുക്ക് - ഏവൂർ ക്ഷേത്രം വരെ	3	30	,,	
14	പാലമൂട് - കൊച്ചു വീട്ടിൽ മുക്ക്	2 1/2	22	,,	
15	പന്നാകുളങ്ങര - കളരിക്കൽ മുക്ക്	600 ,,	20	,,	,,
16	കരിപ്പുഴ - ആയിരപ്പള്ളി ചിറ	600 ,,	20	,,	
17	കൊച്ചു വീട്ടിൽ മുക്ക് - കളപ്പുര	400 ,,	20	,,	
18	മുട്ടം ഗുരുമന്ദിരം - മഹാദേവർ ക്ഷേത്രം	100 ,,	22	,,	
19	ആൽത്തറമുക്ക് - ആരാട്ടുകൊട്ടാരം	100 ,,	22	,,	
20	മുട്ടം എൽ.പി.എസ് - പറക്കാവ് ജംഗ്.	200 ,,	22	,,	
21	ആശാരിമുക്ക് - വലിയകൊട്ടുക്കൽ മുക്ക്	350 ,,	22	,,	
22	മുറിയാം മൂട് - മണലിൽ റോഡ്	100 ,,	22	,,	
23	മുറിയാം മൂട് -പെരുമാവയൽ - കനാൽ മുക്ക്	1	22	,,	,,
24	കണ്ണമ്പള്ളിൽ ജംഗ്. വാഴപ്പള്ളി കോളനി	100 ,,	20	,,	

പഞ്ചായത്തിൽ നിലവിലുള്ള ഗ്രാവൽ റോഡുകൾ (പട്ടിക 2)

നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	ടാർ ചെയ്യുക	നിർദ്ദേശം ഗ്രാവൽ ഇടുക	കലുങ്ക് നിർമ്മിക്കുക	ഓട നിർമ്മാണം
1.	കരിപ്പുഴ വലിയ പാലം - തെക്കേ കോളനി	1 1/2	,,		,,	
2	പുത്തൻ വീട്ടിൽ മുക്ക് - പാലമൂട് റോഡ്	3		,,	,,	
3	തോട്ടിന്റെ തെക്കതിൽ മുക്ക് - N.S.S. കരയോഗംവരെ	0.6		,,		
4	തോട്ടിന്റെ തെക്കതിൽ - കടകത്തറ	1 1/2		,,	,,	
5	കടകത്തറ - രണ്ടാം കളത്തിൽ ചിറ	1		,,		
6	കാവുങ്കൽ - ചാപ്രായിൽ-പേരൂർ മുക്ക്	2 1/2		,,	,,	
7	ഇത്താംപള്ളിൽ - ചിറ്റൂർ പടീറ്റതിൽ	0.2		,,		
8	മഹാദേവർ ക്ഷേത്രം - അംഗൻ വാടി	0.2	,,			
9	കോട്ടയ്ക്കകത്ത് കിഴക്ക് - പുതുവാൽ തോട്	0.2		,,		
10	എഫ്നാ- പൗവ്വത്തു റോഡ്	1		,,	,,	
11	കരീശ്ശേരിൽ മുക്ക് - പേരൂർ വഴി കൊക്കാട്ട്	1		,,		,,
12	കണിച്ചനല്ലൂർ ക്ഷേത്രം - അരിയന്നൂർ മുക്ക്	0.1		,,		
13	ബ്രഡ് കമ്പനി - ഇത്താംപമ്പള്ളിൽ	0.6	,,		,,	
14	വാതല്ലൂർ മുക്ക് - മണ്ണാമ്പറമ്പ് - പന്നാകുളങ്ങര	1	,,		,,	
15	കണിയാന്തറമുക്ക് - കൊച്ചു കിഴക്കതിൽ	0.4		,,		
16	ആറാട്ടുകൊട്ടാരം - കുഴുവേലിചന്ത	0.7	,,			
17	തുണ്ടുതറമുക്ക് - കിഴക്കടത്ത് മുക്ക്	0.3		,,		
18	കോനേത്തുമുക്ക് - കളരിയ്ക്കൽ മുക്ക്	0.2		,,	,,	
19	കല്ലൂരേത്തു മുക്ക് - കോളനി	0.1	,,			
20	കല്ലൂരേത്ത് ക്ഷേത്രം - ഷാപ്പുമുക്ക്	1.5		,,	,,	
21	കോനേത്ത് മുക്ക് - കാളിയമ്മത്തു മുക്ക്	0.5		,,		
22	കുഴുവേലി മുക്ക് - ബാലവാടി	0.2		,,		
23	കണ്ണമ്പള്ളിൽ - വാഴപ്പള്ളിൽ കോളനി	1	,,			
24	ഷാപ്പുമുക്ക് - ആനക്കാരടത്ത് - ഏവൂർ ക്ഷേത്രം	1	,,			
25	ചക്കാലിൽ മുക്ക് - വേങ്ങശ്ശേരിൽ മുക്ക്	0.250				,,
26	ശക്തിവിലാസം - അയ്യപ്പസേവാസംഘം	1	,,			
27	തോട്ടോലിൽ മുക്ക് - ചിറയിൽ മുക്ക്	0.2		,,		
28	മേഴൂർ ചിറ- ലക്ഷം വീട്ട്	0.1		,,		
29	കാവുങ്കൽ ജംഗ്ഷൻ - ആറാട്ടു കൊട്ടാരം	1		,,	,,	
30	കത്തോലിയ്ക്കാപള്ളി - പൗവ്വത്തു റോഡ്	0.6		,,	,,	
31	മേടമുക്ക് - പ്ലാക്കാട്ടു മുക്ക്	0.5		,,		
32	അയ്യങ്കാളി പ്രതിമ - പുഞ്ച	1	,,			
33	കോട്ടാംകോയിയ്ക്കൽ കുളം - തോപ്പിൽ കടവ്	0.1		,,		,,
34	മുട്ടം - വില്ലേജ് ആഫീസ് - തെക്കടത്തു ക്ഷേത്രം	0.2		,,		
35	തെരുവിൽ തെക്കതിൽ - ഗുരുമന്ദിരം	0.150		,,		
36	മുട്ടം - എലുവക്കുളങ്ങര	1 1/2	,,			,,
37	പടിഞ്ഞാറെ മുട്ടം - ഗുരുമന്ദിരം-തിരുവാതിര	600 മീ	,,			
38	അയിരൂർ മുക്ക് - പുരയ്ക്കൽ റോഡ്	1	,,		,,	,,
39	പറക്കാവ് - അമ്പുവിള കനാൽ വരെ	1	,,		,,	,,

40	വഴിയമ്പലം - ചെങ്കിലാത്തു മുക്ക്	250 മീ		,,	,,	
41	നങ്ങച്ചിയിൽ പടിഞ്ഞാറു മുക്ക് - തെക്കോട്ട്	200		,,		
42	വാട്ടർ ടാങ്ക് - പുത്തൂർ മുക്ക്	150		,,		
43	അമ്പീ മുക്ക് - നമ്പലത്തു മുക്ക്	700	,,			
44	താമരശ്ശേരി മുക്ക് - ആതക്കാട് മുക്ക്	400		,,		
45	നഗരൂർ പടീറ്റതിൽ - ചാങ്ങയിൽ മുക്ക്	400		,,		
46	ചാങ്ങാട്ടു മുക്ക് - പഴയാറ്റു മുക്ക്	150		,,		
47	ചന്ദ്രഭവനം - കുന്നേൽ മുക്ക്	$1\frac{1}{2}$ കി.മീ	,,			
48	കാഞ്ഞൂർ കിഴക്ക് - കണിശ്ശേരി മുക്ക്	500 മീ		,,		,,
49	മുണ്ടപ്പള്ളിൽ മുക്ക് - കനാൽ മുക്ക്	500	,,		,,	,,
50	പെരളിശ്ശേരിൽ - ഇളയിടത്തു കാട്ടിൽ മുക്ക്	150		,,		
51	കുന്നേൽ മുക്ക് - പാളക്കോട്ടു തറ	150		,,		,,
52	മർത്തോമാപ്പള്ളി - വാതല്ലൂർ മുക്ക്	300	,,			,,
53	ഏവൂർ മുക്ക് - കണ്ണാട്ട് മുക്ക്	1 കി.മി.	,,		,,	,,
54	കോലടത്തു മുക്ക് - ചെറുവല്ലൂർ മുക്ക്	300 മീ		,,		,,
55	ഒഴുക്കു നീറ്റിൽ - ഞാപ്പള്ളിൽ മുക്ക്	1 കി.മീ	,,			,,
56	ഇലക്ട്രിസിറ്റി ആഫീസ് - കോയിക്കൽ വടക്ക്	250 മീ		,,	,,	
57	മുറവശ്ശേരിൽ മുക്ക് - പള്ളേമ്പിൽ മുക്ക്	500മീ	,,			,,
58	കുന്നുങ്കൽ - വെട്ടികുളങ്ങര	1 കി.മീ	,,		,,	
59	മുറവശ്ശേരി - എൻ.എസ്സ്.എസ്സ്. കരയോഗം	1 കി.മീ		,,	,,	,,
60	വെട്ടിക്കുളങ്ങര - എൻ.ടി.പി.സി. റോഡ് (ആയിക്കാട്)	150 മീ	,,			,,
61	ദേശബന്ധവായനശാല - മഠത്തിൽ മുക്ക്	1 കി.മീ		,,	,,	
62	ചക്കാലമുറി - വേങ്ങശ്ശേരിൽ മുക്ക്	1		,,	,,	
63	പള്ളിക്കചിറ- മുറിയാം മൂട്	350		,,	,,	
64	ത്രാശ്ശേരിൽ മുക്ക് - കനാൽ മുക്ക്	250		,,		,,
65	കൊട്ടാരത്തിൽ മുക്കു മുതൽ - ശ്രീകൃഷ്ണസ്വാമിക്ഷേത്രം വരെ	500 മീ		,,	,,	
66	കാട്ടറംവീടു മുക്കു മുതൽ - പ്ലാന്തറ കോളനി വരെ	300		,,		
67	കളപ്പുരമുക്കു മുതൽ - കൊപ്പാറത്തറ മുക്കുവരെ	300		,,		
68	കരിപ്പുഴ പാലം മുതൽ വടക്കേ കോളനി വരെ	500		,,	,,	
69	മഠത്തിൽ മുക്കു മുതൽ - മണലിൽ മുക്കുവരെ	500	,,			,,
70	കുറവൻ പറമ്പിൽ മുക്കു മുതൽ ഊരിലേത്തുമുക്കുവരെ	400		,,	,,	,,
71	പി.ഐ.പി. കനാൽ മുതൽ പറക്കാവിൽ പടിഞ്ഞാറ് മുക്ക്	700		,,	,,	
72	നരേന്ദ്രഭവനം - പൗവ്വത്തു മുക്ക് റോഡ്	600	,,		,,	
73	ആറാട്ടു കൊട്ടാരം - ആൽത്തറ മുക്ക്	500	,,			
74	കോയ്ക്കൽ മുക്ക് - കാട്ടിരം മുക്ക് റോഡ്	400		,,	,,	
75	6-ാം വാർഡ് ചിറ്റൂർ പടീറ്റതിൽ ലക്ഷംവീട് കോളനി (കോളനിയ്ക്കകത്ത് ഉള്ള റോഡ്)	100		,,		

പഞ്ചായത്തിൽ നിലവിലുള്ള മണൽ റോഡുകൾ (പട്ടിക 3)

നമ്പർ	റോഡിന്റെ പേര്	ടാർ ചെയ്യുക	നിർദ്ദേശം ഗ്രാവൽ ഇടുക	കലുങ്ക് നിർമ്മിക്കുക	ഓട നിർമ്മാണം
1	വരവുകാല - നമ്പൂരേത്ത് മുക്ക്		,,		
2	കോയിക്ക വടക്കതിൽ - വടക്കോട്ട് കനാൽ വരെ		,,		
3	മാപ്പോട്ടിൽ മുക്ക് - വടക്കോട്ട്		,,		
4	എൻ. എച്ച്. 47 - കണ്ണാട്ടു റോഡ്		,,		
5	തണ്ടളത്തു മുക്ക് - കോലടത്തു മുക്ക്		,,		
6	മുറവശ്ശേരി - താമരശ്ശേരി		,,		
7	വാതല്ലൂർ മുക്ക് - ബാലവാടി		,,		
8	കടമ്പുശ്ശേരി മുക്ക് - ചക്കാലിമുക്ക്		,,		
9	കുഴുവേലിൽ മുക്ക് - പ്രത്യാശാദീപം		,,	,,	
10	വാഴപ്പള്ളി സെറ്റിൽ മെൻറ് കോളനി - ചിറയിൽ		,,		
11	കാളിയമ്മത്തു മുക്ക് - മില്ലു മുക്ക്		,,		,,
12	കിഴക്കുടുത്തു മഠം - കാട്ടുമഠത്തിൽ മുക്ക്		,,		
13	അമ്പലപ്പാട്ടു - ആലുംമൂട്		,,		,,
14	കൂട്ടുങ്കൽ - ഇലഞ്ഞിവേലിൽ കിഴക്ക്		,,		
15	കണിയാന്ത്ര - മണ്ണാം പറമ്പു		,,		
16	കരിഞ്ചിറ-വാതല്ലൂർ മുക്ക്		,,	,,	
17	പുത്തൻ വീട്ടിൽ - പഴുവത്തറ		,,		
18	വേണാട്ടു മുക്ക് - ശാഖാമന്ദിരം റോഡ്		,,		
19	കണ്ടത്തിൽ മുക്ക് - കൊപ്പാറത്തറ		,,		
20	ഗുരുമന്ദിരം - ആറാട്ടുകൊട്ടാരം റോഡ്		,,	,,	
21	ചിറ്റൂർ മുക്ക് - കടകത്തറ		,,		
22	തട്ടാരു തെക്കതിൽ - ഗുരുമന്ദിരം		,,		
23	കുഴുവേലിൽ മുക്കു മുതൽ പാരേത്തു/ മാവിനേത്തു മുക്കു വരെ		,,		
24	കോട്ടക്കോയിക്കൽ - തോപ്പിൽ കടവ്	,,			,,
25	മേടമുക്ക് - പ്ലാക്കാട്ടു മുക്ക്		,,		,,
26	തെക്കടത്തു ക്ഷേത്രം - വടക്കോട്ട് പി.ഡബ്ല്യു.ഡി. റോഡുവരെ		,,		
27	മുസ്ലീം പള്ളി - കനാൽ വരെ		,,	,,	,,
28	പള്ളേമ്പിൽ പാടശേഖര റോഡ്		,,		
29	മാമൂട്ടിൽ - കണിശ്ശേരിൽ മുക്ക്		,,		
30	എൻ.എച്ച് - 47 പുളിമൂട്ടിൽ മുക്ക്		,,		
31	എൻ. എച്ച്. 47 - റെയിൽ വേ ലൈൻ		,,	,,	,,
32	ചൈതന്യമുക്കു മുതൽ - കടമുറിശ്ശേരി മുക്ക്		,,		
33	കുന്നേൽ മുക്ക് മുതൽ - മുട്ടം ശിവ ട്രസ്റ്റ് ആശുപത്രി		,,		
34	കണ്ടത്തിൽ മുക്ക് മുതൽ നാടാലയ്ക്കൽച്ചിറ (രണ്ടാം കളത്തിച്ചിറ)		,,		
35	പ്രശാന്തിയിൽ - കൂനം പറമ്പിൽ റോഡ്		,,		
36	ലക്ഷം വീട് - തറയിൽ റോഡ്		,,		
37	വാളക്കോട് - പുത്തൻ കണ്ടത്തിൽ		,,		
38	ആലുമൂട്ടിൽ മുക്കു മുതൽ - അരവിന്ദ് ഭവനം വരെ		,,		

ചേപ്പാട് പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ (ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ) പട്ടിക -4

വാർഡ് നമ്പർ	ക്രമ നമ്പർ	റോഡിന്റെ പേര്
I	1	താമരശ്ശേരിൽ മുക്കു മുതൽ - എൻ.ടി.പി.സി. റോഡുവരെ
,,	2	കാട്ടൂർ - കണ്ണാട്ട് റോഡിൽ നിന്നും കനാൽ സൈസ് വഴി വടക്കോട്ട്
,,	3	സർവ്വോദയ ജംഗ്. - പടിഞ്ഞാറോട്ട്
,,	4	ലക്ഷം വീട് - വാതല്ലൂർ മുക്ക്
,,	5	SCS A 702 മുതൽ വടക്കോട്ട്
,,	6	ഞാപ്പള്ളിൽ മുതൽ കിഴക്കോട്ട്
,,	7	ലക്ഷം വീട് - ചേപ്പാട് ചന്ത
,,	8	ആറാട്ടുകുളം - വടക്ക് കനാൽ വരെ
II	1	കോടം കണ്ടത്തിൽ - റെയിൽവേ സ്റ്റേഷൻ
,,	2	ലക്ഷം വീട് കോളനി - പുന്നൂർ കിഴക്കു വശം വരെ
,,	3	പുന്നൂർ വടക്കു വശം മുതൽ - വലിയ കൊട്ടുക്കൽ വരെ
,,	4	നഗരൂർ മുക്ക് - തച്ചപ്പള്ളിൽ മുക്ക്
,,	5	കോടം കണ്ടത്തിൽ - മഠത്തിൽ പടീറ്റതിൽ
,,	6	അമ്പിയിൽ മുക്ക് - ഏവൂർ ക്ഷേത്ര റോഡുവരെ
,,	7	പുത്തൂർ മുക്ക് - ആനക്കാരിടത്തു വഴി മഠത്തിൽ മുക്ക്
,,	8	കുഴുവേലിൽ കിഴക്കുവശം മുതൽ റെയിൽവേ ലൈൻ
III	1	കരിമ്പിൻ മുക്ക് - കണ്ണംമ്പള്ളിൽ മുക്ക്
,,	2	കൊല്ലശ്ശേരിൽ വയലിൽ തോടിന് തെക്കു കൂടി
,,	3	പാലമൂട് മുക്ക് - പൂവണ്ണാൽ പള്ളി
IV	1	മരങ്ങാട്ടുകോളനി - പാലമൂട് കോളനി
,,	2	ബ്രഡ് കമ്പനി മുതൽ തെക്കോട്ട്
,,	3	പൊൻ മേലിൽ മുക്ക് - കൊച്ചു കിഴക്കതിൽ
,,	4	കല്ലൂരേത്ത് മുക്ക് - പേരൂർ വഴി കളരിക്കൽ ജംഗ്.
,,	5	കുളത്തിന്റെ പടീറ്റതിൽ ജംഗ്. കരിഞ്ചിറ
,,	6	ആവണക്കുളം - കൂട്ടിൽ മുക്ക്
,,	7	കളരിക്കൽ വടക്കതിൽ - പേരൂർ മുക്ക്
V	1	പതിനഞ്ചിൽ കോളനി
,,	2	എൻ.എസ്.എസ്. കരയോഗം കോട്ടാൽ ജംഗ്.
,,	3	കണിച്ചനല്ലൂർ എൽ.പി.എസ്. വേണാട്ടു മുക്ക്
VI	1	ഗുരുമന്ദിരം - ആറാട്ടുകൊട്ടാരം റോഡ്
,,	2	ആദക്കാട് - മൂടാംമ്പാടി തകിടിയിലേക്ക്
VII	1	മേടമുക്കുമുതൽ - വാലേൽ മുക്കിലേക്ക്
	2	മുസ്ലീം പള്ളിക്കനാൽ റോഡ് തെക്കോട്ടുവെട്ടുക
VIII	1	സിറ്റിലൈറ്റിന്റെ പടിഞ്ഞാറുള്ള ഇടവഴി വീതികൂട്ടുക
,,	2	കാക്രോളിൽ - കാരവള്ളിൽ വരെ റോഡ്
,,	3	വലിയ കൊട്ടുക്കൽ - ചിറയിൽ മുക്കുവരെ
IX	1	മാമൂട്ടിൽ മുക്കു - കണിശ്ശേരിൽ വഴി റെയിൽവേലൈൻ വരെ
	2	കാരണത്ത് നടാപ്പള്ളി വഴികാത്തൂർമുട്ടം റോഡിലേക്ക്
	3	ബഥനി പടിഞ്ഞാറുവശം മുതൽ ചെങ്കിളിൽ റോഡുവരെ
	4	കുരുംബോലിൽ മുതൽ കൈപ്പള്ളിൽ റോഡുവരെ
	5	കാഞ്ഞൂർ ആൽത്തറ മുതൽ - പനച്ചൂർ വരെ നടപ്പാത
	6	പാലമൂട്ടിൽ മുക്കു മുതൽ കൊച്ചു കോമത്തു മുക്കുവരെ
	7	കൊട്ടയ്ക്കാട്ട് റോഡിൽ നിന്നും പടിഞ്ഞാറോട്ട് എൻ. എച്ച്. വരെ
	8	തിക്കമ്പിൻ കിഴക്കതിൽ മുതൽ (പി.ഐ.പി.) കനലിന്റെ ഒരു സൈഡിൽ കൂടി (ഏകദേശം പത്തോളം താമസക്കാർക്ക്) ഫുഡ്പാത്ത് നിർമ്മിക്കുക
	9	ബ്രഡ് കമ്പനി മുതൽ വിളയിൽ കിഴക്ക് വശം വരെ

ഊർജ്ജം

മനുഷ്യന്റെ പുരോപ്രയാണത്തിന് പുതുജീവൻ പകരുന്ന ശക്തി ചൈതന്യമാണ് ഊർജ്ജം. കാർഷിക, വ്യാവസായിക, ഗാർഹിക വിഷയങ്ങളിലെല്ലാം ഊർജ്ജത്തിന്റെ പ്രസക്തി പ്രതിഫലിക്കുന്നു. ചേപ്പാട് പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോത സ്സുകളും വിറകും വൈദ്യുതിയുമാണ്. പരിമിതമായ വീടു കളിൽ വിറകിനു പുറമെ പാചകവാതകവും മണ്ണെണ്ണയും ഉപ യോഗിച്ച് ഗാർഹിക ആവശ്യങ്ങളും നിറവേറ്റുന്നു. എങ്കി ലും പാചക വാതകവും മണ്ണെണ്ണയും മാത്രമുപയോഗി ക്കുന്ന വീടുകളും ചുരുക്കം തന്നെ. ഊർജ്ജത്തിന്റെ പ്രധാന ഉപഭോഗം വെളിച്ചത്തിനും, പാചകത്തിനും, മറ്റു ഗാർഹികാവശ്യങ്ങൾക്കുമാണ്.

പാചകാവശ്യത്തിനായി 90% വീടുകളിലും ഉപയോഗിക്കുന്നത് വിറകുതന്നെയാണ്. മുൻകാ ലങ്ങളിൽ പറമ്പിലെ പാഴ്മരങ്ങളും തെങ്ങിൽ നിന്നും കിട്ടുന്ന വസ്തുക്കളുമായിരുന്നു ഉപയോഗിച്ചിരുന്നത്. ഇന്ന് സ്ഥിതി മാറി. പാഴ്മരങ്ങളും തീപ്പെട്ടി വ്യവസാ യത്തിനും പായ്ക്കിംഗ് ബോക്സുകൾക്കുമായി വിറ്റഴി ക്കുന്ന പ്രവണത വർദ്ധിച്ചതോടെയും പാർപ്പിടങ്ങളും വർദ്ധിച്ചതോടെയും മരങ്ങളുടേയും, തെങ്ങിൻറേയും ലഭ്യത കുറഞ്ഞു. പഞ്ചായത്തിൽ പാഴ്മരങ്ങളുടെ വിൽ പ്പന പല മേഖലകളിൽ കേന്ദ്രീകരിച്ചു നടക്കുന്നുണ്ട്. ചങ്ങനാശ്ശേരി, പെരുമ്പാവൂർ തുടങ്ങിയ കേന്ദ്രങ്ങളിലേക്ക് ഇവ കയറ്റി അയയ്ക്കുന്നു. ഇതോടെ പാചകാവശ്യത്തി നുള്ള വിറകിന്റെ ക്ഷാമം രൂക്ഷമായി. ഇപ്പോൾ വിറക് വാങ്ങി ഉപയോഗിക്കേണ്ട സ്ഥിതിയാണ്. വൻ നഗരങ്ങ ളെപ്പോലെ ഇവിടെയും വിറകു വിൽപ്പന കേന്ദ്രങ്ങളും വളർന്നു വന്നത് ഇതിന് ഉദാഹരണങ്ങളാണ്.

നാമമാത്രമായ വീടുകളിലും, ചായക്കടകളിലും അറക്കപ്പൊടി ഉപയോഗിച്ച് പാചകം ചെയ്യുന്നു. ചേപ്പാടു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചതോ തിൽ വിറകു വിലക്കുവാങ്ങി ഉപയോഗിക്കേണ്ട അവ സ്ഥയാണുള്ളത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖല യിൽ നിറഞ്ഞു നിൽക്കുന്ന ഇഷ്ടിക വ്യവസായമാണ് ഇതിനു പ്രധാന കാരണം. അമ്പതോളം ഇഷ്ടികകളങ്ങ ളാണ് ഇവിടെയുള്ളത്. ഇഷ്ടികചുട്ടെടുക്കുന്നതിനായി ഏതാണ്ട് എണ്ണൂറ് ടൺ വിറക് ഉപയോഗിക്കുന്നു.

പാചകാവശ്യത്തിലേക്ക് മണ്ണെണ്ണയും എൽ.പി. ജിയും ഉപയോഗിച്ചു വരുന്നുണ്ട്. ഇവരുടെ എണ്ണം കുറവാ ണ്. പഞ്ചായത്തിലെ മുഴുവൻ റേഷൻ കടകളിലുമായി മണ്ണെണ്ണയുടെ സ്പെഷ്യൽ പെർമിറ്റ് ഇരുനൂറോളം മാത്ര മാണ്. ഇതിനോടടുത്ത് എൽ.പി.ജി. ഉപഭോക്താക്കളു മുണ്ട്. പ്രൈവറ്റ് ഗ്യാസ് ഏജൻസികളിൽ നിന്ന് എൽ പിജി വാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണം തിട്ടപ്പെടു ത്താവുന്നതല്ല. പഞ്ചായത്തിൽ രണ്ട് പ്രൈവറ്റ് ഗ്യാസ് ഏജൻസികളും പ്രവർത്തിച്ചു വരുന്നു.

വെളിച്ചത്തിനായി പ്രധാനമായി ഉപയോഗിച്ചു പോരുന്ന ഊർജ്ജം വൈദ്യുതിയും മണ്ണെണ്ണയുമാണ്. ചേപ്പാടു പഞ്ചായത്തിൽ ഏതാണ്ട് 48 ശതമാനത്തോളം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. 3905 ഗാർഹിക ഉപഭോ ക്താക്കളും, 243 വ്യാപാര ആവശ്യങ്ങൾക്കുള്ള കണ ക്ഷനും, വ്യാവസായിക ആവശ്യത്തിന് 33 ഉം, കാർഷി കാവശ്യത്തിന് 37 കണക്ഷനുകളുമുണ്ട്. പഞ്ചായത്തിൽ 930 തെരുവ് വിളക്കുകളും നിലവിൽ ഉണ്ട്. 808 ബൾബു കളും 122 ട്യൂബ് ലൈറ്റുകളും ഇതിലുൾപ്പെടും. പഞ്ചാ യത്തിൽ 18 ട്രാൻസ്ഫോമറുകളുണ്ട്. തെരുവു വിളക്കു കളും കത്തിയ്ക്കാൻ പ്രതിമാസം 9459 രൂപാ വൈദ്യുതി ചാർജ്ജിനത്തിൽ അടച്ചുവരുന്നു. ഇത് പഞ്ചായത്തിലെ ആകെ വരുമാനത്തിന്റെ 35%ആണ്. മുക്കാട് ഹരിജൻ കോളനി, മരങ്ങാട് കോളനി, പാലമൂട് കോളനി ഇത്രയു മാണ് വൈദ്യുതീകരിച്ച കോളനികൾ. വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

വാർഡ് നമ്പർ	ഹരിജൻ കോളനി കളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ചകുടും ബങ്ങൾ	സൗജന്യം ലഭിക്കുന്ന വർ	പണം അട ക്കുന്ന വർ
1	2	3	4	5
7	മുക്കാട് ഹരിജൻ കോളനി	8	6	2
4	മരങ്ങാട് ഹരിജൻ കോളനി	10	7	3
3	പാലമൂട് ഹരിജൻ കോളനി	15	10	5
	ആകെ	33	23	10

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ വിവരങ്ങൾ

പട്ടിക നമ്പർ - 2

നമ്പർ	സ്ഥാപിച്ചിരിക്കുന്ന സ്ഥലം
1	മുറിയാമൂട്
2	കാഞ്ഞൂർ
3	ചേപ്പാട്
4	ചേപ്പാട് മാർത്തോമാപ്പള്ളി
5	ചേപ്പാട് തെക്ക്
6	ഏവൂർവടക്ക്
7	ഏവൂർ തെക്ക്
8	ഏവൂർ പടിഞ്ഞാറ്
9	നങ്ങ്യാർകുളങ്ങര
10	ആശാടിംമ്പേഴ്സ് മുട്ടം
11	പടിഞ്ഞാറെ മുട്ടം
12	കിഴക്കെ മുട്ടം
13	അയ്യപ്പസേവാസംഘത്തിനു സമീപം
14	ആറാട്ടു കൊട്ടാരത്തിനു സമീപം
15	ബ്രഡ് കമ്പനിക്കു സമീപം
16	കരിപ്പുഴ
17	കണിച്ചനല്ലൂർ വേണാട്ടുമുക്ക്
18	കണിച്ചനല്ലൂർ ചെറിയാങ്കാലിൽ സമീപം

അവലംബം: കെ.എസ്.ഇ.ബി

പ്രശ്നങ്ങൾ

1. ബഹുഭൂരിപക്ഷം വീടുകളിലും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. വേണ്ടത്ര വിറക് ലഭിക്കുന്നില്ല.
2. ഭൂരിപക്ഷം വീടുകളിലും മൂന്നുകല്ല് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഈ അടുപ്പുകളുടെ ദക്ഷത കുറവ് വീട്ടമ്മമാരുടെ ആരോഗ്യപ്രശ്നങ്ങൾക്കും പരിസരമലീനീകരണത്തിനും ഇടയാകുന്നു.
3. മുൻ കാലങ്ങളിൽ തെങ്ങിൽ നിന്നും മറ്റു പറമ്പുവൃക്ഷങ്ങളിൽ നിന്നും ലഭിച്ചിരുന്ന ജൈവ വസ്തുക്കൾ ഇന്ന് വേണ്ടത്ര ലഭിക്കുന്നില്ല. അതുകൊണ്ട് പുറമെ നിന്ന് വാങ്ങുന്ന വിറകിനെ ആശ്രയിക്കേണ്ടിവരുന്നു.
4. പുറമെ. നിന്നു വരുന്ന വിറകിന് വർദ്ധിച്ച വില നൽകേണ്ടി വരുന്നു.
5 മണ്ണെണ്ണ ആവശ്യാനുസരണം ലഭിക്കുന്നില്ല.
6 പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും രൂക്ഷ മായ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു
7 പവർക്കട്ടിൽ നിന്നുള്ള വൈദ്യുതി തടസ്സം
8 വൃക്ഷശിഖരങ്ങൾ യഥാസമയം വെട്ടിമാറ്റാത്തതു മൂലം പ്രസരണ തടസ്സം ഉണ്ടാകുന്നു.
9 ആവശ്യമായ ട്രാൻസ്ഫോമറുകൾ ഇല്ല. ഉള്ളവയുടെ ശേഷികുറവ്
10 വഴിവിളക്കുകൾ ആവശ്യാനുസരണമില്ല. നിലവിലുള്ളവ എല്ലാം ഉപയോഗപ്രദമല്ല.
11 ഇരുന്നൂറോളം വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അപേക്ഷ നൽകി കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ സാധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ കല്ലടുപ്പുകളും വരുന്ന അഞ്ചുവർഷംകൊണ്ട് മാറ്റി ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കണം. ദക്ഷതകൂടിയ അടുപ്പിന്റെ പ്രചാരണം.
2. വിറകാവശ്യങ്ങൾക്കായി പഞ്ചായത്ത് പുറംപോക്കുകളിലും മറ്റു പൊതുസ്ഥലങ്ങളിലും പാഴ്മരങ്ങൾ വെച്ചു പിടിപ്പിക്കുക.
3. ബയോഗ്യാസ് പ്ലാൻറുകൾ, സോളാർ അടുപ്പുകൾ എന്നിവ സ്ഥാപിക്കുക, പ്രചരിപ്പിക്കുക
4. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.
5 ടച്ച് ക്ലിയറൻസ് കുറഞ്ഞത് വർഷത്തിൽ 2 തവണ നടത്തുക.
6 പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും വരുന്ന 5 വർഷംകൊണ്ട് മാറ്റി റ്റ്യൂബുകൾ സ്ഥാപിക്കുക.
7 ഇലട്രിക് ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
8 പമ്പുസെറ്റുകൾക്ക് കാര്യക്ഷമതയുള്ള വാൽവുകളും മറ്റും സ്ഥാപിക്കുക.
9 വൈകുന്നേരം 6 മണി മുതൽ 10 മണി വരെ മോട്ടോർ, മിക്സി, ഹീറ്റർ, ഗ്രൈൻറർ, തേപ്പുപെട്ടി തുടങ്ങിയ ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കാതിരിക്കുക.
10 മണ്ണെണ്ണ ആവശ്യാനുസരണം ലഭ്യമാക്കുക
11 പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികളിലും മറ്റു പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.

കായംകുളം താപ വൈദ്യുത നിലയം

കേരളത്തിന്റെ വികസനവീഥിയിൽ കായംകുളം താപനിലയത്തിന്റെ നിർമ്മാണത്തെ ഏറെ പ്രതീക്ഷയോടാണ് നാം നോക്കിക്കാണുന്നത്. നമ്മുടെ ഗ്രാമത്തിന്റെ ഉയർച്ചയ്ക്കും ഇതു കാരണമാകും. ഇന്നുള്ള ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിയ്ക്കുവാൻ ഇത് സഹായകമാകും.

350 മെഗാവാട്ട് ശേഷിയുള്ള കംബയിൻസ് ഡ സൈക്കിൾ പ്രോജക്ടാണിത്. 30 മാസത്തിനകം 110 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിയ്ക്കുവാൻ കഴിയും. തുടർന്ന് 3 മാസത്തിനകം 110 മെഗാവാട്ടും അടുത്ത 7 മാസത്തിനുള്ളിൽ 130 മെഗാ വാട്ടും ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. 1271 കോടി രൂപയാണ് ഇതിന്റെ നിർമ്മാണചിലവ്. ഇന്ധനം നാഫ്ത്തയും. ഇതിന്റെ സംഭരണി ചേപ്പാട് പഞ്ചായത്തിൽ തന്നെയാണ്. ടൗൺഷിപ്പിന്റെ പരിധിയിൽ ചേപ്പാട് 1-ാം വാർഡും ഉൾപ്പെടുന്നു. 99-ൽ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു. ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കേരളത്തിൽ മാത്രമായിരിക്കും. കേരളത്തിന്റെ സമഗ്രപുരോഗതിയുടെ നാഴികക്കല്ലായി ഈ സ്ഥാപനം മാറുമെന്ന് നമുക്ക് ആശിക്കാം.

മാർക്കറ്റ്

ഏതൊരുപ്രദേശത്തിന്റെയും കാർഷിക-വ്യാവസായിക സമൃദ്ധിയുടെ ചൂണ്ടു പലകയാണ് മാർക്കറ്റുകൾ. ഗ്രാമത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക വിളകളും മറ്റു ചെറുകിട വ്യവസായിക ഉൽപന്നങ്ങളും വിപണനം നടത്താനും ജനതയുടെ ആവശ്യാനുസരണം സാധന സാമഗ്രികൾ ഏറ്റവും അടുത്ത കേന്ദ്രത്തിൽ ലഭ്യമാക്കാനും കഴിയണമെങ്കിൽ ഗ്രാമീണ മാർക്കറ്റുകൾ സജീവമാക്കിയേ കഴിയൂ. നമ്മുടെ പഞ്ചായത്തിൽ വമ്പിച്ച പ്രാധാന്യമുള്ള പൊതു മാർക്കറ്റുകൾ ഒന്നും തന്നെയില്ല. ഇപ്പോൾ ഉള്ളത് 4 ചെറുകിട മത്സ്യമാർക്കറ്റുകൾ മാത്രമാണ്. ഇതിൽ കുഴിവേലിൽ ചന്ത, ചേപ്പാട് ചന്ത, എന്നിവ സ്വകാര്യഭൂമിയിലാണ് നടത്തിവരുന്നത്. എന്നാൽ സമീപകാലത്താരംഭിച്ച നങ്ങ്യാർകുളങ്ങര ചന്തയാണ് പഞ്ചായത്ത് അധീനതയിലുള്ളത്. മത്സ്യ വിപണനം മാത്രമാണ് ഇവിടെ നടക്കുന്നത്.


ചേപ്പാട് മത്സ്യ ചന്ത ഹൈവേ വികസനത്തോടുകൂടി ഒരു സെൻറ് സ്ഥലത്ത് മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. മുമ്പ് വിപുലമായ തോതിൽ കച്ചവടം നടന്ന ഒരു കേന്ദ്രമായിരുന്നു ഇത്. മുട്ടം മാർക്കറ്റ് മുമ്പ് സ്വകാര്യ വ്യക്തിയുടെ ഭൂമിയിലായിരുന്നു. എന്നാൽ അടുത്തകാലത്ത് അത് അവിടെ നിന്നും മാറ്റപ്പെട്ടു. തുടർന്ന് മുട്ടം കോട്ടക്കോയിക്കൽ കുളത്തിനോടു ചേർന്ന പഞ്ചായത്ത് നികത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഇപ്പോൾ ഏതാനും മത്സ്യവ്യാപാരികൾ വൈകുന്നേരങ്ങളിൽ കച്ചവടത്തിനെത്തുന്നുവെന്നു മാത്രം. കുഴിവേലിച്ചന്തയുടെ സ്ഥിതിയും ഇതിൽ നിന്നു വ്യത്യസ്തമല്ല.

ജനങ്ങൾ ഒന്നിച്ചു കൂടുന്ന പ്രധാന കവലകളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാർക്കറ്റുകൾ സ്ഥാപിക്കുവാനും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന മാർക്കറ്റുകൾ നവീകരിക്കാനും കഴിയും. മാർക്കറ്റുകൾ മത്സ്യ മാംസവില്പനകേന്ദ്രങ്ങൾ എന്നതിലുപരിയായി എല്ലാ വിളകളും, കരകൗശലവസ്തുക്കളും ചെറുകിട വ്യാവസായികോല്പന്നങ്ങളും മറ്റ് അവശ്യസാമഗ്രികളും വില്ക്കുവാനും വാങ്ങുവാനും കഴിയും വിധത്തിൽ ഉയർത്തിക്കൊണ്ടുവരണം.

കച്ചവടക്കാർക്ക് ഇരിക്കുവാൻ കഴിയുന്ന വിധത്തിൽ മേൽക്കൂരകെട്ടിയ സങ്കേതങ്ങളും മതിയായ വൈദ്യുതി സൗകര്യങ്ങളും ഉറപ്പാക്കണം. മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനവും ഇവിടെ ഉണ്ടായിരിക്കണം.

നങ്ങ്യാർകുളങ്ങര ഷോപ്പിംഗ് കോംപ്ലക്സ് മാർക്കറ്റ് രംഗത്ത് പുത്തൻ ഉണർവ്വ് നൽകുമെന്നാശിക്കാം. എങ്കിലും നാളിതുവരെ അത് തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതിനോട് അനുബന്ധിച്ച് ഒരു പച്ചക്കറി സ്റ്റാൾ കൂടി പ്രവർത്തിപ്പിക്കാൻ സൗകര്യമുണ്ടാക്കണം.

മുറിയാംമൂട്, മുട്ടം അയ്യപ്പാജംഗ്ഷനുപടിഞ്ഞാറുവശം കനാൽ മുക്ക്, ചൂണ്ടുപലകമുക്ക് എന്നിവിടങ്ങളിലും കൊച്ചു വീട്ടിൽ മുക്കിൽ കോയിക്കൽ കുളം നികത്തിയും പുതിയ മാർക്കറ്റുകൾ ആധുനിക സൗകര്യങ്ങളോടുകൂടി ആരംഭിക്കണം. മുട്ടം കോട്ടക്കോയിക്കൽ കുളം നികത്തി ഷോപ്പിംഗ് കോംപ്ലക്സും പച്ചക്കറി, മത്സ്യമാർക്കറ്റും ആരംഭിക്കണം.



8

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം പുലർത്തുവാൻ എന്നും ചേപ്പാടിന് കഴിഞ്ഞിട്ടുണ്ട്. ഏകാചാര്യധിഷ്ഠിതമായ പ്രാചീന കുടിപ്പള്ളിക്കൂടങ്ങളായിരുന്നു ഈ നേട്ടത്തിന്റെ വഴിവിളക്കുകൾ. കണ്ണോലി കുഞ്ഞുപിള്ളയാശാൻ, കോയിക്കൽ ആശാൻ, കൃഷ്ണപിള്ള ആശാൻ എന്നറിയപ്പെട്ടിരുന്ന കിട്ടൻ ആശാൻ എന്നിവർ ഈ രംഗത്ത് സമർപ്പിത ജീവിതം നയിച്ചവരാണ്.

ഒരു സ്ഥാപനമെന്ന നിലയിൽ പഞ്ചായിത്തിലുണ്ടായ ആദ്യത്തെ വിദ്യാകേന്ദ്രം മുട്ടം എൽ.പി.സ്കൂളാണ് (1894). ആതക്കാട്ട് ചാണ്ടിസാറായിരുന്നു ഇവിടുത്തെ ആദ്യത്തെ പ്രഥമാദ്ധ്യാപകൻ. രണ്ടാം വാർഡിൽ സി.എം.എസ്സ് സഭ വക ഒരു സ്കൂൾ ഉണ്ടായിരുന്നു. നാറാണത്ത് സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഇവിടെ ഒന്നും രണ്ടും ക്ലാസുകളിൽ മാത്രമേ അദ്ധ്യായനം ഉണ്ടായിരുന്നുള്ളൂ. ആതക്കാട്ട് ആച്ചിയമ്മയും കൊച്ചുകിഴക്കതിൽ മാത്തൻ സാറും അദ്ധ്യാപകരായിരുന്നു. വർഷങ്ങൾക്കു മുമ്പ് ഇതിന്റെ പ്രവർത്തനം നിലച്ചു. ഇപ്പോൾ അവിടെ സി.എസ്സ്.ഐ. പള്ളി സ്ഥാപിച്ചിരിക്കുകയാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും, രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും ആറ് ലോവർ പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. എൽ.പി വിഭാഗത്തിൽ നാല് സ്കൂളുകളും സർക്കാർ മേഖലയിൽ ഉള്ളതാണ്. സി.കെ. എച്ച്.എസ്, ബി.ബി. എച്ച്. എസ് എന്നീ സ്കൂളുകൾ ക്രിസ്തൃൻ മാനേജുമെൻറുകളുടെ കീഴിലുള്ളതാണ്. സി.കെ. എച്ച്.എസ്സിൽ ആൺ കുട്ടികളും പെൺകുട്ടികളും പഠിക്കുന്നു. സമീപകാലത്താണ് ഇവിടെ പെൺകുട്ടികൾക്ക് പ്രവേശനം നല്കിയത്. എന്നാൽ ബി.ബി.എച്ച്.എസ്സിൽ പെൺകുട്ടികൾക്കു മാത്രമാണ് പ്രവേശനം നൽകുന്നത്. പി.എം.ഡി.യു. പി.എസ്സ് ക്രിസ്തൃൻ മാനേജുമെൻറിന്റെ കീഴിലും പനച്ചമൂട് ഏവൂർ ശ്രീകൃഷ്ണ വിലാസം യു.പി. സ്കൂൾ എൻ.എസ്സ്. എസ്സ്. കരയോഗത്തിന്റെ മാനേജ്മെൻറിലും പ്രവർത്തിക്കുന്നു. ചേപ്പാട് ഗവ:എൽ.പി.ജി.എസ്സ്, ചേപ്പാട് ഗവ: എൽ.പി. ബി.എസ്സ്, പനച്ചമൂട് ഗവ:എൽ.പി.എസ്സ് കണിച്ചനല്ലൂർ ഗവ. എൽ.പി. എസ്സ് എന്നിവയാണ് സർക്കാർ മേഖലയിലുള്ളത്. അവശേഷിക്കുന്ന രണ്ട് എൽ.പി. സ്കൂളുകളിൽ മുറിയാംമൂട് എൽ.പി.എസ്സ് സഹകാര്യമാനേജ്മെൻറിന്റെ കീഴിലും, മുട്ടം എൽ.പി.എസ്സ്. ആലുംമൂട്ടിൽ കുടുംബവകയുമാണ്.

ഇവയ്ക്ക് പുറമെ ബി.ബി.എൻ.എസ്, വൈ.എം.സി.എ, ചേപ്പാട്, സെൻറ് ഗ്രിഗോറിയോസ്, ചേപ്പാട്, എഥീന നഴ്സറി ആൻറ് എൽ.പി. എസ്സ് എന്നീ സ്കൂളുകൾ പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു വരുന്ന (അൺ-എയ്ഡഡ്) സ്ഥാപനങ്ങളാണ്.

സ്റ്റുഡൻറ്സ് സെൻറർ, നാഷണൽ, യൂണിവേഴ്സൽ, ചേപ്പാട്; എഥീന, വികാസ്, ലിനിറ്റ്, മുട്ടം; എന്നിവ ട്യൂട്ടോറിയൽ രംഗത്ത് പ്രവർത്തിക്കുന്നു. ചേപ്പാട്ടെ ഉദയാ, ഐശ്വര്യാ, പനച്ചമൂട് ശ്രീകൃഷ്ണ എന്നീ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളാണ് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങൾ.

പ്രീ-പ്രൈമറി തലത്തിൽ ഇരുപത് അംഗൻ വാടികളും പഴയകാലത്തെ അനുസ്മരിപ്പിക്കുന്ന 16 പ്രമുഖ കുടിപ്പള്ളിക്കൂടങ്ങളും പഞ്ചായത്തിലുണ്ട്.

മുട്ടം എൽ.പി.എസ്സ്.

പഞ്ചായത്തിലെ ആദ്യത്തെ സ്കൂളാണിത്. ഒരു നൂറ്റാണ്ടിലേറെ പഴക്കം ഇതിനുണ്ട്. 1894ൽ ഇത് സ്ഥാപിതമായി. ആലുംമൂട്ടിൽ കുടുംബമാണ് പുരോഗമനാത്മകമായ ഈ ചുവടുവയ്പിന് കരുത്തു പകർന്നത്. ആലുംമൂട്ടിൽ ഉമ്മിണിക്കുഞ്ഞ് ചാന്ദാർ എന്ന ഉത്പതിഷ്ണു

വാണ് വിദ്യാഭ്യാസ രംഗത്തെ ഈ മഹാവെളിച്ചത്തിന് അഗ്നി പകർന്നത്. കേരളത്തിൽ നിറഞ്ഞു നിൽക്കുന്ന ഒട്ടനവധി മഹാപ്രതിഭകൾക്ക് ഈ സരസ്വതീ ക്ഷേത്രം ജന്മം നല്കി. ടി.കെ. മാധവൻ, സി.ഒ. മാധവൻ, സി.ഒ. കരുണാകരൻ, സി.ഒ. ദാമോദരൻ, ശ്രീ. എ.പി. ഉദയഭാനു, ഡോ. കുമാരൻ, റിട്ട. ഡിസ്ട്രിക്ട് ജഡ്ജിമാരായ പി.എ. ഉമ്മൻ, എം. സുധാകരൻ, ഡോ. രവീന്ദ്രൻ എം.ആർ.സി.പി. എന്നിവർ അവരിൽ ചിലരാണ്. സ്കൂൾ സ്ഥാപിതമായ വർഷം മുതൽ ഏതാണ്ട് പത്ത് വർഷം മുമ്പുവരെ ഈ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നല്കുവാൻ ഇതിന്റെ മാനേജ്മെൻറ് ശ്രദ്ധയും മഹാമനസ്കതയും കാട്ടി എന്നുള്ളത് എടുത്തുപറയേണ്ട സംഗതിയാണ്. നൂറ്റാണ്ടിന്റെ പഴക്കം ഈ സ്കൂളിന് ഉണ്ടെങ്കിൽപോലും കാലാനുസൃതമായ പുരോഗതികൈവരിയ്ക്കാൻ കഴിയാതെ പോയി. എന്തിനേറെ പറയുന്നു, കുട്ടികൾക്ക് കളിസ്ഥലമോ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻവേണ്ട സൗകര്യമോ, ചുറ്റുമതിലോ ഇല്ല എന്നുള്ളത്ഖേദപൂർവ്വം ചൂണ്ടിക്കാണിക്കേണ്ട പോരായ്മയാണ്. സ്കൂൾ ഉടമസ്ഥാവകാശത്തെ ചൊല്ലി ദീർഘകാലം തുടർന്ന തർക്കമാണിതിനു കാരണം.

സ്കൂൾ മാനേജരായി പരേതനായ ഡോ. കുമാരൻ അധികാരമേറ്റപ്പോൾ സ്കൂൾ ആലുംമൂട്ടിൽ ദേവസ്വത്തിനു വിട്ടുകൊടുത്തു. ഇപ്പോൾ ഇത് ആലുംമൂട്ടിൽ കുടുംബ ദേവസ്വം വകയാണ്.

മുറിയാംമൂട് എൽ.പി.എസ്സ്.

ആയിരത്തി തൊള്ളായിത്തി ഇരുപത്തി നാലിൽ ദേവി വിലാസം എൻ.എസ്സ്.എസ്സ് കരയോഗമാണ് ഈ സ്കൂൾ സ്ഥാപിച്ചത്. പ്രധാന വീഥികളിൽ നിന്നും പ്രധാന ജംഗ്ഷനുകളിൽ നിന്നും വേറിട്ടു കിടക്കുന്ന ഉൾനാടൻ മേഖലയിലെ വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹിപ്പിക്കുവാൻ ഈ സ്കൂളിന്റെ സ്ഥാപനം കൊണ്ടു കഴിഞ്ഞു. ഇവിടുത്തെ ബോധനമാധ്യമം മലയാളമാണ്. സ്കൂളിന് സ്വന്തമായി ഭൂമിയോ, കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യമോ ഇല്ല എന്നുള്ളത് നാളിതുവരെ പരിഹരിക്കപ്പെടാൻ കഴിയാത്ത പ്രശ്നമായി നിലനില്ക്കുന്നു. പരാധീനതകൾ ഏറെയുണ്ടെങ്കിലും പഠന നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യാപകർ ആത്മാർത്ഥമായി ശ്രമിച്ചു വരുന്നു.

ഇന്ന് സ്വകാര്യ വ്യക്തിയുടെ അധീനതയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്കൂളിന് കാലാനുസൃതമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കുഗ്രാമത്തിലുള്ള ഈ നാടൻ പള്ളിക്കൂടത്തിൽ നിന്ന് ഉന്നത നിലയിലെത്തിയ ഹൃദയശസ്ത്രക്രിയാവിദഗ്ദ്ധനായ ഡോ.മനോജ് ഈ സ്കൂളിന്റെ അഭിമാനമാണ്.

ഗവ:എൽ.പി.സ്കൂളുകൾ

ഗവൺമെൻറുടമയിൽ ആരംഭിച്ച ആദ്യ സ്കൂൾ ചേപ്പാട് എൽ.പി.ബി.എസ്സ് (കൊട്ടാരം സ്കൂൾ) ആണ്.

വിദ്യാർത്ഥികൾ അദ്ധ്യാപകർ സ്കൂൾ തിരിച്ച്

നമ്പർ	വാർഡ്	സ്കൂൾ		മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
	നമ്പർ				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	II	പി.എം.ഡി.യു.പി.എസ്സ്, ചേപ്പാട്	UP	എയ്ഡഡ്	229	205	434	-	-	18
2	II	എൽ.പി.ജി. എസ്സ്, ചേപ്പാട്	LP	സർക്കാർ	64	81	145	-	-	5
3	IX	എൽ.പി.ബി.എസ്, ചേപ്പാട്	LP	സർക്കാർ	53	61	114	-	-	4
4	VIII	മുറിയാംമൂട് എൽ.പി.എസ്	LP	എയ്ഡഡ്	64	59	123	-	-	4
5.	IX	B.B.H.S (Girls)	HS	,,		798	798	-	-	26
		നങ്ങ്യാർകുളങ്ങര. Malayalam	UP	,,		1609	1609	-	-	51
		English	UP	,,		812	812	-	-	18
		B.B.L.P.S	LP	അൺ എയ്ഡഡ്	297	665	962	-	-	18
6.	I	സി.കെ.എച്ച്.എസ്, ചേപ്പാട്	HS	എയ്ഡഡ്	279	259	538	-	-	27
7.	VII	മുട്ടം എൽ.പി.എസ്സ്	LP	എയ്ഡഡ്	64	52	116	-	-	4
8.	V	എൽ.പി.എസ്, കണിച്ചനല്ലൂർ	LP	സർക്കാർ	135	119	254	-	-	,,
9.	III	എസ്.കെ.വി.യുപിഎസ്, ഏവൂർ	UP	എയ്ഡഡ്	100	74	174	-	-	10
10.	IV	എൽ.പി.എസ്, ഏവൂർ വടക്ക്	LP	സർക്കാർ	110	100	210	-	-	6

(അവലംബം : സെക്കൻഡറി ഡേറ്റാസ്)

ഏകദേശം തൊണ്ണൂറ് വർഷത്തെ പഴക്കം ഇതിനുണ്ട്. പുല്ലുകുളങ്ങര സ്വദേശിയായിരുന്ന ഗോപാലപിള്ള സാറായിരുന്നു ഈ സ്കൂളിന്റെ ആദ്യ ഹെഡ്മാറ്റർ. സ്ത്രീ വിദ്യാഭ്യാസത്തിന് മുൻ കാലങ്ങളിൽ സർക്കാർ നല്കിയ പരിഗണനയുടെ പ്രത്യക്ഷോദാഹരണമാണ് ചേപ്പാട് എൽ.പി.ജി.എസ്സ്. 1913ൽ കണിച്ചനല്ലൂർ എൽ.പി.സ്കൂൾ സ്ഥാപിച്ചു. ദുർബ്ബല ജനവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മുൻതൂക്കമുള്ള ഈ മേഖലയിൽ വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കുവാൻ സ്കൂളിന്റെ സ്ഥാപനം ഒരു നല്ല സംരംഭമായി. ഇവിടെ അഞ്ചാം സ്റ്റാൻഡേർഡ് വരെയാണ് അദ്ധ്യയനം. പനച്ചമൂട് എൽ.പി. സ്കൂളാണ് സർക്കാർ മേഖലയിലുള്ള മറ്റൊരു പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം. പൊതുവെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സർക്കാർ നല്കിയ സംഭാവന എടുത്തു പറയേണ്ടതാണ്.

എസ്സ്. കെ.വി.യു.പി.എസ്സ്, ഏവൂർ

ആയിരത്തി തൊള്ളായിരത്തി അമ്പത്തിനാലിൽ ഏവൂർ വടക്ക് പയറ്റ്നിയിൽ വേലായുധൻ നായരും, കല്ലൂരേത്ത് ശ്രീധരൻ പിള്ളയും കൂടി ചേർന്ന് പട്ടം താണുപിള്ള ഗവൺമെന്റിന്റെ കാലത്ത് കല്ലൂർ മാതുപിള്ളയുടെ വക സ്ഥലത്ത് എൻ.എസ്സ്. എസ്സ്. കരയോഗ നേതൃത്വത്തിൽ സ്ഥാപിച്ചതാണ് ഈ സ്കൂൾ. ത്രിപുര ചീഫ് സെക്രട്ടറി തുളസീദാസ്, അമേരിക്കയിലെ പ്രശസ്ത ഡോക്ടർ നാരായണൻ കുട്ടി, ശാസ്ത്രജ്ഞനായ രാമചന്ദ്രൻ കൊച്ചുമഠത്തിൽ തുടങ്ങിയവർ ഈ സ്കൂളിന്റെ സംഭാവനകളാണ്.

പിന്നോക്ക ജാതിക്കാരും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗവും തിങ്ങിപ്പാർക്കുന്ന ചേപ്പാടിന്റെ കിഴക്കൻ മേഖലയിൽ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നായർ വിഭാഗത്തിലെ ഉൽപ്പതിഷ്ണുക്കൾ പഴയ സംസ്കൃത സ്കൂളിന്റെ കെട്ടിടം വിലയ്ക്കു വാങ്ങി നാനാജാതി മതക്കാരുടേയും കുട്ടികൾക്കായി തുറന്നുകൊടുത്തത് എന്നും പ്രശസ്തനീയമാണ്.

പി.എം.ഡി.യു.പി.സ്കൂൾ, ചേപ്പാട്

ആയിരത്തി തൊള്ളായിരത്തി പതിനെട്ടിൽ പി.എം.ഡി. യു.പി. സ്കൂൾ സ്ഥാപിതമായി. മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപൊലീത്ത ആയിരുന്ന ചേപ്പാട് ഫിലിപ്പോസ്-മാർ ദിവന്ന്യോസിസിന്റെ സ്മാരകമായാണ് ഈ സ്കൂൾ സ്ഥാപിച്ചത്. അപ്പർ-പ്രൈമറി നിലവാരത്തിൽ ചേപ്പാട് പഞ്ചായത്തിലുണ്ടായ ആദ്യത്തെ സ്ഥാപനമാണിത്.

വിദ്യാഭ്യാസം സുസാദ്ധ്യമല്ലാതിരുന്ന കാലഘട്ടത്തിലും എല്ലാ ജനവിഭാഗത്തിലെ കുട്ടികൾക്കും പ്രവേശനം നല്കി സമാനതയുടെ മാതൃക കാട്ടാൻ ഈ മഹൽസ്ഥാപനത്തിന്റെ സംഘാടകർക്ക് കഴിഞ്ഞിട്ടുണ്ട്. പണ്ട് ചൂളത്തെരുവ്, ചിങ്ങോലി, മുതുകുളം, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു പോലും വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു.

സി.കെ.എച്ച്.എസ്, ചേപ്പാട്

1942ൽ തിരുവനന്തപുരം അതിരൂപതാ മാനേജ്മെന്റിന്റെ ഉടമസ്ഥതയിൽ ചേപ്പാട് മലങ്കര കത്തോലിക്കാ പള്ളിയോട് ചേർന്നുള്ള മൂന്നേക്കർ സ്ഥലത്ത് ആരംഭിച്ച ഇംഗ്ലീഷ് ഹൈസ്കൂളാണ് ചേപ്പാട് ക്രൈസ്റ്റ് കിങ്ങ് ഹൈസ്കൂളായി മാറിയത്. ശരാശരി പഠനനിലവാരം പുലർത്തിപ്പോരുന്ന ഈ സ്കൂൾ വിജയ ശതമാനത്തിൽ ഇനിയും വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഒരു പരിധിവരെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത് പൂർണ്ണതയിൽ എത്തിയിട്ടില്ല. 1992ൽ ഈ സ്കൂളിന്റെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് സ്മാരക മന്ദിരം പണിയുവാൻ തീരുമാനിച്ചെങ്കിലും അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			കെട്ടിടം	ഫർണിച്ചർ
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
1	2	3	4	5	6	7	8	9
HS	12	39	51	279	1057	1336	ഉണ്ട്	ഉണ്ട്
UPS	4	43	47	329	1091	1420	,,	,,
LPS	2	46	48	734	1076	1810	,,	,,
Pre-Primary		8	8	1342	4566	5908	,,	,,
Total	18	136	154	2684	7790	10474		

സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നില്ല/ ഉണ്ട്	ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു ഇല്ല	പാഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ഉണ്ട്/ഇല്ല	ദൃശ്യശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്		95-96ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട ദിനങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങൾ	മാതൃസംഗമം സജീവം/സജീവമല്ല	ക്ലാസ്സും PTA പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല
				റേഡിയോ	ടേപ്പ് റിക്കാർഡർ	ടി.വി.സെറ്റ്	വി.സി.ആർ/ വി.സി.പി	സിനിമാ പൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	സ്ലൈഡ് പൊജക്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്				
P.M.D. U.P.S. ചേപ്പാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	15	15	192	-	8	സജീവം	പ്രവർത്തിക്കുന്നു
L.P.G.S. ചേപ്പാട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	-	-	-	-	-	-	-	8	8	195	5	5	,,	,,
L.P.B.S. ചേപ്പാട്	ഉണ്ട്	ഇല്ല	ഇല്ല	-	-	-	-	-	-	-	-	5	4	195	5	2	,,	,,
L.P.S. മുറിയാംമൂട്	ഉണ്ട്	ഇല്ല	ഇല്ല	-	-	-	-	-	-	-	-	7	5	192	-	8	,,	,,
B.B.H.S. നങ്ങ്യാർകുളങ്ങര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	-	-	-	-	-	35	35	191	-	9	,,	,,
B.B.L.P.S. നങ്ങ്യാർകുളങ്ങര	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-	-	-	-	-	-	-	16	16	191	-	9	,,	,,
L.P.S. മുട്ടം	ഉണ്ട്	-	ഉണ്ട്	ഇല്ല	-	-	-	-	-	-	-	4	4	193	-	7	,,	,,
L.P.S. കണിച്ചനല്ലൂർ	ഉണ്ട്	-	ഇല്ല	ഉണ്ട്	-	-	-	-	-	-	-	10	8	192	-	8	,,	,,
S.K.V.U.P.S. ഏവൂർ വടക്ക്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	-	-	15	15	192	-	9	,,	,,
L.P.S. ഏവൂർ വടക്ക്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	-	-	-	-	-	-	-	7	5	192	-	9	,,	,,
C.K.H.S, ചേപ്പാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-	-	-	-	-	-	-	16	14	191	-	9	,,	,,

അവലംബം: സെക്കൻററി ഡേറ്റാ

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

	കെട്ടിടങ്ങൾ			ഏണ്ണം	മുറികളുടെ എണ്ണം													ഇനി ആവശ്യമുള്ളവയുടെ എണ്ണം				
	ആകെ ഡിവിഷനുകളുടെ എണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മുറ്റത്തുകളുടെ എണ്ണം	മുറ്റത്തെ ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം.	ഇനി ആവശ്യമുള്ളവയുടെ എണ്ണം	നിലവിലുള്ള ക്ലാസ്സിതരം എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ ഇല്ല. കിണർ, പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചക മുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ ഇല്ല	ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
P.M.D. U.P.S.,ചേപ്പാട്	12	3	-	-	15	-	-	-	-	2	30	-	1	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	-	-	-	-	-
L.P.G.S ,ചേപ്പാട്	4	2	-	-	-	-	-	4	1	-	-	-	-	„	ഇല്ല	„	ഇല്ല	ഇല്ല	-	5	2	3	18
L.P.B.S ,ചേപ്പാട്	4	2	-	-	-	-	-	-	-	1	20	1	-	„	„	ഉണ്ട്	ഇല്ല	ഇല്ല	-	5	2	2	1
L.P.S ,മുറിയാംമൂട്	4	2	-	-	-	-	-	-	-	1	15	1	-	ഇല്ല	„	ഇല്ല	ഉണ്ട്	ഇല്ല	-	5	2	2	1
B.B.H.S ,നങ്ങ്യാർകുളങ്ങര	15	4	-	-	35	-	-	-	-	5	20	3	4	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	-	-	-	-	-
B.B. L.P.S ,നങ്ങ്യാർകുളങ്ങര	18	3	-	-	22	-	-	-	-	2	-	-	2	„	ഇല്ല	ഉണ്ട്	ഇല്ല	„	-	-	-	-	-
C.K.H.S. ,ചേപ്പാട്	14	3	-	-	19	-	-	12	2	3	20	2	1	„	ഇല്ല	ഉണ്ട്	ഇല്ല	പോര	10	10	4	5	2
L.P.S ,മുട്ടം	4	2	-	-	-	-	-	-	1	-	-	1	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	„	-	5	2	2	2
L.P.S ,കണിച്ചനല്ലൂർ	9	2	-	-	9	-	-	4	1	1	-	1	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	„	-	14	3	9	2
S.K.V. U.P.S ,ഏവൂർ വടക്ക്	5	4	-	-	16	-	-	-	-	4	-	-	3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	മതി	-	-	-	-	-
L.P.S. , ഏവൂർ വടക്ക്	7	2	-	-	8	1	-	-	-	1	-	-	1	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	മതി	-	-	-	-	-

അവലംബം: സെക്കൻറി ഡേറ്റാ

ബി.ബി.എച്ച്. എസ്സ്, നങ്ങ്യാർകുളങ്ങര

1931മെയ് 18ന് സ്കൂൾ സ്ഥാപിതമായി. കത്തോലിക്കാ സഭ മാനേജ്മെൻറിൻെറ കീഴിലുള്ളതാണ് പ്രശസ്തമായ ഈ സ്കൂൾ. ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനി സ്ഥാപിച്ചു. എസ്സ്.എസ്സ്. എൽ.സിയ്ക്ക് ഉയർന്ന വിജയശതമാനം നിലനിർത്തി വരുന്ന ഈ സ്കൂളിൽ പെൺകുട്ടികൾക്കുമാത്രമേ പ്രവേശനമുള്ളു. റാങ്ക് ജേതാക്കളെപ്പോലും സംഭാവന ചെയ്യുവാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ബോർഡിംഗ് സൗകര്യം പഞ്ചായത്തിലെ സ്കൂളുകളിൽ ഇവിടെമാത്രമാണുള്ളത്. 1611 കുട്ടികൾ ഇവിടെ പഠിക്കുന്നു. കലാകായിക രംഗത്തും മികച്ച നിലവാരം പുലർത്താൻ സ്കൂളിനു കഴിയുന്നു. യു.പി. വിഭാഗവും ഇവിടെയുണ്ട്.

പ്രീ-പ്രൈമറി

പഞ്ചായത്തിലെ ഇരുപത് അംഗൻവാടികൾ കൂടാതെ സർക്കാർ പ്രീ-പ്രൈമറി സ്കൂളുകൾ ഒന്നും തന്നെയില്ല. പഞ്ചായത്തിലെ പ്രീ-പ്രൈമറി രംഗത്ത് ആശാവഹമല്ലാത്ത ഒരു പ്രവണത വളർന്നു വരുന്നുണ്ട്. ശാസ്ത്രീയത അവംലംബിക്കാത്ത ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി സ്കൂളുകളിലേക്ക് കുട്ടികളെ വിടാനുള്ള രക്ഷാകർത്താക്കളുടെ അമിതാവേശം ഇതിന് ആക്കം കൂട്ടുന്നു.

പഞ്ചായത്തിൽ അഞ്ച് അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലെ ബഹുപൂരിപക്ഷം കുട്ടികളും ഈ ഗ്രാമത്തിൽ നിന്നുതന്നെ വരുന്നവരാണ്. വിദൂരസ്ഥലങ്ങളിൽ നിന്നും വിദ്യാർത്ഥികൾ എത്തുന്നത് ബി.ബി.എൻ.എസ്സിൽ മാത്രമാണ്. ഇവിടുത്തെ പ്രവേശന നിബന്ധനകൾ ഏറെ കർക്കശമാക്കിയിട്ടുള്ളതും, പ്രവേശനോപാധികളും പൊതുവേ പ്രതിക്ഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ നിരവധി കുട്ടികൾ പുറത്തുപോയി പഠിക്കുന്ന രീതിയും ഇന്ന് വ്യാപകമാണ്.

അദ്ധ്യാപക രക്ഷാകർത്തൃ സമിതി

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും സ്കൂളിൻെറ ദൈനംദിന പ്രശ്നങ്ങളിൽ ബന്ധപ്പെട്ട് പരിഹാര മാർഗ്ഗങ്ങൾ ആരായാനും കഴിയും വിധം അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ (P.T.A) രൂപീകരിച്ചിട്ടുണ്ട്. മിക്ക സ്കൂളുകളിലും മാതൃ സംഗമവും പ്രവർത്തിക്കുന്നുണ്ട്. പാഠ്യ പാഠ്യേതര വിഷയങ്ങളിലെ പ്രാഗത്ഭ്യം ഉയർത്താൻ അദ്ധ്യാപകരോടൊപ്പം തന്നെ രക്ഷാകർത്താക്കളും സജീവമായി രംഗത്തുവരാറുണ്ട്. എൽ.പി., യു.പി, സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിൽ ക്രിയാത്മകമായ സഹകരണം ഉറപ്പാക്കാൻ പി.റ്റി.എയ്ക്ക് കഴിയുന്നു.

പ്രശ്നങ്ങൾ

1. ബി.ബി.എച്ച്.എസ്സ്-യു.പി. എസ്സ് എന്നീ സ്കൂളുകളിൽ ഒഴികെ മറ്റെല്ലായിടത്തും കുട്ടികളുടെ എണ്ണം ക്രമേണ കുറയുന്നു.
2. സി.കെ.എച്ച്. എസ്സിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടേണ്ടതുണ്ട്.
3. ക്ലാസ് മുറികളിലെ ഫർണീച്ചർ, ബ്ലാക്ക് ബോർഡ്, മൂത്രപ്പുര, ചുറ്റുമതിൽ, കുടിനീർ സൗകര്യം എന്നിവയുടെ അപര്യാപ്തത.
4. ഹൈസ്കൂൾ നിലവാരത്തിലും നിരക്ഷരർ പെരുകുന്നു
5. പാഠപുസ്തകങ്ങൾ യഥാസമയത്ത് ലഭിക്കാതിരിക്കൽ
6. ക്ലാസുകൾ വിരസവും കൃത്രിമവുമാകുന്നു.
7. പി.റ്റി.എയുടെ നിരന്തര ഇടപെടൽ ഇല്ലാതിരിക്കൽ.
8. അംഗനവാടികളിൽ കുട്ടികളുടെ വിനോദത്തിനായി മതിയായ ഉപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല. കളികളിലൂടെ കാര്യങ്ങൾ പഠിപ്പിക്കുന്നതിനു പകരം ക്ലാസുകൾ ഔപചാരികമാക്കുന്നു.
9. ബി.ബി.എച്ച്.എസ്സിലെ പ്രവേശനത്തിന് അധികൃതർ കാട്ടുന്ന കർശനമായ നിയന്ത്രണങ്ങൾ സാധാരണ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുന്നു.
10. ലബോറട്ടറികൾ ഉപയോഗിക്കുന്നില്ല, ലൈബ്രറി സൗകര്യങ്ങൾ പൂർണ്ണ അളവിൽ പ്രയോജനപ്പെടുത്തുന്നില്ല, കുട്ടികളുടെ വിജ്ഞാനവാസനയെ പോഷിപ്പിക്കുവാൻ പര്യാപ്തമായ പുസ്തകങ്ങൾ, ഫലപ്രദമായി വിതരണം നടത്തുന്നില്ല.
11. ഓർമ്മശക്തി മാത്രം പരിശോധിക്കുന്ന ഇന്നത്തെ പരീക്ഷാരീതി അശാസ്ത്രീയം.
12. പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയം പൂർണ്ണ അളവിൽ ഉപയോഗിക്കുവാൻ അതാത് വിഷയങ്ങളിലെ അദ്ധ്യാപകർ ശ്രദ്ധിക്കുന്നില്ല. (ഉദാ: തയ്യൽ, ഡ്രിൽ, ഡ്രോയിംഗ്, സംഗീതം) ഇതുമൂലം കലാകായിക രംഗങ്ങളിൽ പഞ്ചായത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാതെ പോകുന്നു. പഠനം രസകരമാക്കാൻ കഴിയും വിധം അദ്ധ്യാപകർക്ക് പുനർ പരിശീലനം നൽകുന്നില്ല.

13. തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ പദ്ധതികളില്ല.

14. ജീവിത ഗന്ധിയായ വിദ്യാഭ്യാസ രീതി അന്യമാകുന്നു.

15. അദ്ധ്യാപകരുടെ സാമൂഹിക പ്രതിബദ്ധത നഷ്ടപ്പെട്ട് ഈ രംഗത്ത് മൂല്യച്യുതി ഉണ്ടാകുന്നു.

സാദ്ധ്യതകൾ/പരിഹാരങ്ങൾ

1. സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ കൊഴിഞ്ഞുപോകുന്നത് ഒഴിവാക്കാൻ പൊതുജനങ്ങളിൽ വ്യാപകമായ ബോധവൽക്കരണം നടത്തണം. മാതൃസംഗമം, പി.റ്റി.എ. യോഗങ്ങൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസ വിചക്ഷണർ തന്നെ ഈ കാര്യങ്ങൾ അവതരിപ്പിക്കുവാൻ തയ്യാറാകണം. സർക്കാർ എയിഡഡ് സ്കൂളുകളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ ഒഴിവാക്കുവാനും, അവിടുത്തെ പഠന നിലവാരം മെച്ചപ്പെടുത്തി ബഹുജന ശ്രദ്ധ ആകർഷിക്കുവാനും കഴിയണം.

2. അക്ഷരമറിയാത്ത കുട്ടികളിൽ അക്ഷരജ്ഞാനവും, അക്കജ്ഞാനവും ഉറപ്പിക്കുവാൻ അക്ഷരവേദികൾ ആരംഭിക്കുക. വിജയ ശതമാനം ഉയർത്താൻ ശരാശരി നിലവാരം പുലർത്താത്ത വിദ്യാർത്ഥികളെ കണ്ടുപിടിച്ച് അദ്ധ്യയന സമയത്തിനുശേഷം പ്രത്യേക കോച്ചിംഗ് നൽകണം. ഇതിന് തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരെ നിയമിക്കണം. സമർത്ഥരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ചർച്ചാരൂപത്തിൽ ക്ലാസുകൾ നൽകണം. ഫലപ്രദമായ രൂപത്തിൽ സ്കൂൾ കോംപ്ലക്സ് നടപ്പാക്കണം.

3. ക്ലാസ് മുറികളിൽ ആവശ്യാനുസരണം ഡസ്കും, ബഞ്ചും നൽകണം. ക്ലാസ് മുറികൾ സ്വതന്ത്രവും ഏകാഗ്രവും ആക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. (ക്ലാസ് മുറികൾ മറവെച്ച് തിരിക്കുകയോ, ഭിത്തികെട്ടി തിരിക്കുകയോ ചെയ്യണം.) ചുറ്റുമതിൽ, മൂത്രപ്പുര, കുടിനീർ സൗകര്യം, കളിസ്ഥലം എന്നിവ ഇല്ലാത്ത സ്കൂളുകൾക്ക് അവ ഉണ്ടാക്കണം.

4. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പഞ്ചായത്തിൽ ആരംഭിക്കണം.

5. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കും മുമ്പ് തന്നെ ലഭ്യമാക്കണം.

6. പഞ്ചായത്തിൽ ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ അധ്യാപകർക്കാവശ്യമായ പുനർപരിശീലനം നൽകണം.

7. പി.റ്റി.എ., മാതൃസംഗമം എന്നിവ സജീവമാക്കുക, ഇതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക.

8. അംഗൻവാടികളിലെ പഠനം രസകരമാക്കാൻ അദ്ധ്യാപികമാർക്ക് ആവശ്യമായ റിഫ്രഷിംഗ് കോഴ്സുകൾ നൽകണം. യോഗ്യത ഉള്ളവരെ മാത്രം അംഗൻവാടി അധ്യാപികമാരായി നിയമിക്കുക.

9. ആവശ്യമായ കളിക്കോപ്പുകൾ അംഗൻവാടികൾക്ക് നൽകുക. കെട്ടിടങ്ങൾ ഇല്ലാത്ത ആംഗൻവാടികൾക്ക് കെട്ടിടം പണിയിക്കുക. പഞ്ചായത്തിൽ ഒരു മാതൃകാ നേഴ്സറി ആരംഭിക്കുക. എട്ടാം വാർഡിലെ മോഡൽ അംഗൻവാടിക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.

10. B.B.H.S., U.P., നഴ്സറി വിഭാഗങ്ങളിൽ പ്രവേശനം ഉദാരമാക്കുക.

11. ലാബറട്ടറി ഫലപ്രദമായി ഉപയോഗിക്കുക. എൽ. പി., യു.പി., വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുകൂടി ഇതു പ്രയോജനപ്പെടുത്തുവാൻ കഴിയുംവിധം സൗകര്യമൊരുക്കുക. കുട്ടികളുടെ അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങളോടുകൂടിയ ലൈബ്രറികൾ സ്ഥാപിക്കുക.

12. 'അയൽപക്കസ്കൂൾ സമ്പ്രദായം നടപ്പാക്കുക


13. ഏഴാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി നല്കുക.

14. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് വേണ്ട പരിശീലനം നൽകുക. അതിന് പഞ്ചായത്ത് തല സംവിധാനം ആരംഭിക്കുക.

15. പി.റ്റി.എ, മാതൃസംഗമം എന്നിവയുടെ പ്രതിനിധികളും, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും, വിദ്യാഭ്യാസ വിദഗ്ദ്ധരും ഉൾപ്പെട്ട പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

16. കണിച്ചനെല്ലൂർ എൽ.പി.എസ് യു.പി.എസ് ആയി ഉയർത്തുക

സാമൂഹിക മാറ്റത്തിന് ഉൾപ്രേരണയാകുന്ന വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കുവാൻ ഇനിയും സംഘടിതമായ മുന്നേറ്റങ്ങൾക്ക് തയ്യാറാവേണ്ടിയിരിക്കുന്നു. അക്ഷരം അഗ്നിയാണ്, അറിവ് ശക്തിയാണ്. വിദ്യ ധനമാണ് എന്ന ആപ്തവാക്യം അനർത്ഥമാക്കുവാൻ, വികസനസ്വപ്നം സാക്ഷാത്കരിക്കുവാൻ വിദ്യാഭ്യാസരംഗത്തെ നമുക്ക് ഒറ്റക്കെട്ടായി ശക്തിപ്പെടുത്താം. ■



9

സംസ്കാരം

മതസൗഹാർദ്ദവും, മാനവീയതയും , ദേശീയ ബോധവും കലാപാരമ്പര്യവും, ഊടും പാവുമിട്ട ഒരു സംസ്കാരമാണ് ചേപ്പാടിനേറത്. മറ്റു ഗ്രാമങ്ങൾക്കുപോലും അത് മാതൃകയായിട്ടുണ്ട്. ഈ സാംസ്കാരിക പൈതൃകം ഒന്നോ രണ്ടോ വ്യക്തികളോ, ഏതെങ്കിലും ഒരു പ്രസ്ഥാനമോ, ഔദാര്യപൂർവ്വം സമ്മാനിച്ചതല്ല. എഴുത്തും വായനയും, കാലാനുസാരിയായ സാമൂഹിക ദേശീയ പ്രശ്നങ്ങളും ഉൾക്കൊണ്ട് സ്വയം പുരോഗമനപാത സ്വീകരിച്ച ഒരു ജനവിഭാഗം പടിപടിയായി പടുത്തുയർത്തിയതാണ് ഈ ശ്രേഷ്ഠ സംസ്കാരം എന്ന് പറയാം. എങ്കിലും മഹാഗുരു ശ്രീനാരായണന്റെയും, ദേശീയ പോരാട്ടങ്ങളുടേയും, തൊഴിലാളി വർഗസംഘാടനത്തിന്റെയും അദൃശ്യകരങ്ങൾ ഈ സംസ്കാരിക മേന്മയെ തലോടിയിട്ടുണ്ടെന്നത് സത്യം.

കലാശാസ്ത്ര രംഗത്തെ അപൂർവ്വ സിദ്ധികൾ കൊണ്ട് എന്നും ചേപ്പാട് അനുഗ്രഹീതമായിരുന്നു. സാഹിത്യാസ്വാദനത്തിനും സാംസ്കാരിക മുന്നേറ്റത്തിനും വഴിയൊരുക്കുന്ന ഒട്ടേറെ സംഘടിത പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ കർമ്മപഥത്തിൽ വന്നിട്ടുണ്ട്. നാടകാദി അഭിനയ കലകളെ പ്രോത്സാഹിപ്പിക്കാനും, സാഹിത്യസംവാദത്തിനും വേണ്ടി മുട്ടത്ത് രൂപീകരിച്ച ജ്ഞാനപ്രദായിനി സാഹിത്യസമാജം ഈ രംഗത്ത് പ്രാത:സ്മരണീയമാണ്.

ജ്ഞാനപ്രദായിനി സാഹിത്യസമാജം

ഡോക്ടർ കുമാരനായിരുന്നു ഇതിന്റെ സംഘാടകരിൽ പ്രമുഖൻ. ഇതിന്റെ വകയായി മുട്ടം തെക്കടുത്ത് ശിവക്ഷേത്രത്തിനു സമീപം ഒരു വിശാലമായ ഹാൾ പണിതുയർത്തിയിരുന്നു. ജ്ഞാനപ്രദായിനി എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ഹാളിൽവച്ചായിരുന്നു പഞ്ചായത്തിൽ ആദ്യമായി സിനിമാ പ്രദർശനം നടത്തിയത്. ഗ്രേറ്റ് ഡിവൈൻ ടാക്കീസിന്റെ നേതൃത്വത്തിൽ നടത്തിയ സിനിമാ പ്രദർശനം മാസങ്ങളോളം നീണ്ടു നിന്നു. പുതിയ തലമുറയ്ക്ക് കേട്ടുകേൾവിപോലുമില്ലാത്ത ഈ കാര്യം നാട്ടിലെ പഴമക്കാർ ഇന്നും മനസ്സിൽ സൂക്ഷിക്കുന്ന അവിസ്മരണീയമായ സംഭവപരമ്പരയിൽ ഒന്നാണ്.

പ്രതിഭാവിലാസിനി

മുട്ടത്ത് ആരംഭിച്ച ജ്ഞാനപ്രദായിനി സാഹിത്യ സമാജത്തോട് ക്രിയാത്മക മത്സരം ഉയർത്തി വലിയകുഴി പ്രദേശത്ത് ഉയർന്നുവന്ന മറ്റൊരു കലാ സാംസ്കാരിക പ്രസ്ഥാനമായിരുന്നു പ്രതിഭാവിലാസിനി. താഴും വള്ളിൽ ഡോക്ടർ മധുസൂദനനായിരുന്നു ഇതിന്റെ മുഖ്യശില്പി. പൊന്മേലിൽ ക്ഷേത്രത്തിനു പടിഞ്ഞാറു വശത്ത് അതിവിശാലമായ ഒരു ഹാൾ ഇതിന്റെ വകയായി ഉണ്ടായിരുന്നു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഹരിജൻ പ്രസ്ഥാനത്തിന്റെ മുൻ നിരയിലുണ്ടായിരുന്ന രാമേശ്വരിനെഹ്റു ഈ ഹാളിൽ നടന്ന പരിപാടിയിൽ സംബന്ധിക്കാൻ എത്തിയിട്ടുണ്ട്. കവി ശ്രേഷ്ഠനായ പള്ളത്ത് രാമൻ ഉൾപ്പെടെ പല പ്രമുഖരും സാംസ്കാരിക പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇവിടെ വന്നിരുന്നു. അദ്ദേഹത്തിന്റെ 'ഉന്മാദിനി' എന്ന സിനിമയുടെ പ്രദർശനവും ഇവിടെ പണ്ടു നടത്തിയിരുന്നത്രേ.

ദേശബന്ധു കലാസമിതി

പഴയ തലമുറയുടെ സാഹിത്യസാംസ്കാരിക സമന്വയനോഭാവത്തിന്റെ നിദർശനമായിരുന്നു ദേശബന്ധു കലാസമിതി. ദേശബന്ധു ഗ്രന്ഥാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ സമിതിയുടെ ആഭിമുഖ്യത്തിൽ അക്കാലത്ത് സാഹിത്യസംവാദങ്ങളും സിംപോസി

യങ്ങളും പതിവായിരുന്നുവത്രേ. കേരളത്തിൽ എമ്പാടും അറിയപ്പെട്ടിരുന്ന അനവധി കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് നാടകസമിതി രൂപീകരിക്കാനും ആരാലും ശ്രദ്ധിക്കപ്പെടുന്ന വാർഷികാഘോഷങ്ങൾ കൊണ്ട് പ്രശസ്തമായിതീരുവാനും ഈ കലാസമിതിക്കും കഴിഞ്ഞിരുന്നു. എന്നാൽ ഇവ മൂന്നും ഇന്ന് കഥാവശേഷമായിപ്പോയിരിക്കുന്നുവെന്ന് ദു:ഖത്തോടെ പറയേണ്ടിയിരിക്കുന്നു.

ജന്മായത്തമായ വാസനാവൈഭവത്തെയും കലാസിദ്ധിയെയും സഹായിക്കാൻ കേരളത്തിൽ എമ്പാടും പ്രശസ്തമായിരുന്ന ഏവൂർ ദേശബന്ധു വായനശാലയും ഗ്രന്ഥാലയവും സഹായിച്ചുവെന്നത് നിസ്തർക്കു ചൂണ്ടിക്കാട്ടാം. ഈ കാര്യത്തിൽ കിടയറ്റ സംഭാവന നൽകിയമറ്റൊരു പ്രസ്ഥാനം മുട്ടം വിജ്ഞാനവികാസിനി വായനശാലയും ഗ്രന്ഥശാലയുമാണ്.

ഏവൂർ ദേശബന്ധു വായനശാലയും ഗ്രന്ഥാലയവും

ദേശബന്ധു ചിത്തരഞ്ജൻ ദാസിന്റെ സ്മാരകമായി 1925ൽ ഈ ഗ്രന്ഥാലയം സ്ഥാപിതമായി. ആദ്യകാലത്ത് കേരളത്തിലെ ഒന്നാം കിട ഗ്രന്ഥാലയങ്ങളിൽ ഒന്നായിരുന്നു ഇത്. 25,000 പുസ്തകങ്ങളോളം ഇവിടെയുണ്ട്. സമസ്തമേഖലകളെ സംബന്ധിക്കുന്ന നിരവധി റഫറൻസ് ഗ്രന്ഥങ്ങൾ ഇതിൽപ്പെടുന്നു.ഇന്നു ലഭ്യമല്ലാത്ത ഒട്ടനവധി അമൂല്യഗ്രന്ഥങ്ങളും, താളിയോലകളും, പ്രചാരം നഷ്ടപ്പെട്ട അത്യപൂർവ്വ പ്രാചീന ഗ്രന്ഥങ്ങളും ഈ ഗ്രന്ഥശാലയ്ക്ക് മാത്രം അഭിമാനിയ്ക്കാവുന്ന സമ്പത്താണ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും, റിസർച്ച് വിദ്യാർത്ഥികളും ഇന്നും ഈ വായനശാലയെ പ്രയോജനപ്പെടുത്തുന്നു. ഒരു പക്ഷെ ഏവൂർ അടങ്ങുന്ന ചേപ്പാട് ഗ്രാമത്തിന്റെ ഖ്യാതിയും പെരുമയും കേരളമെമ്പാടും ശ്രദ്ധേയമാകുവാൻ പ്രഥമവും, പ്രധാനവുമായ പങ്ക് ഈ ഗ്രന്ഥാലയത്തിനുണ്ടെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

ഒരു ഗ്രാമത്തിന്റെയെന്നല്ല ഈ നാടിന്റെ തന്നെ വിളക്കും വെളിച്ചവുമായി മാറിയ ഈ ഗ്രന്ഥാലയത്തിന്റെ സ്ഥാപകരിൽ പുന്നൂർ കെ.എം. കേശവൻ Ex. MLC, ഇടയാറ്റൂർ വടക്കതിൽ എൻ. പരമേശ്വരൻ പിള്ള തുടങ്ങിയവരുടെ നാമം ആദരപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു.കേരളത്തിന്റെ മഹാപ്രതിഭകൾ പോലും ഈ വായനശാലയെ പ്രയോജനപ്പെടുത്തുകയും ഇവിടം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ദേശബന്ധു വായനശാലയിൽ ഇന്നും പവിത്രമായി സൂക്ഷിച്ചുപോരുന്ന സന്ദർശക ഡയറി അതിനു സാക്ഷ്യം. കൊല്ലവർഷം 1109 മീനം 12-ാം തീയതി മഹാകവി ഉള്ളൂർ ഇവിടം സന്ദർശിച്ചു. മഹാകവി വള്ളത്തോൾ, മഹാകവി ചങ്ങമ്പുഴ, മന്നത്തുപദ്മനാഭൻ, ശൂരനാട് കുഞ്ഞൻ പിള്ള, പള്ളത്തു രാമൻ, എൻ.പി. ചെല്ലപ്പൻ നായർ, സി. നാരായണപിള്ള തുടങ്ങിയ മഹാരഥന്മാർ സന്ദർശകരിൽ പ്രമുഖരാണ്.

വായനക്കാരുടെ കുറവുകൊണ്ടും വരുമാനക്കുറവുകൊണ്ടും ഈ ഗ്രന്ഥാലയം പിടിച്ചു നില്ക്കാൻ പ്രയാസപ്പെടുന്നു. ഈ അക്ഷര സാഗരത്തിന്റെ അനശ്വരതയ്ക്കും, വളർച്ചയ്ക്കും അധികൃതരുടെ പ്രത്യേകശ്രദ്ധ ഉണ്ടായേ തീരൂ. പഞ്ചായത്തിലെ ഒരു കേന്ദ്രഗ്രന്ഥാലയമായി ഇതിനെ ഉയർത്താവുന്നതാണ്. ഗ്രന്ഥാലയത്തോടു ചേർന്നു പ്രവർത്തിച്ചിരുന്ന റേഡിയോ ഗ്രാമരംഗപരിപാടിയും ഇന്ന് സ്തംഭനത്തിലാണ്.

ചേപ്പാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ വിവരം

നമ്പർ	പേര്	സ്ഥാപക വർഷം	ഗ്രന്ഥങ്ങൾ	പ്രതിമാസവിതരണം	ഗ്രാന്റ്	ഗ്രേഡ്
1.	ദേശബന്ധു ഗ്രന്ഥശാല & വായനശാല	1925	25,000	1200	16,000	A
2.	വിജ്ഞാന വികാസിനി വായനശാല & ഗ്രന്ഥശാല	1904	8000	500	8000	B
3.	ചേപ്പാട് പഞ്ചായത്ത് വായനശാല	1995	1027	150		

മുട്ടം വിജ്ഞാനവികാസിനി വായനശാല &ഗ്രന്ഥശാല

വിദ്യാഭ്യാസരംഗത്തും വിജ്ഞാനരംഗത്തും ഉല്പതിഷ്ണുത്വം കാട്ടിയ ആലുംമൂട്ടിൽ കുടുംബത്തിന്റെ അകമഴിഞ്ഞ സഹായസഹകരണങ്ങളാൽ കൊണ്ടാണ് മുട്ടം വിജ്ഞാനവികാസിനി വായനശാലയും ഗ്രന്ഥശാലയും സ്ഥാപിതമായത്. (1904) സാഹിത്യകാരനായിരുന്ന കെ.രാമനാണ് ഇതിന്റെ സംഘാടകരിൽ പ്രമുഖൻ. ടി. കെ. മാധൻ, എ.പി.ഉദയഭാനു എന്നിവർ ഈ വായനശാലയുടെ ആദ്യകാല അംഗങ്ങളും പ്രവർത്തകരുമാണ്. 8000 ഗ്രന്ഥങ്ങൾ ഇവിടെയുണ്ട്. ഗ്രന്ഥാലയത്തോടുചേർന്ന് പ്രവർത്തിച്ചിരുന്ന റേഡിയോ ഗ്രാമരംഗപരിപാടിയും ഇന്ന് സ്തംഭനത്തിലാണ്.

സാംസ്കാരിക നിലയം

പഞ്ചായത്ത് അധീനതയിലുള്ള സാംസ്കാരിക നിലയം 1995ൽ ആരംഭിച്ചു. ഇതിനോടനുബന്ധിച്ച് ഒരു വായനശാലയും പ്രവർത്തിച്ചു വരുന്നു. 1500ഓളം പുസ്തകങ്ങൾ ഇതിന്റെ ശേഖരത്തിലുണ്ട്.

മുട്ടം ചൂണ്ടുപലകജംഗ്ഷന് കിഴക്ക് സ്ഥാപിച്ചിട്ടുള്ള ശ്രീരാമകൃഷ്ണാശ്രമവും അതിനോടനുബന്ധിച്ചുണ്ടായിരുന്ന ഗ്രന്ഥാലയവും വിജ്ഞാനവ്യാപനത്തിനും, സാംസ്കാരികോന്നതിയ്ക്കും നിർലോഭമായ സംഭാവന നൽകിയ മറ്റൊരു മഹത് സ്ഥാപനമായിരുന്നു.

കലാസാംസ്കാരിക സംഘടനകൾ

ഒരു കാലഘട്ടത്തിൽ സാംസ്കാരിക നവോത്ഥാനത്തിനും, കലാ-കായികാഭിരുചികളുടെ വളർച്ചയ്ക്കും കളമൊരുക്കിയ കലാസാംസ്കാരിക സംഘടനകൾ പ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർണ്ണ അളവിൽ നിറവേറ്റുന്നില്ലെങ്കിലും ഇന്നും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. എണ്ണത്തിൽ ഏറെയുണ്ടെങ്കിലും ഗുണനിലവാരത്തിൽ ആശാവഹമായ ഒരു നില കൈവരിക്കുവാൻ ഇതിൽ ബഹുഭൂരിപക്ഷം സംഘടനകൾക്കും കഴിയുന്നില്ല എന്നതാണ് സത്യം.

സർഗ്ഗവേദി (AKGസ്മാരകം)ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്-മുട്ടം, പ്രോഗ്രസീവ് തിങ്കേഴ്സ് ഫോറം-ഏവൂർ, ഗ്രാമശ്രീ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്-ചേപ്പാട്, സാരഥി ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ്-ചേപ്പാട്, ഹരിശ്രീ പൗരസമിതി-ചേപ്പാട്, സമത ആർട്ട്സ് & സ്പോർട്ട് ക്ലബ്ബ്-മുട്ടം, മൈത്രി സാംസ്കാരിക സമിതി-കണിച്ചനെല്ലൂർ, ആശ്രയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, കണിച്ചനല്ലൂർ, തംബുരു-പനച്ചമൂട്, സമത അക്ഷരസംഘം-ഏവൂർ, സഹൃദയ ആർട്ട്സ് ക്ലബ്-ചേപ്പാട്, ശില്പശാല-മുട്ടം, അയ്യപ്പാ ആർട്ട്സ് ക്ലബ്ബ്-മുട്ടം, ചിലങ്ക ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ്-ഏവൂർ, ചൈതന്യ ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ്-ഏവൂർ, ഫ്രണ്ട്സ് ആർട്ട് & സ്പോർട്ട്സ് ക്ലബ്ബ്-കാഞ്ഞൂർ എന്നീ സംഘടനകളാണ് പ്രവർത്തനരംഗത്തുള്ളത്.

മിക്ക സംഘടനകളും ജില്ലാ രജിസ്ട്രാറുടെ അംഗീകാരം നേടിയിട്ടുള്ളവയാണെങ്കിലും നിയമാവലിയിൽ പറയുന്ന പ്രകാരം പ്രവർത്തിക്കുന്നില്ലെന്നതാണ് വാസ്തവം. നാടിന്റെ ബഹുമുഖമായ പ്രശ്നങ്ങളിൽ ഇടപെടുകയും, സാമൂഹിക നീതിയ്ക്കും നേട്ടത്തിനും വേണ്ടിയുള്ള ദൈനംദിനപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്ന സംഘടനകൾ പരിമിതമാണ്. വാർഷിക പരിപാടികളും, ഓണാഘോഷപരിപാടികളും, ചില ഒറ്റപ്പെട്ട പരിപാടികളും നടത്തി പല സംഘടനകളും തങ്ങളുടെ സാംസ്കാരിക പ്രവർത്തനത്തെ പരിമിതപ്പെടുത്തുന്നു. കാലികപ്രശ്നങ്ങളിൽ സത്വരമായി ഇടപെടാനും പ്രതികരിക്കുവാനും പലേ സംഘടനകൾക്കും കഴിയുന്നില്ല. പഞ്ചായത്തിൽ നിറഞ്ഞു നില്ക്കുന്ന പ്രവർത്തനങ്ങളോ, കാലാകാലങ്ങളിൽ സർക്കാർ കൊണ്ടുവരുന്ന പുത്തൻ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടികളോ ഈ സംഘടനകൾ മിക്കതും ഏറ്റെടുക്കാറില്ല. മുമ്പ് മുട്ടം വിജ്ഞാന വികാസിനി വായനശാലയുടെ കീഴിൽ സംഘടിപ്പിച്ചിരുന്ന വിജ്ഞാനവികാസിനി ആർട്ട്സ് ക്ലബ്ബ് ചില മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിരുന്നു. എന്നാൽ ഇന്ന് ആ സംഘടന പ്രവർത്തിക്കുന്നില്ല. അല്പമാത്രമായെങ്കിലും ബോധവത്കരണ പരിപാടികൾ ഏറ്റെടുത്ത് ബ്ലോക്ക് യൂത്ത് വെൽഫയർ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത് മുട്ടം സർഗ്ഗവേദിയാണ്. എങ്കിലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. മറ്റുള്ളവയെല്ലാം ഈ രംഗത്ത് ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു.

നാലു ദശാബ്ദങ്ങൾ മുമ്പ് നമ്മുടെ പഞ്ചായത്തിൽ ചേപ്പാട്ട് ഒരു സിനിമാ തിയേറ്റർ ഉണ്ടായിരുന്നു. അത് പിന്നീട് പ്രവർത്തന രഹിതമായി. ഇതിനുശേഷം ആരംഭിച്ച ഏവൂരെയും, മുട്ടത്തെയും സിനിമാ തിയേറ്ററും അകാലത്തിൽ അപ്രത്യക്ഷമാകുകയായിരുന്നു.

ഏവൂർ ശ്രീകൃഷ്ണ വിലാസം കഥകളിയോഗം, ഏവൂർ കണ്ണമ്പള്ളിൽ കഥകളി യോഗം, മോഴൂർ കഥകളിയോഗം എന്നിവ കേരളത്തിന്റെ തനതു കലയായ കഥകളി രംഗത്ത് സ്തുത്യർഹമായ പ്രോത്സാഹനം നൽകിവരുന്നു.


പ്രശ്നങ്ങൾ

1. സാംസ്കാരിക സംഘടനകൾ ദൈനംദിന പ്രവർത്തനങ്ങളിൽ വരുന്നില്ല.
2. ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നില്ല.
3. ആസ്ഥാനങ്ങൾ സ്വന്തമായില്ല.
4. പഞ്ചായത്തിലെ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് പാരസ്പര്യം ഇല്ല.
5. കായികരംഗത്ത് പ്രോത്സാഹനം ലഭിക്കുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനങ്ങളെ നിരീക്ഷിക്കുവാനും, സജീവമാക്കുവാനും കഴിയും വിധം ക്ലബ്ബുകളുടെ പ്രതിനിധികൾ, പഞ്ചായത്ത് ഭരണ സമിതിയുടെ നിയോഗിക്കപ്പെട്ട അംഗങ്ങൾ, സ്ഥലത്തെ പ്രധാന സാംസ്കാരിക പ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന പഞ്ചായത്തു തല സമിതി രൂപീകരിക്കുക.
2. കായികരംഗത്ത് മികവുകാട്ടുന്നവരെ സഹായിക്കാൻ പഞ്ചായത്തുതലത്തിൽ എല്ലാസൗകര്യങ്ങളും ചെയ്തുകൊടുക്കുക.
3. പഞ്ചായത്ത് പുറമ്പോക്കുകൾ സാംസ്കാരിക സംഘടനകൾക്ക് ദീർഘകാല വാടകയ്ക്ക് നൽകുക.
4. ബോധവൽകരണപരിപാടികൾ സന്നദ്ധസാംസ്കാരിക സംഘടനകളെ ഏല്പിക്കുക.
5. ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ള 'A' ഗ്രേഡ് ലൈബ്രറിയെ പഞ്ചായത്തിന്റെ കേന്ദ്രീകൃത ലൈബ്രറിയായി ഉയർത്തുക. റഫറൻസ് സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ പരമാവധി സഹായം ഉറപ്പാക്കുക.
6. ബോധവത്കരണപരിപാടികളുടെ ഭാഗമായി പഞ്ചായത്തിലെ ലൈബ്രറികൾ തോറും ടിവി. കേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക.
8. ഗ്രന്ഥശാലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കു പ്രത്യേക പരിഗണന ഏർപ്പെടുത്തുക.
9. സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ എല്ലാ ഗ്രന്ഥശാലകളോടും അനുബന്ധിച്ച് സ്ഥാപിക്കുക.
10. കലകളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
11. ഏറ്റവും നല്ലപ്രവർത്തനം കാഴ്ചവെയ്ക്കുന്ന കലാസാംസ്കാരിക സംഘടനയ്ക്ക് ഓരോ വർഷവും പ്രത്യേക ആനുകൂല്യങ്ങൾ നൽകുക.
12. വികസന പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക.
13. പ്രൊഫഷണൽ കലാപ്രസ്ഥാനങ്ങൾക്ക് അമിത പ്രാധാന്യം നൽകാതെ, അമച്വർ കലാരൂപങ്ങളെ വളർത്തിയെടുത്ത് നാട്ടിൻ പുറത്തെ കലാപ്രതിഭകളെ പോഷിപ്പിക്കാൻ കഴിയണം.





10
വനിതാക്ഷേമം

''എന്നെ ദേവതയായി പൂജിക്കേണ്ട, പക്ഷെ
എന്നെ പുഴുവായി അവഗണിയ്ക്കരുത്.
എന്നെ ഞാനായി അംഗീകരിക്കുക''

സാമൂഹിക - സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ എന്നും മറ്റു സംസ്ഥാനങ്ങൾക്ക് മഹനീയ മാതൃക കാട്ടിയ കേരളം സ്ത്രീകൾക്ക് അർഹിക്കുന്ന അംഗീകാരവും പരിഗണനയും നൽകുന്ന കാര്യത്തിൽ അലംഭാവം കാട്ടി. സമസ്ത മേഖലകളിലും നിലനില്ക്കുന്ന അന്യവല്ക്കരണമാണ് അവർ നേരിടുന്ന പ്രധാന വെല്ലുവിളി. സമൂഹം നേട്ടങ്ങൾ കൊയ്തെടുക്കുമ്പോൾ ഇതിനുവേണ്ടി ''സ്ത്രീ ശക്തി'' നൽകിയ സംഭാവനയെ നാം ശ്രദ്ധാപൂർവ്വം വിസ്മരിക്കുന്നു. തൊഴിലിനേറെയും സാമ്പത്തിക പദവിയുടേയും കാര്യത്തിൽ അവർക്ക് തുല്യത നഷ്ടപ്പെട്ടു. സാമൂഹിക സംഘടനാരംഗത്തും, രാഷ്ട്രീയ സംഘടനാ രംഗത്തും അവർക്ക് വിവേചനം കൽപ്പിച്ചു. വിദ്യാഭ്യാസ രംഗത്തെ അവളുടെ മുന്നേറ്റത്തിൽ നാം വിലങ്ങു തടിയായി. ഇവിടെയെല്ലാം പുരുഷമേധാവിത്വത്തിനേറെ ബലിഷ്ടകരങ്ങൾ സ്ത്രീയുടെ നിർമ്മാണശക്തിയെ തടഞ്ഞു നിർത്തി. സർഗ്ഗശേഷിയുടെ മഹാവെളിച്ചത്തെപ്പോലും തമസ്കരിക്കുവാൻ ബോധപൂർവ്വം ശ്രമിച്ചു. കച്ചവട സിനിമയിലും, പരസ്യങ്ങളിലും, മാദ്ധ്യമങ്ങളിലും സ്ത്രീയെ വിമാനീകരിച്ചു.

ആധുനിക കമ്പോളവൽക്കരണത്തിനേറെയും പാശ്ചാത്യവൽക്കരണത്തിനേറെയും ഫലമായി സ്ത്രീ ഒരു പ്രദർശന വസ്തുവായി, എങ്കിലും സ്ത്രീ സംവരണത്തിനുവേണ്ടിയുള്ള വനിതാബില്ലും, വനിതാ മോചന പ്രസ്ഥാനങ്ങളും, ഈ രംഗത്ത് വമ്പിച്ച പ്രതീക്ഷ നൽകുന്നു.

ചേപ്പാട് പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. 9959 സ്ത്രീകൾ ഉള്ളപ്പോൾ 8917 പുരുഷന്മാരാണ് ഇവിടെയുള്ളത്. വിദ്യാർത്ഥികളുടെ കാര്യത്തിലും പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ മുന്നിൽത്തന്നെ-എണ്ണത്തിലും, ഗുണത്തിലും.

പക്ഷെ സാമൂഹിക സാംസ്കാരിക പ്രവർത്തന രംഗത്തും തൊഴിൽ മേഖലയിലും എണ്ണത്തിൽ സ്ത്രീകൾ പുരുഷനേക്കാൾ വളരെ പിന്നിലാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഭരണ രംഗത്തും സ്ഥിതി മറിച്ചല്ല.

പഞ്ചായത്തിൽ പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂളാണ് ഉള്ളത്. B.B.H.S.നങ്ങ്യാർകുളങ്ങര. പഞ്ചായത്തിലാകെ 7790 പെൺകുട്ടികളും (74.33%) 2684 ആൺകുട്ടികളും വിദ്യാഭ്യാസരംഗത്തുണ്ട്. കേളേജ് വിദ്യാഭ്യാസ രംഗത്തും എണ്ണത്തിൽ പെൺകുട്ടികളാണ് മുന്നിൽ. S.S.L.C, P.D.C, ഡിഗ്രി, പി.ജി. തലങ്ങളിൽ വിജയശതമാനത്തിലും പെൺകുട്ടികൾ മികവുകാട്ടുന്നു.

പഞ്ചായത്തിൽ സാക്ഷരതാ രംഗത്ത് ഏറെ സംഭാവനകൾ നൽകിയവർ വനിതകളായിരുന്നു. വൈപരീത്യമെന്നു പറയട്ടെ, നിരക്ഷരതയിൽ കൂടുതലും സ്ത്രീകളായിരുന്നു. പിന്നീട് സാക്ഷരതാ പ്രസ്ഥാനത്തിനേറെ പ്രവർത്തനം മൂലം നവ സാക്ഷരരായവരിൽ മുമ്പന്തിയിൽ വന്നതും സ്ത്രീകൾ തന്നെ. അവസരവും അനുകൂല സാഹചര്യവും ഉണ്ടെങ്കിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ പരിഹരിയ്ക്കുവാൻ കഴിയുമെന്നതിനേറെ ഉത്തമദൃഷ്ടാന്തമായി ഇതിനെ കാണാം.

പുരുഷന്മാരുടെ മദ്യപാനം, മയക്കുമരുന്ന് ഉപഭോഗം, എന്നിവ മൂലം ഏറെക്ലേശിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. ഇതുമൂലം ഉണ്ടാകുന്ന സാമ്പത്തികവും മാനസികവും, ശാരീരികവുമായ ബുദ്ധിമുട്ടുകൾ കുടുംബത്തിൽ ഏറ്റുവാങ്ങേണ്ടിവരുന്നതും സ്ത്രീകളാണ്. എന്നാൽ ഇതിനെതിരായി സ്വയം സംഘടിക്കുവാനും പ്രതികരിയ്ക്കുവാനും ഇവർ മുന്നോട്ടു വരുന്നില്ല എന്ന പോരായ്മയും എടുത്തു പറയേണ്ടതാണ്.

വായനാശീലത്തിനേറെ കാര്യത്തിലും, സ്ത്രീകൾ പുരുഷനേക്കാൾ പിന്നിൽ നില്ക്കുന്നു. മൂന്നാംകിട പ്രസിദ്ധീകരണങ്ങളും, പൈങ്കിളി വാരികകളും, സ്ത്രീകളുടെ അന്വേഷണാത്മക ചിന്തകളെ തടഞ്ഞു നിർത്തുന്നു. വായിക്കുന്നു എന്നതിലുപരി എന്തു വായിക്കണം എന്ന തിരിച്ചറിവ് ഇവരിൽ നന്നേ കുറവാണ്. ഇതുമൂലം സാമൂഹികതിന്മകൾക്കെതിരെ പോരാടുവാനും, അവകാശങ്ങളും കടമകളും ബോദ്ധ്യപ്പെടാനും കഴിയുന്നില്ല.

തൊഴിൽ മേഖലയിലും ഏറ്റവും കൂടതൽ ചൂഷണത്തിന് വിധേയമാകുന്നത് സ്ത്രീകൾതന്നെയാണ്. തുല്യജോലിക്ക് തുല്യവേതനമെന്ന മഹത്തായ ആശയം ഇന്നും ഒരു മരീചിക മാത്രമാണ്. തൊഴിൽ തലങ്ങളിൽ പുരുഷന്മാരോടൊപ്പമെന്നല്ല, അതിനേക്കാൾ ഏറെ പണി

യെടുത്തിട്ടും, പുരുഷനോളം വേതനം നേടാൻ ഇന്നും അവർക്ക് കഴിഞ്ഞിട്ടില്ല. അസംഘടിത തൊഴിൽ മേഖലയിലാണ് ഇത് ഏറെ പ്രകടമാകുന്നത്. തൊഴിലാളി മുതലാളി ചർച്ചകളിലും, സ്ത്രീകളെ മുന്നിൽ നിർത്താൻ ട്രേഡ് യൂണിയൻ സംഘടനകൾ കാട്ടുന്ന അലംഭാവമാണ് ഇതിന്റെ മുഖ്യകാരണം.

അധ്യാപക സർവ്വീസ് മേഖലകളിലൊഴികെ മറ്റെല്ലാ തൊഴിൽ - വ്യവസായിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. പല തൊഴിലുകളിൽ നിന്നും സ്ത്രീകളെ ഒഴിവാക്കി നിർത്തുന്നതും, തടയുന്നതും, ചില തൊഴിലുകൾ സ്ത്രീകൾക്ക് അഭികാമ്യമല്ലെന്ന് പ്രചരിപ്പിക്കുന്നതും, പുരുഷമേധാവിത്വത്തിന്റെ ചിന്താഗതിയാണ്. സ്ത്രീകളെ അടുക്കളക്കാരികളും, വീടാംകൂട്ടിൽ കുടുങ്ങും തത്തമ്മകളുമായി മാറ്റാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതിന് പിന്നിൽ.

സ്ത്രീകളുടെ ക്രമാതീതമായ ജോലിഭാരം പങ്കുവയ്ക്കാൻ ബഹുഭൂരിപക്ഷം പുരുഷന്മാരും തയ്യാറാകുന്നില്ല. ഗാർഹികേതര ജോലികളെ മാത്രമാണ് ജോലിയായി മറ്റുള്ളവർ ഗണിയ്ക്കുന്നത്. ഓഫീസിലോ, പണിശാലകളിലോ, പാടത്തോ പണിയെടുക്കുന്ന സ്ത്രീ കുടുംബത്തിലെ പാചകവും, ചെയ്യാൻ നിർബന്ധിതയാകുന്നു. അങ്ങനെ ഒരു ദിവസം രണ്ടാം ചെയ്യുന്ന ജോലി ഭാരം നമ്മുടെ ഗ്രാമീണ മേഖലയിലെ ബഹുഭൂരിപക്ഷം സ്ത്രീകൾക്കും അനുഭവിക്കേണ്ടിവരുന്നു.

ആരോഗ്യരംഗത്തും അവഗണനയുടെ കയ്പുനീർ കുടിക്കേണ്ടിവരുന്നവർ സ്ത്രീകളാണ്. ജനസംഖ്യയിൽ പുരുഷനേക്കാൾ കൂടുതൽ സ്ത്രീകളായിരുന്നിട്ടും, മിക്ക ആശുപത്രികളിലും അവർക്കുവേണ്ടി പ്രത്യേക വാർഡുകളോ, മറ്റു പരിഗണനയോ നൽകി വരുന്നില്ല. സ്ത്രീകളെ മാത്രം സംബന്ധിക്കുന്ന രോഗങ്ങൾക്ക് പ്രത്യേക ചികിത്സകളും, വിദഗ്ദ്ധരുടെ സഹായങ്ങളും ലഭ്യമല്ല. ഇതും പരിഹൃതമാകാത്ത പരാധീനതയുടെ പട്ടികയിൽ പെട്ടിട്ട് വളരെ കാലമാകുന്നു.

പുരുഷനു തുല്യമായ പദവി സ്ത്രീകൾക്കും വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പോലും ഇക്കാര്യം വാക്കുകളിലൊതുക്കുകമാത്രമാണ് ചെയ്തുവരുന്നത്. ജനറൽ സീറ്റുകളിൽ പുരുഷനോടൊപ്പം സ്ത്രീകൾക്കും മത്സരിക്കാൻ അവസരം നൽകുന്നുണ്ടോ എന്നു പരിശോധിച്ചാൽ മുമ്പ് പറഞ്ഞ പൊള്ളത്തരം വ്യക്തമാകും.

പഞ്ചായത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ആഭിമുഖ്യത്തിലുള്ള വനിതാപ്രസ്ഥാനങ്ങളും, ഝാൻസിറാണി വനിതാസമാജം, ശ്രീദുർഗ്ഗാ വനിതാസമാജം എന്നിങ്ങനെ ചില വനിതാ സന്നദ്ധസംഘടനകളും പ്രവർത്തനത്തിൽ ഉണ്ടെങ്കിലും ഇവയ്ക്കൊന്നും സ്വയം ചലിക്കുവാനും സമൂഹത്തിൽ ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിക്കുവാനും കഴിയുന്നില്ല എന്ന ദു:ഖസത്യം പറയാതെ തരമില്ല.


പ്രശ്നങ്ങൾ

1. പല തൊഴിൽ മേഖലയിൽനിന്നും ഒഴിവാക്കപ്പെടുന്നു. ചില മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നു.
2. തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യം, രാഷ്ട്രീയം, ആരോഗ്യം തുടങ്ങിയ സമസ്ത മേഖലകളിലും അവഗണനയും അസമാനതയും നിലനിൽക്കുന്നു.
3. സ്ത്രീകളുടെ ഇടയിൽ താരതമ്യേന തൊഴിലില്ലായ്മ പെരുകുന്നു.
4. വായനാശീലം കുറയുന്നു. നല്ലതുവായിക്കുവാനുള്ള താല്പര്യം കെടുന്നു.
5. പ്രാഥമികാവശ്യം നിറവേറ്റുവാനുള്ള സൗകര്യമില്ലായ്മ സ്ത്രീകളെ ഏറെ ബാധിക്കുന്നു.
6. തുല്യജോലിയ്ക്ക് പുരുഷനു തുല്യമായ വേതനം സ്ത്രീകൾക്ക് ഇന്നും ലഭിക്കുന്നില്ല.
7. ആരോഗ്യപരിപാലനരംഗത്തെ അപര്യാപ്തത.
8. സ്ത്രീകളുടെ ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെപ്പറ്റിയുള്ള അജ്ഞത.
9. പൊതുപ്രവർത്തന രംഗത്തേക്കു കടന്നു വരുന്നസ്ത്രീകളോട് സമൂഹം കാട്ടുന്ന അവജ്ഞാഭാവം.
10. പുരുഷന്മാരുടെ മദ്യപാനം, അപഥസഞ്ചാരം എന്നിവയെല്ലാം സ്ത്രീകളുടെ ജീവിത ഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

സാധ്യതകൾ

1. തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് സംവരണം നൽകുക. അവസര സമത്വം നിയമം മൂലം ഉറപ്പാക്കുക.
2. തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യം, രാഷ്ട്രീയം എന്നീ രംഗങ്ങളിലേക്ക് സ്ത്രീകൾക്കു കടന്നുവരാൻ ആകർഷകമായ സംവിധാനമുണ്ടാക്കുക.
3. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി ഉദാരമാക്കുക, മതിയായ പ്രചാരണം നൽകുക.
4. വായനാശീലം വർദ്ധിപ്പിക്കാൻ സഞ്ചരിക്കുന്ന ലൈബ്രറികളും, വാർഡുകൾ തോറും വായനശാലകളും സ്ഥാപിക്കുക.
5. ഗ്രാമീണ സ്ത്രീകളുടെ ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
6. ഫാമിലി കൗൺസിലിംഗ് സെൻറർ ആരംഭിക്കുക.
7. സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക.
8. ആരോഗ്യം, ശുചിത്വം, കുടുംബപരിപാലനം എന്നിവയെപ്പറ്റി സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുക.
9. സ്ത്രീകൾക്ക് ആത്മധൈര്യം പകരുക.
10. പുരുഷന്മാരുടെ മദ്യപാനത്തെ ചെറുക്കാൻ സ്ത്രീകൾ സ്വയം സംഘടിതരാകാൻ പ്രേരിപ്പിക്കുക.

ത്യാഗത്തിന്റെയും, ക്ഷമയുടേയും, സ്നേഹത്തിന്റെയും പ്രതീകമാണ് സ്ത്രീ. പക്ഷേ അവർ എല്ലാ രംഗങ്ങളിലും അവസരനിഷേധത്തിനും അവഗണന യ്ക്കും വിധേയയാകുന്നു. ആത്മനൊമ്പരങ്ങൾ ഉള്ളിലൊതുക്കി കഴിയുന്ന സ്ത്രീയെ അബലത്വത്തിൽ നിന്നും, ചപലത്വത്തിൽ നിന്നും മോചിപ്പിക്കാൻ ഇനിയും നാം വളരെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഏറെ പീഢനവും, ചൂഷണവും അനുഭവിക്കുന്ന മഹത്തായ ഈ ശക്തിവിശേഷത്തെ വിളക്കായ്, വെളിച്ചമായ് മാറ്റാൻ നമ്മുടെ ഗ്രാമം പ്രതിജ്ഞാബദ്ധമാകട്ടെ.



11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിലപ്പെട്ട അദ്ധ്വാനം കൊണ്ട് ഈ മഹാരാജ്യത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിയ പട്ടികജാതി പട്ടികവർഗ്ഗം എന്നെന്നും സമൂഹത്തിന്റെ പിന്നാംപുറങ്ങളിലായിരുന്നു. പ്രാചീനകാലം മുതൽ ഇവർ അടിച്ചമർത്തപ്പെട്ട ജനവിഭാഗമായി തുടർന്നു. രാഷ്ട്രപിതാവ് മഹാത്മജി 'ഹരിജൻ' എന്ന നാമം നല്കി ആദരിച്ചിട്ടും സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പോലും ഇവർ അവഗണിക്കപ്പെട്ട നിലയിൽ ആണ്. പദ്ധതികൾ പലത് കഴിഞ്ഞിട്ടും ഭരണഘടന അനുശാസിക്കുംവിധം പുരോഗതി നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞില്ല. അയിത്തവും അടിച്ചമർത്തലുകളും മൂലം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും ഇവർ വികസനത്തിന്റെ തൂവെളിച്ചം കാണാതെ കൊടും കഷ്ടപ്പാടിന്റെ കണ്ണീർ കയങ്ങളിൽ തന്നെ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇവരുടെ ഉന്നമനത്തിനായി നൽകുന്ന സഹായങ്ങൾ വേണ്ടവണ്ണം ഇവരുടെ കൈകളിൽ എത്താത്തതും ഇവരുടെ ഉയർത്തെഴുന്നേല്പ്പിനായിട്ടുള്ള ബോധവൽക്കരണ പരിപാടികൾ ഫലപ്രദമാകാതെ പോയതുമാണ് ഇതിന് കാരണം. എന്നാൽ ഇതിൽ നിന്നും അല്പമെങ്കിലും വ്യത്യസ്തമായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞവർ കേരളത്തിൽ മാത്രമാണ്.

എങ്കിലും സാമ്പത്തിക രംഗത്ത് തികഞ്ഞ ഭദ്രതയും സുസ്ഥിരതയും നേടാൻ ഇവരിൽ ഒരു ശതമാനത്തിനുപോലും കഴിഞ്ഞിട്ടില്ല.

ദേശീയ സ്വാതന്ത്ര്യസമരം, പുരോഗമനപ്രസ്ഥാനങ്ങളുടെ വളർച്ച, ഭൂപരിഷ്കരണം, തൊഴിലാളി സംഘടനകൾ, എന്നിവ ഇവരുടെ ഭൗതികവും മാനസികവുമായ മാറ്റത്തിന് പ്രചോദനമേകി. അതോടെ ഒരു ചെറിയ വിഭാഗമെങ്കിലും സാമൂഹിക-സാംസ്കാരിക വളർച്ച നേടി. മറ്റു സമുദായങ്ങൾക്കൊപ്പം തന്നെ മാന്യതയും നേടി.

മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളത് ചേപ്പാട് പഞ്ചായത്തിലാണ്. ചേപ്പാട് പഞ്ചായത്തിൽ 578 പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ 573 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നു. അവശേഷിക്കുന്ന അഞ്ച് കുടുംബങ്ങൾ പട്ടികവർഗ്ഗത്തിലും. 1991ലെ സെൻസസ്സ് പ്രകാരം 1302 പുരുഷന്മാരും, 1382 സ്ത്രീകളും പട്ടികജാതി വിഭാഗത്തിൽ പെടുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട 16 പേരിൽ 7 പുരുഷന്മാരും 9 സ്ത്രീകളും ഉൾപ്പെടുന്നു. ബ്ലോക്കിലെ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെ 213 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. പട്ടികവർഗ്ഗത്തിൽ ഒന്നുതന്നെയില്ല.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിനുണ്ടായ മുന്നേറ്റം അഭിമാനകരമാണ്. എന്നും ചൂഷണത്തിനു വിധേയരായിരുന്ന ഈ ജനവിഭാഗത്തിന്റെ നില ഇന്ന് ഏറെക്കുറെ ഭദ്രമാണ്. നമ്മുടെ പഞ്ചായത്തിലെ സ്ഥിതി ഇതിൽ നിന്നും ഒരു പടി കൂടി ഉയർന്നതാണെന്നു പറയാം. പഞ്ചായത്തിൽ 6 ഹരിജൻ സെറ്റിൽമെൻറ് കോളനികളും ഒരു ഐ.എച്ച്.ഡി.പി. കോളനിയും ഉൾപ്പെടെ നാല് ഒ.എൽ.എച്ച് (ലക്ഷം വീട്) കോളനികളും ഉണ്ട്. ലക്ഷം വീട് കോളനികളിൽ ഏറെ കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽ നേറതാണ്. (പട്ടിക 1-2 കാണുക)

ഇത് കൂടാതെ അംഗീകാരം കിട്ടാത്ത ഏവൂർ നോർത്ത് കോളനി, മുട്ടം ഹരിജൻ കോളനി, കൊച്ചുവീട്ടിൽ ഹരിജൻ കോളനി, വളയിനേത്ത് ഹരിജൻ കോളനി, വെട്ടിക്കുളങ്ങര ഹരിജൻ കോളനി എന്നിവയും ജെ.ആർ.വൈ, ഐ.എ.

വൈ, ജൈ.ആർ.വൈ.എം.ഡബ്ല്യൂ.എസ്സ് ഗ്രൂപ്പ് ഭവന പദ്ധതി അനുസരിച്ച് 21 വീടുകളും നല്കിയിട്ടുണ്ട്.

പട്ടിക - 1
ഹരിജൻ സെറ്റിൽമെൻറ് കോളനികൾ

ക്രമനംബർ	വാർഡ്	കോളനിയുടെപേര്
1.	1	വെട്ടിക്കുളങ്ങര കോളനി
2.	3	വാഴപ്പള്ളിൽ കോളനി
3.	3	കല്ലൂരേത്ത് കോളനി
4.	4	പാലമൂട് കോളനി
5.	5	മരങ്ങാട്ട് കോളനി
6.	7	മുക്കാട് കോളനി

പട്ടിക - 2
ഒ.എൽ.എച്ച്. കോളനികൾ

ക്രമനംബർ	വാർഡ്	കോളനിയുടെപേര്
1.	1.	വാത്തിപ്പറമ്പിൽ കോളനി
2.	2.	വേളങ്ങാട്ട് കോളനി
3.	3	പഞ്ചവടി I.H.D.P.
4.	6	ചിറ്റൂർ പടീറ്റതിൽ

ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന) 1992ന് ശേഷം

സ്വന്തമായി ഭൂമിയുള്ളതും വാസയോഗ്യവുമായ വീടില്ലാത്തതുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതിപ്രകാരം സഹായിക്കുന്നത്. (പട്ടിക 3 കാണുക).

പട്ടിക - 3

വർഷം	വിഹിതം	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാനുള്ളത്
92-93	3	3	ഇല്ല
93-94	12	12	ഇല്ല
94-95	11	11	ഇല്ല
95-96	12	5	7

എം.ഡബ്ല്യൂ.എസ്സ് (മില്ല്യൺ വെൽ സ്കീം) 1992ന് ശേഷം

കാർഷിക ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും 10 സെൻറിൽ കുറയാതെ ഭൂമിയുള്ളതുമായ കുടുംബങ്ങളെയാണ് ഈ പദ്ധതിപ്രകാരം സഹായിക്കുന്നത്. (പട്ടിക 4 കാണുക).

പട്ടിക - 4

വർഷം	പൂർത്തിയാക്കിയ കിണറുകൾ	നികത്തുന്നതിനുള്ള സഹായ ധനം ലഭിച്ച കുടുംബാംഗങ്ങൾ
92-93	5	13
93-94	5	5
94-95	4	4
95-96	7	5

പ്രശ്നങ്ങൾ

1. പാർപ്പിടം, കുടിവെള്ളം, ഗതാഗതം, വൈദ്യുതി, കക്കൂസ് എന്നിവയടെ അഭാവത്തിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഇന്ന് ഏറെ ക്ലേശിക്കുകയാണ്.
2. ഭവനരഹിതരും, ഭൂമി ഇല്ലാത്തവരും, ഇപ്പോൾ ധാരാളം.
3. പല കുടുംബങ്ങളും ഓലമേഞ്ഞ കുടിലുകളിലാണ്.
4. വിദ്യാഭ്യാസ രംഗത്ത് അർഹിക്കുന്ന പുരോഗതി നേടാൻ ഇവർക്കു കഴിഞ്ഞിട്ടില്ല.
5. സ്കൂൾ നിലവാരത്തിൽ തന്നെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
6. കാർഷിക മേഖലയിലെ തൊഴിൽ അവസരങ്ങൾ കുറയുന്നതുമൂലം ഇവർ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നു.
7. കോളനിയിൽ നിരക്ഷരർ പെരുകുന്നു.
8. വിദ്യാർത്ഥിക്കൾക്കു നല്കുന്ന ലംപ്സം ഗ്രാൻറും സ്റ്റൈഫൻറും അപര്യാപ്തം.
9. മില്ല്യൺവെൽ, ഐ.എ.വൈ എന്നീ സ്കീമുകൾ, ജീവിതനിലവാരം ഉയർത്താൻ അപര്യാപ്തം.
10. സ്വയം സ്വത്ത് സമാർജ്ജിക്കാൻ ശ്രമിക്കാതെ എല്ലാം സർക്കാർ തന്നോട്ടെ എന്ന മനോഭാവം രൂഢം ആകുന്നു.
11. സർക്കാരും മറ്റ് ഏജൻസികളും നല്കുന്ന സഹായം ഉൾപ്രേരണയാക്കി മാറ്റി സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഇതര വിഭാഗങ്ങളോടൊപ്പം വികസനം ആർജ്ജിക്കാൻ ജാഗ്രത പുലർത്തുന്നില്ല. കുട്ടികളെക്കൊണ്ട് തൊഴിൽ എടുപ്പിക്കുന്ന പ്രവണത വർദ്ധിക്കുന്നു.


12. ശുചിത്വ-ആരോഗ്യ പരിപാലനത്തിന് സൗകര്യങ്ങൾ ഇല്ല.

പരിഹാരം/സാദ്ധ്യത

1. വീട് ഇല്ലാത്തവർക്ക് വീടും, ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീടും നല്കുക.
2. മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഒരുക്കുക.
3. കോളനി പ്രദേശങ്ങളിൽ ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുക.
4. കോളനി സമ്പ്രദായം ഒഴിവാക്കി സമ്മിശ്ര സംസ്കാരത്തിന് വഴിയൊരുക്കുക.
5. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികൾ നടത്തുക.
6. ആരോഗ്യപരിപാലനത്തിന് ബോധവൽക്കരണം നടത്തുക
7. ശുചിത്വ പിരിപാലനത്തിന് ബോധവൽക്കരണം നടത്തുക.
8. ലംപ്സംഗ്രാൻറും, സ്റ്റൈപെൻറും വർദ്ധിപ്പിക്കുക
9. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകലിനെതിരേ ബോധവൽക്കരണം സംഘടിപ്പിക്കുക.
10. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുക.
11. പാരമ്പര്യ തൊഴിലുകളെ കുടിൽ വ്യവസായമായി പ്രോത്സാഹിപ്പിക്കുക.
12. പാരമ്പര്യ കലകളെ(Flok Art)ധനസഹായം നല്കി പ്രോത്സാഹിപ്പിക്കുക. കോളനികളിൽ വാർത്താമാദ്ധ്യമങ്ങളും വായനശാലകളും ആരംഭിക്കുക.
13. പട്ടികജാതി വിഭാഗങ്ങൾക്ക് പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് പലിശരഹിത വായ്പ നൽകുക.
14. പട്ടികജാതിയിൽപ്പെട്ട മുഴുവൻ വൃദ്ധജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ അനുവദിക്കുക.
15. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻറെ ക്ഷേമ പദ്ധതികളുടെ വ്യവസ്ഥ ഉദാരമാക്കുക.
16. പട്ടികജാതിക്കാരുടെ ഉന്നമനത്തെ ലാക്കാക്കി പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കുക. എല്ലാ മാസങ്ങളിലും ഈ രംഗത്തെപ്പറ്റി സമിതി അവലോകനം നടത്തുക.

മനസ്സും ശരീരവും ഈ നാടിൻറെ പുരോഗതിക്കുവേണ്ടി അർപ്പിച്ച് വയലേലകളിലും പണിശാലകളിലും വിയർപ്പൊഴുക്കുന്ന മണ്ണിൻറെ മക്കളുടെ ഉയർച്ചയ്ക്ക് ഇനിയും ഒട്ടനവധി കർമ്മപദ്ധതികൾ വേണ്ടിയിരിക്കുന്നു. ഒരു പുത്തൻ സംസ്കാരത്തിൻറെ വെളിച്ചം പകർന്ന് അവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ടു വരുവാൻ ഉദ്യോഗസ്ഥ ദല്ലാളന്മാരെ ഒഴിവാക്കി ആത്മാർത്ഥവും സമർപ്പിതവുമായ മനസ്സോടെ നമുക്ക് ഒന്നായി മുന്നേറാം.





12

പൊതുജനാരോഗ്യവും കുടിവെള്ളവും

രാജഭരണ കാലം മുതലേ നമ്മുടെ പഞ്ചായത്ത് വളരെ മുന്നിലായിരുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് മുട്ടത്തും, ഏവൂർ വടക്കും ഓരോ ഹെൽത്ത് അസിസ്റ്റൻറിന്റെ നേതൃത്വത്തിൽ ഓരോ കേന്ദ്രങ്ങളും പ്രവർത്തിച്ചിരുന്നു. പൊതുജനാരോഗ്യം, പകർച്ചവ്യാധികളുടെ നിയന്ത്രണം, ജനനമരണ രജിസ്ട്രേഷൻ, എന്നിവയാണ് ചെയ്തിരുന്നത്. ഇതോടൊപ്പം, മാതൃ-ശിശുസംരക്ഷണ പ്രവർത്തനങ്ങൾക്കായി മുട്ടത്ത് വില്ലേജ് ആഫീസിനോടു ചേർന്ന് ഒരു മിഡ്വൈഫറി സെൻററും പ്രവർത്തിച്ചിരുന്നു. ഈ പ്രദേശത്തുകാരുടെ ഏക അലോപ്പതി ചികിത്സാകേന്ദ്രം ഉദ്ദേശം 5 കിലോമീറ്റർ ദൂരമുള്ള ഹരിപ്പാട് ഗവൺമെൻറ് ഡിസ്പെൻസറിയായിരുന്നു. ഇതു കൂടാതെ ഒട്ടേറെ ഹോമിയോ ആയൂർവ്വേദചികിത്സാ കേന്ദ്രങ്ങളും ഉണ്ടായിരുന്നു. ഹോമിയോ ചികിത്സാരംഗത്ത് ഡോ.മുട്ടത്തുകുമാരൻ, കയ്യാലക്കൽ കേശവൻ ചാന്ദാർ, ഡോ.കുട്ടൻ എന്നിവർ പ്രശസ്തരായിരുന്നു.

ചാങ്ങാട്ടു വൈദ്യൻ, ശ്രീപുത്തുരേത്ത് ഗോവിന്ദൻ വൈദ്യർ, "കണ്ണോലിൽ കൊച്ചു വൈദ്യൻ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ജി.പരമേശ്വരൻ നായർ, വേലമ്പറമ്പിൽ കൊച്ചിക്ക പണിക്കൻ, ഹരിപ്പാട്ടുശ്ശേരിൽ നീലകണ്ഠൻ വൈദ്യൻ, നമ്പലത്ത് ഉണ്ണിവൈദ്യൻ, ശ്രീ എക്കിത്തറ നാരായണൻ വൈദ്യൻ എന്നിവർ അക്കാലത്ത് ആയൂർവ്വേദചികിത്സയിലെ പ്രഗത്ഭരും, പ്രശസ്തരുമായിരുന്നു.

പിന്നീട് അലോപ്പതി രംഗത്തെ പ്രശസ്തരായിരുന്നു ഡോക്ടർ ഈനോസും, ഡോക്ടർ മധു സൂദനനും.

ആരോഗ്യരംഗത്ത് ദേശീയ തലത്തിൽ വന്ന മാറ്റത്തിന്റെ ഫലമായി പൊതുജനാരോഗ്യരംഗവും, ചികിത്സയും സംയോജിപ്പിച്ചുകൊണ്ട് മുതുകുളം ബ്ലോക്കിൽ മുതുകുളത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചു. അതിന്റെ നിയന്ത്രണത്തിൽ മാതൃ-ശിശു സംരക്ഷണം, കുടുംബാസൂത്രണം എന്നിവയ്ക്ക് നേതൃത്വം നല്കുന്നതിന് ANM ചുമതലയിൽ 3 സബ്സെൻററുകളും സ്ഥാപിച്ചു. കുടുംബാസൂത്രണപൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ഫാമിലി പ്ലാനിംഗ് ഹെൽത്ത് അസിസ്റ്റൻറ്, ഹെൽത്ത് അസിസ്റ്റൻറ് എന്നിവരേയും നമ്മുടെ പഞ്ചായത്തിൽ നിയമിച്ചു.

പി.എച്ച്. സെൻറർ, കണിച്ചനല്ലൂർ

12-01-1996 മുതൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ PHസെൻറർ നിലവിൽ വന്നത്. ഒരു ഡോക്ടർ ഉൾപ്പെടെ എട്ട് ജീവനക്കാരുള്ള ഈ കേന്ദ്രത്തിൽ ശരാശരി ഒരു ദിവസം 100 രോഗികളും വരുന്നുണ്ട്. ഇവർക്കാവശ്യമുള്ള മരുന്നു നൽകുന്നതിനോ, രോഗികളെ കിടത്തി ചികിത്സിക്കുന്നതിനോ ഇന്ന് സൗകര്യങ്ങളില്ല. സ്വന്തമായി കെട്ടിടമില്ലാതെ ഇല്ലായ്മയുടെ പര്യായമായി ഇന്നു നിലനില്ക്കുന്നു.

ഗവ:ആയൂർവ്വേദ ആശുപത്രി, ചേപ്പാട്

19-12-1955ൽ പ്രവർത്തനം ആരംഭിച്ച ഗവ: ആയൂർവ്വേദാശുപത്രിയിൽ 2 ഡോക്ർമാർ ആദ്യകാലങ്ങളിലുണ്ടായിരുന്നു. ഇപ്പോൾ ഒരു ഡോക്ടർ ഉൾപ്പെടെ 8 ജീവനക്കാർ ഉണ്ട്. 10 കിടക്കകളുള്ള ഈ ആശുപത്രിയിൽ ശരാശരി ഒരു ദിവസം 150 രോഗികളും വരാറുണ്ട്. രോഗികൾക്ക് കൊടുക്കുവാൻ വേണ്ടത്ര മരുന്നോ മറ്റു സൗകര്യങ്ങളോ ഇവിടെയില്ല.

ഗവ:ഹോമിയോ ഡിസ്പെൻസറി

5 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഡോക്ടറുംപ്പെടെ 4 ജീവനക്കാരുണ്ട്. ശരാശരി ഒരു ദിവസം 60 രോഗികളും വരാറുണ്ട്. പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി മാറ്റി സ്ഥാപിക്കുമ്പോൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിയ്ക്കാൻ കഴിയും. 7 സ്വകാര്യ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങളെ താഴെ പറയുന്ന പ്രകാരം ക്രോഡീകരിക്കാം.

1. 60%വീടുകളിൽ കക്കൂസില്ലായെന്നുള്ളതാണ് മുഖ്യ ആരോഗ്യപ്രശ്നം. വെളിസ്ഥലത്ത് മലവിസർജ്ജനം ചെയ്യുന്നതു വഴി കോളറ, ടൈഫോയിഡ്, വയറിളക്കരോഗങ്ങളും, വിരശല്യം, മറ്റു പകർച്ച വ്യാധികളും എന്നിവ നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാരുടെ രോഗങ്ങളാണ്.
2. വീട്, സ്കൂളും, പൊതു സ്ഥലങ്ങളും, ചന്തകളും, വഴിയോരങ്ങളും എന്നിവിടങ്ങളിൽ ചപ്പുചവറുകളും കിടന്ന് അഴുകി ഈച്ച വർദ്ധിക്കുന്നു.
3. ആരോഗ്യവിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ട് ഈച്ച പറ്റിയ ആഹാരസാധനങ്ങളും വീട്, ചായക്കടകളും, ഹോട്ടലുകളും, വഴിയോര വില്പനകേന്ദ്രങ്ങളും എന്നിവിടങ്ങളിൽ നിന്ന് കഴിക്കുക വഴി ഒട്ടേറെ പകർച്ചവ്യാധികളും നമ്മുടെ പഞ്ചായത്തിലുണ്ടാകുന്നു.
4. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വെള്ളമൊഴുകിപ്പോകുവാൻ ഓടകളില്ലാത്തതുകൊണ്ട് വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുതി രോഗങ്ങളും ഉണ്ടാക്കുന്നു.
5. PHസെൻററിനും, ഗവ: ആയൂർവ്വേദ ആശുപത്രിയ്ക്കും സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് വേണ്ടത്ര ചികിത്സാസൗകര്യങ്ങളും ലഭിക്കുന്നില്ല.
6. PHസെൻററിലും ഗവ: ആയുർവ്വേദാശുപത്രിയിലും ഓരോ ഡോക്ടർമാർ മാത്രമാണുള്ളത്. ഇതുകൊണ്ട് സാധാരണക്കാരായ ആളുകൾക്ക് വേണ്ടത്ര വൈദ്യസഹായം ലഭിക്കാതെ സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ട സ്ഥിതിയാണുള്ളത്.
7. സ്വകാര്യ ആശുപത്രിയിലെ അമിതമായ ഫീസും അശാസ്തീയമായ ചികിത്സാ രീതിയും സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കുന്നു.

പരിഹാരങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ എല്ലാ ആളുകൾക്കും കക്കൂസ് ലഭ്യമാക്കുക. സാമ്പത്തിക ശേഷി ഉള്ളവർ സ്വന്തമായും,അല്ലാത്തവർക്ക് പഞ്ചായത്തിന്റെയും സഹകരണ സംഘങ്ങളും തുടങ്ങി ധനകാര്യ സ്ഥാപന ങ്ങളുടേയും സന്നദ്ധസംഘടനകളുടെ സഹായത്തോടെ യും വരുന്ന ഒരു വർഷം കൊണ്ട് കക്കൂസ് നിർമ്മിക്കേണ്ട താണ്.
2. ലക്ഷം വീടുപോലെ ആളുകളും തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് പൊതു കക്കൂസുകളും നിർമ്മിക്കുകയും, ഇതിന്റെ നടത്തിപ്പിന് ജനകീയകമ്മിറ്റികളും രൂപീകരിച്ച് ചുമതല ഏല്പിക്കുകയും ചെയ്യുക. പുകയില്ലാത്ത അടുപ്പുകളും പ്രചരിപ്പിക്കുക.
3. വീടുകളും, സ്കൂളുകളും, പൊതുസ്ഥലങ്ങളും, ചന്തകളും, നാൽക്കവലകളും, എന്നിവിടങ്ങളിൽ ആവശ്യാനുസരണം കമ്പോസ്റ്റു കുഴികളും നിർമ്മിച്ച് ഓരോ സ്ഥലത്തു നിന്നും തൂത്തുവാരുന്ന ചപ്പുചവറുകളുംഈ കുഴികളിൽ നിക്ഷേപിക്കുക. ഓരോ കുഴിയുടേയും സംരക്ഷണത്തിന് ജനകീയ കമ്മിറ്റികളും ഉണ്ടായിരിക്കണം.
4. നിരന്തരം ഈ പ്രവർത്തനം സുഗമമായി നടക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം നടത്തി ''ചേപ്പാട് പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ''പഞ്ചായത്ത് എന്ന ലക്ഷ്യം വരുന്ന ഒരു വർഷം കൊണ്ട് സാക്ഷാത്ക്കരിക്കണം.
5. ചായക്കടകളും, ഹോട്ടലുകളും, വഴിയോരഭക്ഷണശാലകളും എന്നിവ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും കർശനമായ ശുചിത്വനടപടികളും അവലംബിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
6. വെള്ളം കെട്ടിക്കിടക്കാതിരിക്കുവാനുള്ള സൗകര്യം ഉണ്ടാക്കി, കൊതുകുവളർച്ച തടയുക.
7. PHസെൻററിനും, ഗെവൺമെൻറ് ആയൂർവ്വേദാശുപത്രിയ്ക്കും സ്വന്തമായി കെട്ടിടമുണ്ടാക്കുകയും, ചികിത്സാ സൗകര്യങ്ങളും വിപുലപ്പെടുത്തുകയും ചെയ്യുക, കൂടതൽ ഡോക്ടർമാരെ നിയമിക്കുകയും ചെയ്യുക.
8. സ്വകാര്യആശുപത്രികളിൽ അർഹമായ വിദ്യാഭ്യാസയോഗ്യതയുള്ളവരെ മാത്രം നിയമിക്കുക.
9. സ്വകാര്യആശുപത്രികളിലെ അശാസ്ത്രീയമായ ചികിത്സാ രീതി മാറ്റുകയും, ചികിത്സാചിലവ് ഏകീകരിക്കുകയും ചെയ്യുക.

10. പഞ്ചായത്തിന് സ്വന്തമായി ഒരു അറവു ശാല നിർമ്മിക്കണം.

11. പഞ്ചായത്തിലെ പ്രധാനപ്പെട്ട നാൽക്കവലയായ നങ്ങ്യാർകുളങ്ങര കവലയിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിച്ച്, പണം നൽകി ഉപയോഗിക്കത്തക്ക സംവിധാനം ഉണ്ടാക്കുക.

12. ഫലപ്രദമായി ആരോഗ്യവിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ജനകീയ ആരോഗ്യ പ്രവർത്തകരെ നിയമിക്കുക. (ഒരു അയൽ കൂട്ടത്തിൽ നിന്നും ഒരു സ്ത്രീയേയും ഒരു പുരുഷനേയും തെരഞ്ഞെടുക്കുക) S.S.L.C .എങ്കിലും പാസ്സായിരിക്കണം.

13. ഈ ആരോഗ്യ സേനയെ വിശദമായി ആരോഗ്യ ശാസ്ത്രം പഠിപ്പിക്കുക. ഇതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളുടെ സേവനം ലഭ്യമാക്കുക.

14. ഈ പ്രവർത്തകരായിരിക്കണം ഓരോ അയൽക്കൂട്ടത്തിലെയും, എല്ലാ ആരോഗ്യപ്രവർത്തനങ്ങൾക്കും നേതൃത്വവും നിർദ്ദേശവും നൽകേണ്ടത്.

15. നമ്മുടെ പഞ്ചായത്തിലെ യോഗ്യരായ മുഴുവൻ ആളുകളുടേയും രക്തഗ്രൂപ്പ് തിട്ടപ്പെടുത്തി, രക്തദാനത്തിനു താല്പര്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിവെയ്ക്കുക.

16. പ്രമേഹം, അധികരക്തസമ്മർദ്ദം,. ക്യാൻസർ, കണ്ണ്, ത്വക്ക് എന്നിവയെ സംബന്ധിച്ച രോഗങ്ങൾ തുടങ്ങിയവ നിർണ്ണയിക്കുന്നതിന് വാർഡ് തോറും കാലാകാലങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കുകയും, വേണ്ടത്ര ചികിത്സ ലഭ്യമാക്കുകയും ചെയ്യുക.

17. സ്കൂൾ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് സ്കൂൾ ആരോഗ്യപരിപാടി ഫലപ്രദമാക്കുക.

18. അമ്മമാരുടേയും, കുട്ടികളുടേയും, ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പരിപാടി കുറ്റമറ്റതാക്കുക.

19. നിലവിൽ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്ന ദേശീയാരോഗ്യ പരിപാടികൾ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നരീതിയിൽ പുന:ക്രമീകരിക്കുക.

20.. നമ്മുടെ പഞ്ചായത്തിൽ പൊതുസ്മശാനം സ്ഥാപിക്കുക.

21. എലി, കൊതുക്, പേപ്പട്ടി, ഇവയുടെ നിവാരണത്തിന് അടിയന്തിര ശ്രദ്ധ നൽകുക.

'രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം' എന്ന സങ്കല്പത്തിന് രൂപം നല്കിയ ലോകാരോഗ്യസംഘടന ജനങ്ങളുടെ ആരോഗ്യം സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കിയിട്ടുണ്ട്.

നമുക്കും രണ്ടായിരമാണ്ടോടെ സാമൂഹ്യവും, സാമ്പത്തികവുമായ ഉൽപാദന പ്രവർത്തനങ്ങളിലേർപ്പെടാൻ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ കഴിവുറ്റവരാക്കുന്ന ആരോഗ്യസ്ഥിതി നേടിയെടുക്കാൻ ശ്രമിക്കാം.

കുടിവെള്ളം

ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യം ആശുപത്രിയുടേയും ഡോക്ടറുടേയും എണ്ണം നോക്കിയല്ല തീരുമാനിക്കുന്നത്. ആപ്രദേശത്തെ വാട്ടർ ടാപ്പുകളുടെ എണ്ണം നോക്കിയാണെന്ന് വിദഗ്ദന്മാർ സൂചിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പേർക്കും ശുദ്ധജലം എത്തിക്കുക എന്നുള്ളതാണ് നമ്മുടെ മുഖ്യലക്ഷ്യം.

പണ്ട് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ശുദ്ധജലം ലഭിച്ചിരുന്നത് കുളങ്ങളിൽ നിന്നുമാണ്. കുളം വർഷം തോറും വെട്ടി വൃത്തിയാക്കി ഉപയോഗിച്ചിരുന്നു. കാലം കടന്നു പോയതോടെ കുളങ്ങളുടെ സ്ഥാനം കിണറുകൾ കൈവശപ്പെടുത്തി. ഇപ്പോൾ 80% ആളുകളും കിണറ്റിലെ വെള്ളമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ രണ്ട് വാട്ടർ ടാങ്കുകളുണ്ട്. ഇതിൽ മുട്ടത്തുള്ളത് നമ്മുടെ തൊട്ടടുത്ത പള്ളിപ്പാട് പഞ്ചായത്തിനും പ്രയോജനപ്പെടുന്നു. എല്ലാ വാർഡുകളിലുമായി 99 പൊതു വാട്ടർ ടാപ്പുകളും, 165 വീടുകളിൽ സ്വകാര്യ കണക്ഷനുമുണ്ട്. കൂടാതെ 42 പൊതു കിണറുകളുണ്ട്. ഇവയുടെ നില പരിതാപകരമാണ്. 3, 4,5, 6 വാർഡുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പൈപ്പിലേയും കിണറ്റിലേയും വെള്ളം പൂർണ്ണമായി ശുദ്ധമാണെന്ന് പറഞ്ഞു കൂടാ. 5-ാം വാർഡിൽ ഭൂഗർഭജലവകുപ്പ് നിർമ്മിച്ച കുഴൽ കിണറിന് ടാങ്കുണ്ടാക്കി ജലവിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പേർക്കും ശുദ്ധജലമെത്തിക്കുവാൻ കഴിയും.

പഞ്ചായത്തിലെ പതിനഞ്ചിൽ കോളനി, മരങ്ങാട്ടു കോളനി, പ്ലാന്തറ കോളനി, ആയിരപ്പള്ളി ചിറ ചാമ്പക്കണ്ടം കോളനി, വേളങ്ങാട്ടു കോളനി എന്നിവിടങ്ങളിൽ ഇതുവരേയും ശുദ്ധജലമെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. പൊതുവേ പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജലമെത്തിയ്ക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്.


പ്രശ്നങ്ങൾ

1. ശുദ്ധജലം എല്ലാവർക്കും ആവശ്യാനുസരണം ലഭിക്കുന്നില്ല.
2. കിട്ടുന്ന ജലം രോഗാണുവിമുക്തമല്ല.
3. ടാപ്പുകൾ പലപ്പോഴും കേടായി വെള്ളം നഷ്ടപ്പെടുന്നതുകൊണ്ട് പലപ്പോഴും ആവശ്യത്തിന് ലഭിക്കുന്നില്ല.
4. കുടിവെള്ളം മൃഗങ്ങളെ കുളിപ്പിക്കുന്നതിനും, വാഹനങ്ങൾ കഴുകുന്നതിനും മറ്റുമായി ദുരുപയോഗപ്പെടുത്തുന്നു.
5. കിണറുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുകയോ, ക്ലോറിനേറ്റ് ചെയ്യുകയോ ചെയ്യുന്നില്ല.
6. ലക്ഷം വീട് കോളനികളിൽ വേണ്ടത്ര പൈപ്പ് ലൈൻ ഇല്ല

പരിഹാരമാർഗ്ഗങ്ങൾ

1. ലക്ഷം വീട് കോളനികളിലും മറ്റു കോളനികളിലും ജല ദൗർലഭ്യമുള്ള വാർഡുകളിലും ശുദ്ധജലമെത്തിക്കുവാൻ കിണറുകളോ പൈപ്പ് ലൈനോ സ്ഥാപിക്കുക.
2. 5-ാം വാർഡിലുള്ള ഭൂഗർഭ ജല കുഴൽ കിണറിന് ആവശ്യമായ ടാങ്കുകളുണ്ടാക്കുവാനുള്ള സമ്മർദ്ദം ഉണ്ടാകണം.
3. ഈ ടാങ്കിൽ നിന്നും പഞ്ചായത്തിലെ എല്ലാ ഭാഗത്തും ശുദ്ധജലമെത്തിക്കുക
4. അയൽ കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ആരോഗ്യ സേനാംഗങ്ങൾക്ക് ജലപരിശോധനയ്ക്ക് പരിശീലനം നല്കി പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളം (പൈപ്പ്, കിണർ) കാലാകാലങ്ങളിൽ പരിശോധിക്കുക.
5. സന്നദ്ധപ്രവർത്തനമായി എല്ലാ കിണറുകളും കാലാകാലങ്ങളിൽ ക്ലോറിനേറ്റ് ചെയ്യുക.
6. ഓരോ പൊതുടാപ്പിനേറയും സംരക്ഷണത്തിന് ഉപഭോക്താക്കളെ ഉൾപ്പെടുത്തി ടാപ്പ് സംരക്ഷണ സമിതി രൂപീകരിച്ച് ടാപ്പ് സംരക്ഷിക്കുകയും പരിസരം വൃത്തിയായി സൂക്ഷിക്കുവാനുള്ള പ്രവർത്തനം നടത്തുകയും ജലം ദുരുപയോഗപ്പെടുത്താതിരിക്കുവാനുള്ള മേൽനോട്ടം വഹിക്കുകയും ചെയ്യുക.
7. പഞ്ചായത്തിലുള്ള എല്ലാ പൊതു കുളങ്ങളും (ക്ഷേത്ര കുളങ്ങൾ) വെട്ടി വൃത്തിയാക്കി ജലലഭ്യത ഉറപ്പാക്കുക. ■





13

സാമൂഹ്യക്ഷേമവും പാർപ്പിടവും

മനുഷ്യൻ വ്യക്തിയിൽ നിന്ന് സമഷ്ടിയിലേക്ക് വളർന്നതോടെ സാമൂഹ്യ ക്ഷേമത്തിന്റെ പ്രാധാന്യവും വർധിച്ചു. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം എന്നീ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഇവിടെ മുൻ തൂക്കം നൽകി വരുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ദേശിച്ചാണ് സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതും.

രണ്ട് തരത്തിലുള്ള പദ്ധതികളാണ് പ്രധാനമായും സാമൂഹ്യക്ഷേമരംഗത്തുള്ളത്. ഒന്ന്, കേന്ദ്ര സംസ്ഥാനഫണ്ടുകളെ ആശ്രയിച്ചുള്ള അഗതി വിധവാ പെൻഷനുകളും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും. രണ്ടാമത്തേത് തൊഴിലുടമകളുടെയും തൊഴിലാളികളുടെയും സഹകരണത്താടെ വിവിധ ക്ഷേമനിധിബോർഡുകളുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളാം. ഇതു കൂടാതെയുള്ളത് പട്ടികജാതി വികസനത്തിനായുള്ള പട്ടികജാതി വികസന കോർപ്പറേഷനുകളും വനിതകളുടെ ഉന്നമനത്തിനായുള്ള വനിതാ വികസന കോർപ്പറേഷനുകളും വനിതാ കമ്മീഷനുമാണ്. പട്ടികജാതി വികസന കോർപ്പറേഷൻ ജില്ലാ കേന്ദ്രത്തിലും വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരത്തുമായതിനാൽ ഇവയിൽ നിന്നുള്ള സഹായങ്ങളെ കുറിച്ച് അറിവ് കുറവും വിവിധ ആവശ്യങ്ങൾക്ക് സാധാരണക്കാരന് എത്തിച്ചേരുവാനുള്ള പ്രയാസവും ഉണ്ട്. അതിനാൽ ഈ രണ്ട് ഓഫീസുകളിൽ നിന്നുള്ള സഹായം പഞ്ചായത്തിലെ ജനങ്ങൾക്ക് പരിമിതമാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. മിക്ക ക്ഷേമനിധികളെക്കുറിച്ചും തൊഴിലാളികൾ അജ്ഞരാണ്.

സാമൂഹിക-ക്ഷേമരംഗത്ത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഗ്രാമ വികസന വകുപ്പിലൂടെ നടപ്പാക്കുന്ന ഐ.ആർ.ഡി.പി, ജെ.ആർ.വൈ, ട്രൈസം, ഐ.എ.വൈ, സി.ആർ.എസ്.പി, ഡി.ഡബ്ല്യൂ.സി.ആർ.എ, ആർ.എ.പി, എം. ഡബ്ല്യൂ.എസ്സ് എന്നിവയാണ്.

ഐ.ആർ.ഡി.പി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ്. ഐ.ആർ.ഡി.പി. അല്ലെങ്കിൽ സംയോജിത ഗ്രാമ വികസന പദ്ധതിയുടെ ലക്ഷ്യം. 1992 ലെ സർവ്വേ പ്രകാരം 1585 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. അവയുടെ വിശദമായ വിവരങ്ങൾ പട്ടിക -1, പട്ടിക-2 എന്നിവയിൽ കൊടുത്തിരിക്കുന്നു.

പട്ടിക -1

1992ൽ നടത്തിയ ഐ.ആർ.ഡി.പി. സർവേപ്രകാരം ചേപ്പാട് പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ്	പട്ടികജാതിക്കാർ	മറ്റുള്ളവർ	ആകെ
1	17	144	
2	29	177	
3	23	156	
4	22	189	
5	30	101	1585
6	34	191	
7	28	136	
8	24	167	
9	6	110	

1992 മുതൽ 96 വരെ 91 പേർക്ക് ഐ.ആർ.ഡി.പി. സഹായം ലഭിച്ചു. അതിൽ 59 പട്ടികജാതിയും 40 വനിതകളും പെടുന്നു. 92 മുതൽ 96 വരെ 4,99,187 രൂപാ വായ്പ ഇനത്തിൽ നല്കിയതിൽ 3,65,313 രൂപാ സബ്സിഡി ആണ്. പട്ടിക 3-4 കാണുക.

ട്രൈസം

ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ദ്ധ്യം ഉയർത്തിയെടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിൽ അമ്പത് ശതമാനം പട്ടികജാതി - പട്ടിക വർഗ്ഗക്കാരും നാല്പത് ശതമാനം വനിതകളും പത്ത് ശതമാനം വികലാംഗരുമായിരിക്കും. 92 മുതൽ 96 വരെ ചേപ്പാട് പഞ്ചായത്തിൽ 14 പേർ ഈ പദ്ധതി പ്രയോജനപ്പെടുത്തി. അതിൽ 13 പട്ടികജാതിക്കാരായിരുന്നു. 93-94ൽ ആരും ഈ പദ്ധതി ഉപയോഗപ്പെടുത്തിയില്ല. പട്ടിക -5 നോക്കുക.

പട്ടിക -5

ട്രൈസം (1992ന് ശേഷം)

വർഷം	പട്ടികജാതി	മറ്റുള്ളവർ	ആകെ	വനിതകൾ	വികലാംഗർ
92-93	1	ഇല്ല	1	1	ഇല്ല
93-94	-	-	-	-	-
94-95	10	1	11	1	ഇല്ല
95-96	2	ഇല്ല	2	1	ഇല്ല

ഡി.ഡബ്ല്യൂ.സി.ആർ.എ.

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻ നിർത്തി പത്ത് മുതൽ 15 വരെ വനിതകൾക്ക് വരുമാനം കിട്ടുന്ന പലതൊഴിൽ സംരംഭങ്ങൾ കൂട്ടായി ചെയ്യുകയും അതിലൂടെ അവരുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക ഉയർച്ച ഉറപ്പുവരുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉള്ളവരെ മാത്രമേ ഇതിൽ ഗുണഭോക്താക്കളാക്കാൻ പാടുള്ളൂ. 93 മുതൽ 96 വരെ മൂന്ന് ഗ്രൂപ്പുകൾ രൂപീകരിച്ചു. ആകെ 27 പേർക്ക് ഇതിൽ നിന്ന് വരുമാനം ലഭിക്കുന്നു. പട്ടിക - 6 നോക്കുക.

DWCRA (1992 നുശേഷം)

വർഷം	രൂപീകരിച്ചയൂണിറ്റ്	ഗ്രൂപ്പ്	പട്ടികജാതി	മറ്റുള്ളവർ	ആകെ
93-94	ഡയറിയൂണിറ്റ്	1	5	5	10
95-96	കയർപിരിയൂണിറ്റ്	1	ഇല്ല	8	8
96-97	ഡയറിയൂണിറ്റ്	1	3	6	9

ആർ.എ.പി.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതിയാണിത്. 95-96 ലാണ് പദ്ധതിപ്രകാരം ഇവിടെ തൊഴിലുപകരണങ്ങൾ വിതരണം ചെയ്തു തുടങ്ങിയത്. 1992 -ലെ ലിസ്റ്റുപ്രകാരം 46 കുടുംബങ്ങളെ ഈ പദ്ധതിയിലേക്ക് കണ്ടെത്തിയിരുന്നു. അതിൽ 12 പേരെ തെരഞ്ഞെടുത്തു.

ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)

ജെ.ആർ.വൈ. സ്കീമിന്റെ ഭാഗമാണിത്. സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ വീടില്ലാത്തതുമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ ആണ് ഈ പദ്ധതി പ്രകാരം സഹായിക്കുന്നത്. 92 മുതൽ 96 വരെ 386 പേർക്ക് വീട് കൊടുത്തിട്ടുണ്ട്. ഇതിൽ 31 വീട് പൂർത്തീകരിച്ചു. 96-97 ൽ ഈ പഞ്ചായത്തിൽ ഒമ്പത് പട്ടികജാതിക്കാർ ഉൾപ്പെടെ പതിനാലു പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

മില്ല്യൺ വെൽ സ്കീം (എം. ഡബ്ല്യൂ.എസ്സ്)

ജെ.ആർ. വൈ സ്കീമിന്റെ ഭാഗമാണിത്. കാർഷിക ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെടുന്ന പത്ത് സെന്ററിൽ കുറയാതെ ഭൂമിയുള്ള കുടുംബങ്ങളെയാണ് ഈപദ്ധതിപ്രകാരം സഹായിക്കുന്നത്. 92 മുതൽ 96 വരെ ഈ പഞ്ചായത്തിൽ 21 കിണറുകൾ പൂർത്തിയാക്കി. 27 കുടുംബങ്ങൾക്ക് സ്ഥലം നികത്തുന്നതിനും സഹായം ലഭിച്ചു.

സി.ആർ.എസ്സ്. പി. സി.ഡി.ഡി. വാട്ട്സൺ

സ്വന്തമായി കക്കൂസില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയാണ് ഈ പദ്ധതി പ്രകാരം സഹായിക്കുന്നത്. 92 മുതൽ 96 വരെ ഈ പദ്ധതിയിൽ 76 പേർക്ക് ആനുകൂല്യം ലഭിച്ചു. ഇതിൽ പട്ടികജാതിയ്ക്ക് 22 ഉം മറ്റുള്ളവർക്ക് 54 ഉം ആണ്.

ജവഹർ തൊഴിൽ ദാന പദ്ധതി

ജെ.ആർ.വൈ

പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹിക ആസ്തികൾ ഒരുക്കുക എന്നിവയിലൂടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ എട്ടാം പദ്ധതി കാലത്ത് 32 വീടും 44 കക്കൂസും നല്കിയതിനു പുറമേ ഒട്ടേറെ റോഡുകളുടെ ഗ്രാവലിംഗ്, ടാറിംഗ് എന്നിവയും നടത്തിയിട്ടുണ്ട്.

വില്ലേജ് ഓഫീസുകൾ വഴി ലഭിക്കുന്ന സഹായം

റവന്യു വകുപ്പിലൂടെ വിവിധ പെൻഷനുകൾ, വിധവകളുടെ പെൺമക്കൾക്കായി ധനസഹായം, പ്രസവാനുകൂല്യം, കുടുംബനാഥൻ മരിച്ചാൽ നല്കുന്ന ധനസഹായങ്ങൾ മുതലായ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

അംഗൻവാടികൾ

സാമൂഹിക ക്ഷേമരംഗത്ത് എടുത്ത് പറയാവുന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാവുന്ന ഘടകമാണ് അംഗൻവാടികൾ. ചേപ്പാട് പഞ്ചായത്തിൽ 20 അംഗൻവാടികൾ ഉണ്ട്. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തോടൊപ്പം പോഷകാഹാരം നല്കുന്നതും ഇതിന്റെ ലക്ഷ്യമാണ്.

പൊതുവിതരണ സമ്പ്രദായം (റേഷൻ ഷോപ്പ്)

ചേപ്പാട് പഞ്ചായത്തിൽ 20 റേഷൻ കടകളുണ്ട്. ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ഒരു മാവേലി സ്റ്റോറുണ്ട്. മറ്റൊരു സഹകരണ മാവേലി സ്റ്റോർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനമില്ല.

ക്ഷേമനിധികൾ

ചേപ്പാട് പഞ്ചായത്തിൽ ഭൂരിഭാഗവും കാർഷിക മേഖലയിലുള്ള തൊഴിലാളികളാണ്. ഇഷ്ടിക തൊഴിലാളികൾ, ആഭരണനിർമ്മാണതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ തുടങ്ങി വിവിധ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുമുണ്ട്.

സാദ്ധ്യതകൾ

1. ഗ്രാമവികസന വകുപ്പിന്റെ സാമൂഹിക ക്ഷേമ പദ്ധതികൾ ജില്ലാ സഹകരണ ബാങ്കുകൾ വഴി നടപ്പാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാകണം.
2. ഡിഡബ്ല്യൂ.സി.ആർ.എ മുഖേന ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ ഗവൺമെൻറ് സഹകരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണെങ്കിൽ ആവശ്യമുള്ളപ്പോൾ ഇത്തരം യൂണിറ്റുകളിൽ നിന്നുതന്നെ വാങ്ങണം.
3. ഡി.ഡബ്ല്യൂ.ഡി.ആർ.എ, ഐ.ആർ.ഡി.പി. മുതലായ സ്കീമുകളിലൂടെ ഉണ്ടാക്കുന്ന യൂണിറ്റുകൾക്ക് ഒരു കൂട്ടായ്മ ഉണ്ടായിരിക്കണം.
4. വികലാംഗർക്ക് ആവശ്യമായ സർട്ടിഫിക്കേറ്റ് നല്കുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന ഡോക്ടർക്ക് നല്കണം.

പട്ടിക -2

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചിട്ടുള്ള കണക്ക്

4000 രൂപാവരെ	4001-6000	6001-8500	8501-11000
914	522	123	26

പട്ടിക-3

1992ന്ശേഷം ഐ.ആർ.ഡി.പി. സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം.

വർഷം	പട്ടിക	മറ്റുള്ള	ആകെ	വനിത	വികലാംഗർ
92-93	15	9	24	10	ഇല്ല
93-94	18	8	26	7	ഇല്ല
94-95	14	10	24	13	1
95-96	12	5	17	10	ഇല്ല

പട്ടിക -4

1992ന് ശേഷം നല്കിയ വായ്പയും സഹായധനവും. രൂപയിൽ

വർഷം	സഹായധനം	വായ്പ	കുടുംബശരാശരി
92-93	80540	107405	7831
93-94	93790	112715	7943
94-95	111833	150334	10924
95-96	79150	128733	12229

പാർപ്പിടം

തലചായ്ക്കാനൊരിടം എന്ന സങ്കല്പത്തിനുപരി വീട് ഇന്നൊരു സ്റ്റാറ്റസ് സിംബൽ ആയി മാറിയിരിക്കുന്നു. വനത്തിലും ഗുഹാന്തരത്തിലും ജീവിച്ച മനുഷ്യൻ പുരോഗതിക്കൊപ്പം പുത്തൻ പാർപ്പിട സൗകര്യങ്ങളെക്കുറിച്ചും ചിന്തിക്കാൻ തുടങ്ങി. ഭൗതികവും മാനസ്സികവുമായ വളർച്ച ഇതിന് ആക്കം കൂട്ടി അബരചുംബികളെന്നും മണിമന്ദിരങ്ങളെന്നും വിശേഷിപ്പിക്കാവുന്ന വീടുകൾ പുതുതായി തല ഉയർത്തിയപ്പോൾ തന്നെ ചുരുണ്ടു കിടക്കാൻ കൂരപോലും ഇല്ലാത്തവരുടെ എണ്ണവും പെരുകുകയായിരുന്നു. ഇതോടെ വികസനസ്വപ്നം സാധിതമാക്കാനും പാവപ്പെട്ടവന്റെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കാനും ഭദ്രമായ ഭവനങ്ങൾ പണിയണമെന്ന് ഭരണാധികാരികൾക്കും ബോധ്യപ്പെട്ടു. ഇന്ന് ഇതിനുവേണ്ടി യഥാർത്ഥ പദ്ധതി ആവിഷ്ക്കരിക്കുകയാണ് വേണ്ടത്.

കേരള തനിമയുടെ പ്രൗഡിയും വാസ്തുശില്പ ചാരുതയുടെ മൂർത്തിമത്ഭാവങ്ങളായിരുന്ന ഏതാണ്ട് 500 ഓളം വീടുകൾ ചേപ്പാട് പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അത്തരം പഴമയുടെ പ്രൗഡിയുള്ള 71

വീടുകൾ മാത്രമേ ഇവിടെയുള്ളു. ഇപ്പോൾ 82 ഇരുനില മാളികകളും (15%) 1184 വാർക്കകെട്ടിടങ്ങളും (21.68%) 3092 ഓടിട്ട കെട്ടിടങ്ങളും (56.63%) 1102 ഓല മേഞ്ഞ വീടുകളും (26.18%) ആണുള്ളത്. ഇവയിൽ ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്ന ആളുകളും ഓടിട്ട വീട്ടിൽ താമസിക്കുന്ന ഒരു വിഭാഗവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നു.

പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളും ഒരു ഐ.എച്ച്.ഡി.പി. കോളനിയും, അംഗീകാരം കിട്ടാത്ത കോളനികളുമുണ്ട്. എല്ലാത്തരം കോളനികളിലെയും പാർപ്പിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രൂക്ഷമാണ്. ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന വീടുകളുണ്ട്. പ്രാഥമികാവിശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത വീടുകളാണധികവും

പാർപ്പിടത്തിന്റെ സ്വഭാവം

വാർഡ്	2നില കെട്ടിടം	ടെറസ്	ഓട്	ഓല	ആകെ
1	20	179	420	124	743
2	6	137	426	102	671
3	1	79	287	124	491
4	1	147	368	116	632
5	8	124	284	127	543
6	11	120	367	130	628
7	10	126	368	136	640
8	5	107	254	150	516
9	20	165	318	93	596

പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റികൾ ഒന്നും തന്നെയില്ല. പഞ്ചായത്തിനു വെളിയിലുള്ള ഹൗസിംഗ് സൊസൈറ്റികളിൽ നിന്നുംമറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഭവന വായ്പ ലഭ്യമാകാനുണ്ടാകുന്ന കാലതാമസവും, ഉയർന്ന പലിശനിരക്കും, വായ്പാ തുകയുടെ പരിമിതിയും ഈ രംഗത്ത് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

സർക്കാർ തലത്തിൽ ജെ.ആർ.വൈ. അൺ ടൈഡ് ഫണ്ട്, ഇന്ദിര അവാസ്യോജന (ഐ.എ.വൈ.) മൈത്രി ഭവന നിർമ്മാണ പദ്ധതി എന്നിവ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. 8-ാം പഞ്ചവത്സര പദ്ധതി കാലത്ത് ജെ.ആർ.വൈ ൽ 25ഉം, ഐ.എ.വൈ ൽ 31 ഉം അൺടൈഡ് ഫണ്ടുപയോഗിച്ച് 45 വീടുകളും നൽകിയിട്ടുണ്ട്. പട്ടിക ചുവടേ ചേർക്കുന്നു.

വർഷം	JRY	IAY	Untied fund	മൈത്രീഭവന പദ്ധതി
1992-93	9	3	6	
1993-94	10	12	6	
1994-95	5		6	
1995-96	1	5	27	
1996-97		14	-	

പ്രശ്നങ്ങൾ

1 സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരായി ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

2. കോളനികളിൽ ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ താമസക്കാരുണ്ട്.

3. ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനയും, വർദ്ധിച്ച കൂലിനിരക്കും, വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവവും ഭവന നിർമ്മാണത്തെ ബാധിക്കുന്നു.

സാധ്യതകൾ

1. ചെലവു കുറഞ്ഞ കൂടുതൽ സൗകര്യമുള്ള വീടുകൾ നിർമ്മിക്കുക

2. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം ആരംഭിക്കുക

3. നിർമ്മാണരംഗത്തെ തൊഴിലാളികളെ എല്ലാം സംഘടിപ്പിച്ച് ഒരു സംഘമായി രജിസ്റ്റർ ചെയ്യുക

4 ഭവനനിർമ്മാണ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം നൽകുക.

5. വീടു നിർമ്മിക്കുവാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിച്ച് വില്ക്കുവാൻ ഒരു സഹകരണ സംഘം സ്ഥാപിക്കുക.


6. ഇനിയും പണിയുന്ന വീടുകൾക്ക് ആകാവുന്ന വിസ്തീർണ്ണം നിജപ്പെടുത്തുകയും അതിൽ കൂടുതൽ വരുന്നതിന് സൂപ്പർ ടാക്സ് ഈടാക്കേണ്ടതുമാണ്.

7. പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസത്തിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

8. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീടും സ്ഥലവും വാങ്ങുന്നതിന് ആവശ്യമായ സഹായം നൽകുക.

9 ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി, വായ്പകൾ ദീർഘകാലാടിസ്ഥാനത്തിലാക്കുക. വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമം ഉദാരമാക്കുക

10. പുര കെട്ടിമേയുന്നതിന് ധനസഹായം നൽകുക.



14

സഹകരണം

"ഗ്രാമീണ ഭാരതത്തിന്റെ കനക പ്രതീക്ഷയാണ് സഹകരണം. സഹകരണം പരായപ്പെട്ടുകൂടാ വിജയിക്കുകതന്നെ വേണം."

എ.ഡി. ഗോർവാല.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഗ്രസിച്ച സമൂഹം. അവയിലൂന്നിയുള്ള കൃഷി സമ്പ്രദായം അതിൽ നിന്നു കിട്ടുന്ന വരുമാനത്തിലൊരു പങ്ക് ദൈവത്തിന്, ബാക്കിയുള്ളവ കുറഞ്ഞ വിലയ്ക്ക് വില്ക്കേണ്ടി വരുന്ന കർഷകർ, നെടുംതൂണില്ലാത്ത കുടിൽ വ്യവസായങ്ങൾ പരമ്പരാഗതമായി ഋണഭാരത്തിലാണ്ട ജനങ്ങൾ, തകർന്ന സമ്പദ് ഘടന ഇതായിരുന്ന ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിയ്ക്കുന്നതിനു മുമ്പുള്ള അവസ്ഥ. കർഷക സമൂഹത്തെ ഋണബാദ്ധ്യതയിൽ നിന്ന് രക്ഷിയ്ക്കുന്നതിനായി 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിയ്ക്കുന്നത്.

ചേപ്പാട് പഞ്ചായത്തിൽ രാജഭരണകാലഘട്ടത്തിൽ തന്നെ സഹകരണ പ്രസ്ഥാനത്തിന് രൂപം കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അന്ന് നായർ സമാജം എന്ന പേരിൽ ആരംഭിച്ച സഹകരണ പ്രസ്ഥാനം ഉത്തരവാദ ഭരണത്തോടുകൂടി ഏവൂർ സർവ്വീസ് സഹകരണ സംഘമായിത്തീർന്നു. കുറിച്ചിലേത്ത് കേശവപിള്ളയുടെ നേതൃത്വത്തിൽ രൂപീകൃതമായ 690-ാം നമ്പർ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. തുടർന്ന് ചേപ്പാട് കിഴക്കും മുറിയിൽ രൂപീകൃതമായ 1674-ാം നമ്പർ ചേപ്പാട് സർവ്വീസ് സഹകരണ സംഘവും 1953-ൽ വില്ലേജിലെ വലിയകുഴികരകേന്ദ്രമാക്കി രൂപീകരിച്ച 2259-ാം നമ്പർ വലിയ കുഴി സർവ്വീസ് സഹകരണ ബാങ്കുമാണ് പഞ്ചായത്തിലെ വായ്പാ സഹകരണ രംഗത്ത് പ്രവർത്തിച്ചു വന്നത്. 690-ാം നമ്പർ സംഘം പിൽക്കാലത്ത് പ്രവർത്തനരഹിതമാക്കുകയും 1674-ാം നമ്പർ സംഘവുമായി സംയോജിച്ച് A702 എന്ന പേരിൽ അറിയപ്പെടുന്നു.

നമ്മുടെ ഗ്രാമത്തിൽ സഹകരണ പ്രസ്ഥാനത്തിന് നിർവ്വഹിയ്ക്കുവാനുള്ള കടമ ചെറുതല്ല. ഉല്പാദന - സംഭരണ-വിതരണ മേഖലകളെ ശക്തിപ്പെടുത്തി ജനങ്ങളുടെ ജീവിത നിലവാരവും, സാമ്പത്തികാഭിവൃദ്ധിയുടെ ഉയർച്ചയ്ക്കും കൂട്ടായ്മയ്ക്കും ഇനിയും സഹകരണമേഖല മുന്നോട്ടു വരേണ്ടിയിരിക്കുന്നു. അതിനായി സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ ചിട്ടയോടും ഭംഗിയായും ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഓരോ സഹകരണസംഘങ്ങളുടെയും പ്രവർത്തനങ്ങളിൽ ശ്രദ്ധിയ്ക്കുവാനും സഹായിയ്ക്കുവാനും സംഘാംഗങ്ങളും ഭരണസമിതികളും തയ്യാറാകണം. പൊതുയോഗങ്ങൾ ചടങ്ങിനപ്പുറത്തേക്ക് അംഗങ്ങളുടെ അവകാശങ്ങൾ പ്രതിഫലിപ്പിക്കുന്ന വേദികളായിതീരണം. കക്ഷിരാഷ്ട്രീയത്തിനതീതമായി സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ക്രിയാത്മകസംഭാവന ചെയ്യുവാൻ പ്രാപ്തരായവരെ ഭരണ സമിതി അംഗങ്ങളാക്കുന്നതിനും സ്ഥാപിതതാല്പര്യങ്ങൾ ഒഴിവാക്കി സംഘങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനും ശ്രമിക്കണം.

2,6,9 വാർഡുകളിലായി മൂന്ന് ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളും 7-ാം വാർഡിൽ A 134-ാം നമ്പർ ബ്രിക്സ് മാനുഫാക്ചറിംഗ് വ്യവസായ സഹകരണസംഘവും 3-ാം വാർഡിൽ A 775-ാം നമ്പർ ചേപ്പാട് വില്ലേജ് പട്ടികജാതി സർവ്വീസ് സഹകരണ സംഘവും മുറിയാം മൂട് ആസ്ഥാനമായി 9-ാം വാർഡിൽ A 191-ാം നമ്പർ ചേപ്പാട് പഞ്ചായത്ത് സെറികൾച്ചർ

സഹകരണ സംഘവും ഏവൂർ കേന്ദ്രമായി 849-ാം നമ്പർ എൻ.എസ്. സ്മാരക സഹകരണ ആശുപത്രി സഹകരണ സംഘവും 6-ാം വാർഡ് ആസ്ഥാനമായി ഒരു കൺസ്യൂമർ സംഘവും പ്രവർത്തിയ്ക്കുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 13 പേർ ജോലി ചെയ്തു വരുന്നു. കാർത്തികപ്പള്ളി ഭൂവികസനബാങ്ക് കാർത്തികപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം തുടങ്ങി താലൂക്കു തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തന പരിധി കൂടിയാണ് ഈപഞ്ചായത്ത്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷിക മേഖലയിൽ വലിയ കുഴി സർവ്വീസ് സഹകരണ ബാങ്ക് ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. വായ്പാ വിതരണ രംഗത്തും നിക്ഷേപസമാഹരണത്തിലും മറ്റും അടുത്ത കാലത്ത് നല്ല പുരോഗതി കൈവരിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. കൂടാതെ ലേലച്ചിട്ടി, വളംഡിപ്പോ, റേഷൻഡിപ്പോ എന്നിവയും നടത്തിവരുന്നു. സ്വർണ്ണപണ്ടപണയവായ്പാ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ചേപ്പാട് A 702-ാം നമ്പർ സംഘം ധനാപഹരണത്തെതുടർന്ന് പ്രവർത്തന രംഗത്ത് പിന്നോക്കം നിൽക്കുന്ന അവസ്ഥയിലാണ്. അംഗങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ട നിലയിൽ ആ സ്ഥാപനം അനുദിനം പ്രവർത്തനരംഗത്ത് പിന്നോക്കം പോയിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. പഞ്ചായത്തിൽ 3 ക്ഷീരോല്പാദകസഹകരണ സംഘങ്ങളാണുള്ളത്. പഞ്ചായത്തിലെ 1,2,3,7,8,9,5,6 വാർഡുകൾ പ്രവർത്തന പരിധിയായുണ്ട്. പാലുല്പാദകരായ കർഷകർക്ക് ശരിയായ വില ലഭിക്കാത്തതിനാൽ ഈ സംഘങ്ങളിൽ ലഭിക്കുന്ന പാലിന്റെ അളവ് തുലോം പരിമിതമാണ്. 7-ാം വാർഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്രിക്സ് മാനുഫാക്ചറിംഗ് വ്യവസായ സഹകരണസംഘവും, 3-ാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഹരിജൻ സർവ്വീസ് സഹകരണസംഘവും പ്രവർത്തനക്ഷമമല്ല. ചേപ്പാട് പഞ്ചായത്ത് സെറികൾച്ചർ സഹകരണ സംഘത്തിന് 9-ാം വാർഡിൽ ഒരു ആസ്ഥാനവുമുണ്ടെന്നതൊഴിച്ചാൽ മറ്റു പ്രവർത്തനങ്ങളൊന്നും തന്നെയില്ല. എൻ.എസ്. മെമ്മോറിയൽ ആശുപത്രി സഹകരണ സംഘവും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. കൺസ്യൂമർ സഹകരണ സംഘം വെറും കടലാസ് സംഘമായി തുടരുന്നു.

കാർഷിക മേഖല

ഹ്രസ്വകാലവായ്പ: വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക്

ഏകദേശം 4000 കർഷകകുടുംബങ്ങളും 3971 ഹെക്ടർ കൃഷിഭൂമിയുമുള്ള ഒരു പഞ്ചായത്താണ് ചേപ്പാട്. പഞ്ചായത്തിൽ രണ്ടു സർവ്വീസ് സഹകരണ സ്ഥാപനങ്ങളുണ്ടെങ്കിലും വലിയ കുഴി സർവ്വീസ് സഹകരണ ബാങ്ക് മാത്രമാണ് ഹ്രസ്വകാല കാർഷിക, കാർഷികേതര വായ്പകളും വിതരണം നടത്തുന്നത്. വായ്പ ആവശ്യമുള്ള മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകാൻ ഇനിയും കഴിഞ്ഞിട്ടില്ല. 2500 ഓളം കർഷക കുടുംബങ്ങളും ഈ ബാങ്കിന്റെ പരിധിയിൽ ഉണ്ടെങ്കിലും മുഴുവൻ കർഷകരും ബാങ്കിൽ അംഗങ്ങളും ലാൻഡ് രജിസ്റ്റർ പ്രകാരം 'ക്രഡിറ്റ്ലിമിറ്റ്' സ്റ്റേറ്റ്മെൻറ് തയ്യാറാക്കി ജില്ലാബാങ്കിൽ നിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാ കർഷകരും നമ്പാർഡിന്റെയും ബാങ്കിന്റേയും നിബന്ധനകൾ പാലിച്ച് ബാങ്കിൽ നിന്നും വായ്പ വാങ്ങുന്നതിൽ തല്പരരായി കാണുന്നില്ല. നമ്പാർഡിന്റെ (വായ്പാത്തോത്) സ്കെയിൽ ഓഫ് ഫൈനാൻസ് കേരളത്തിന്റെ സാഹചര്യത്തിൽ പര്യാപ്തമല്ലാതെ വരുന്നതിനാൽ കാർഷിക വായ്പ യഥാർത്ഥ അളവിൽ കർഷകർക്ക് ലഭിക്കുന്നതിനു സഹായകരമാകാത്തസ്ഥിതിയാണുള്ളത്. വസ്തു ഈടിന്മേലുള്ള വായ്പയുടെ രജിസ്ട്രേഷൻ ഫീസ് 5000 രൂപ വരെ മാത്രം ഇളവ് അനുവദിച്ചിട്ടുള്ളതും വർദ്ധിച്ചതോതിൽ വായ്പ എടുക്കുന്നതിന് പ്രതിബന്ധമാകുന്നുണ്ട്. വായ്പ എടുക്കുന്നത് യഥാസമയം തിരിച്ചടക്കാതിരിക്കുന്നത് തുടർന്ന് കർഷകർക്ക് വായ്പ ലഭിക്കുന്നതിനു തടസ്സമാകുന്നതിനു പുറമെ ബാങ്കിന്റെ പ്രവർത്തനത്തേയും ദോഷകരമായി ബാധിക്കുന്നുണ്ട്. വളം വിതരണം ഭാഗികമായി നടക്കുന്നുണ്ടെങ്കിലും കാർഷികോൽപന്നങ്ങളുടെ സംഭരണവും വിതരണവും നടക്കുന്നില്ല. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കാൻ ഏകദേശം ഒരു കോടിയോളം ഉറുപ്പിക ഒരു വർഷം ആവശ്യമാണ്. എന്നാൽ 95-96 വർഷത്തിൽ 10 ലക്ഷം ഉറുപ്പിക മാത്രമാണ് ബാങ്കിനു കാർഷികാവശ്യത്തിന് വിതരണം ചെയ്യാൻ കഴിഞ്ഞത്. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ബാങ്ക് ഇനിയും വളരെ മുന്നോട്ടു പോകേണ്ടതുണ്ട്.

ദീർഘകാല കാർഷികവായ്പ:-

കാർത്തികപ്പള്ളി സഹകരണ കാർഷിക വികസന ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പ നല്കി വരുന്നത്.

കാർഷിക മേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടു കാരണം കർഷകർ വേണ്ടത്ര വായ്പ വിനിയോഗിക്കാത്ത അവസ്ഥ യാണിന്നുള്ളത്. ചേപ്പാട് പഞ്ചായത്തിൽ കയർ വ്യവ സായ സഹകരണ സംഘങ്ങളും ഖാദിഗ്രാമവ്യവസായ സഹകരണ സംഘങ്ങളും നിലവിലില്ല.

പാർപ്പിടപ്രശ്നം ഗുരുതരമാണ്. സഹകര മേഖല യിലെ വിവിധ സംഘങ്ങം വഴി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പയാണ് പഞ്ചായത്തിൽ ഭൂരിഭാ ഗവും ഉപയോഗിക്കുന്നത്. ഭവന നിർമ്മാണ വായ്പകം പ്രധാനമായും വിതരണം ചെയ്യുന്ന സഹകരണസംഘം മുതുകുളം ഹൗസിംഗ് സഹകരണസംഘമാണ്. ചേപ്പാട് പഞ്ചായത്ത് പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിലാണെങ്കിലും പഞ്ചായത്തിലെ ജന ങ്ങം അതെക്കുറിച്ചു ബോധവാന്മരല്ല. ഹൗസിംഗ് ബോർഡ് ജില്ലാ സഹകരണബാങ്ക് എന്നിവയെയാണ് ജനങ്ങം കൂടുതലായി ഇപ്പോം ആശ്രയിച്ചു വരുന്നത്. വലിയ കുഴി സർവ്വീസ് സഹകരണ ബാങ്കിന് കെട്ടിട മെയിൻറനൻസിനു വായ്പ നൽകാൻ കഴിയുന്നുണ്ടെങ്കി ലും ഫണ്ടിന്റെ പോരായ്മ മൂലം കെട്ടിട നിർമ്മാണത്തി നാവശ്യമായ വായ്പ നല്കാൻ ഇപ്പോം കഴിയാത്ത സ്ഥി തിയാണുള്ളത്.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികം

കാർഷികമേഖല

1. ചേപ്പാട് സർവ്വീസ് സഹകരണസംഘവും വലി യകുഴി സർവ്വീസ് സഹകരണ ബാങ്കും നഷ്ടത്തിലാണു പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരിമൂലധനമായോ അനുവദിക്കുക.

2. പഞ്ചായത്തിലെ എല്ലാ ജനങ്ങളേയും അംഗ ങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും സഹ കരണ സ്ഥാപനത്തിൽ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക.

3. ഒരു പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തി ക്കുന്ന ഒരു സഹകരണ സ്ഥാപനം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനു പഞ്ചായത്തിൽ നിലവിലുള്ള വലിയ കുഴി സർവ്വീസ് സഹകരണബാങ്കും ചേപ്പാട് സർവ്വീസ് സഹകരണ സംഘവും സംയോജിപ്പിച്ച് ചേപ്പാട് വില്ലേജ് സർവ്വീസ് സഹകരണബാങ്ക് രൂപീകരിച്ച് പ്രവർത്തിക്കുക.

4. നിക്ഷേപസമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. ഉദാ: സ്വർണ്ണപണ്ട പണയവായ്പ, കൺസ്യൂമർവായ്പ, ഭവന നിർമ്മാണ വായ്പ.

5. സഹകരണ ബാങ്കുകം കൂടുതൽ ചിട്ടികം നടത്തുകയും ആയതിനാവശ്യമായി ചിട്ടി നിയമവ്യവ സ്ഥകം ലഘൂകരിക്കുകയും ചെയ്യുക. കൂടാതെ ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം എന്ന നിക്ഷേപ പദ്ധതിപ്രാവർത്തി കമാക്കുക.

6. ബാങ്ക് അംഗങ്ങംക്ക് വസ്തു ജാമ്യത്തിന്മേലുള്ള വായ്പക്കുവേണ്ടി പ്രമാണത്തിനുള്ള രജിസ്ട്രേഷൻ ഫീസ് 5000 രൂപ വരെ 50% ആകുന്നു. പ്രസ്തുത പരിധി 50000 രൂപ വരെയെങ്കിലും വർദ്ധിപ്പിക്കുക.

7. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉൽപന്നങ്ങം സംഭരിക്കുവാനും സഹകരണ ബാങ്കുകളിൽ സംവിധാനം ഉണ്ടാകണം.

8. പഞ്ചായത്തു ഫണ്ടുകം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും, പഞ്ചായത്തിലെ പ്രവൃത്തി കംക്കുള്ള സെക്യൂരിറ്റിയായി സർവ്വീസ് ബാങ്കുകളിലെ നിക്ഷേപ രസീതുകം സ്വീകരിക്കുകയും ചെയ്യുക.

9. സഹകരണ മേഖലയെക്കുറിച്ചും കാലാകാ ലങ്ങളിൽ ഈ മേഖലകളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറി ച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള സെമിനാ റുകളും യോഗങ്ങളും സംഘടിപ്പിക്കുക.


10. സഹകരണ മേഖലയിൽ പഞ്ചായത്തിലെ സംഘങ്ങം നേരിടുന്ന പ്രധാന പ്രശ്നം വിഭവ സമാഹ രണ രംഗത്താണ്. മറ്റു ബാങ്കുകളേക്കാം ഉയർന്ന നിരക്കിൽ പലിശ നൽകുകയും ലഭിക്കുന്ന വിഭവങ്ങം ഈ പഞ്ചായത്തിലെ ജനങ്ങംക്കു ഗുണകരമായി വിനി യോഗിക്കുകയും ചെയ്യുന്ന സഹകരണ മേഖലയുടെ വിഭവസമാഹരണത്തിനുവേണ്ട സഹായങ്ങം നൽ കുക.

കാർഷിക വായ്പാസംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം (000)	ലാഭമോ നഷ്ടമോ		ജീവനക്കാർ	
							കാർഷികം (000)	കാർഷികേതര (000)		ലാഭം (000)	നഷ്ടം (000)	സ്ഥിരം	മറ്റുള്ളവർ
1	ചേപ്പാട് സർവ്വീസ് സഹകരണസംഘം (ക്ലിപ്തം) നമ്പർ- A702	1980	2675	132	217	320	3	90	442	-		2	
2	വലിയകുഴി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 2259 മുട്ടം പി.ഒ	ME 1118	3350	465	2086	2158	760	2267	4709		- 587	4	

ക്ഷീരസഹകരണസംഘങ്ങൾ (APCOS)

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭം	നഷ്ടം	ജീവനക്കാർ	
											സ്ഥിരം	മറ്റുള്ളവ
വലിയകുഴി ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ A41 (ഡി), മുട്ടം പി.ഒ.	1978 -	വലിയകുഴി കാഞ്ഞൂർ കേട്ടയ്ക്കകം നങ്ങ്യാർ കുളങ്ങര	419	3550	-	-	-	- -	-		2	
ചേപ്പാട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ A107 (D) ചേപ്പാട് പി.ഒ.	1984	ചേപ്പാട് പഞ്ചായത്ത് 1,2,3 വാർഡുകൾ	157	1580						-	2	
മുട്ടം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ A102 (D) മുട്ടം പി.ഒ	1984	മുട്ടം പഴയകാരാഴ്ച കണിച്ചനല്ലൂർ മലമേൽകോട് പരിമണം	307	3070					-		2	



15

വിഭവസമാഹരണം

നമ്മുടെ ഗ്രാമജനതയുടെ മുഖ്യ വരുമാനമാർഗ്ഗം കൃഷിയിൽ നിന്നും അതിന്റെ അനുബന്ധ പ്രവർത്തികളിൽ നിന്നുമുള്ളതാണ്. വ്യാവസായിക മേഖലയിൽ നിന്നുള്ള വരുമാനം എടുത്തു പറയുവാൻ കഴിയുംവിധം ഉയർന്നിട്ടില്ല. ഇന്ന് കൃഷിയും അതിനോടുബന്ധപ്പെട്ട വരുമാന സ്രോതസ്സും ഊഷരമായിക്കൊണ്ടിരിയ്ക്കുന്നു. എന്നാൽ മനുഷ്യാദ്ധ്വാനമെന്ന മഹാസമ്പത്ത് ഒരിയ്ക്കലും വറ്റാത്ത ഉറവയായി നമ്മേ അനുഗ്രഹിച്ചു നില്ക്കുന്നു. ആകെ ജനസംഖ്യയായ 18876-ൽ 60% പേർ അധ്വാനം സംഭാവന ചെയ്യാൻ കഴിയുന്നവരാണ്. 18 നും 60 നും ഇടയിൽ പ്രായമുള്ളവരാണിവർ. ഈ മാനവ വിഭവശേഷി ശാസ്ത്രീയമായും സൃഷ്ടിപരമായും വിനിയോഗിയ്ക്കുവാൻ കഴിഞ്ഞാൽ നമ്മുടെ ഇല്ലായ്മകളും പരിഹരിയ്ക്കുവാനും പുരോഗതിയ്ക്ക് ആക്കം കൂട്ടുവാനും കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ നൽകുന്ന ഗ്രാൻറുകളാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം. കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയാണ് മറ്റു പ്രധാന മാർഗ്ഗങ്ങൾ.

ഗ്രാൻറുകൾ കാലതാമസം കൂടാതെ പഞ്ചായത്തിന് ലഭ്യമാക്കാൻ ഇന്നും കഴിയുന്നില്ല.

കെട്ടിടനികുതി

അശാസ്ത്രീയമായ ഇപ്പോഴത്തെ കെട്ടിട നികുതി ചുമത്തൽ സമ്പ്രദായത്തിൽ മാറ്റം വരുത്തണം. തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നികുതി ചുമത്തിയാൽ പോരാ. വീട്ടിലെ ആഡംബര വസ്തുക്കളുടെയും വിലകൂടുതലുള്ള സാമഗ്രികളുടെയും ഉപയോഗവും കണക്കിലെടുക്കണം. സ്ഥിരമായ ഭിത്തിയുള്ള എല്ലാ വീടുകൾക്കും നികുതി ചുമത്തണം. നികുതി സ്ലാബ് സമ്പ്രദായത്തിലാക്കണം. നികുതി ചുമത്തുന്നതിന് പഞ്ചായത്തിൽ ഒരു അസ്സസ്സ്മെൻറ് കമ്മിറ്റി ഉണ്ടായിരിയ്ക്കണം. നികുതിചുമത്തുന്നതിന്റെ അടിസ്ഥാനം കെട്ടിട ഉടമയെ ബോദ്ധ്യപ്പെടുത്തണം. നികുതി ചുമത്തിലിനുശേഷം വീട് കൂടുതൽ ആഡംബരസാമഗ്രികൾ ഉപയോഗിച്ച് പരിഷ്കരിച്ചാൽ അത് പരിശോധിയ്ക്കുവാൻ പഞ്ചായത്തിൽ സംവിധാനം വേണം. അതിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധിപ്പിക്കണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. ഇതിന് പൊതുമരാമത്ത് വകുപ്പിലെ മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്.

തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവർത്തിചെയ്യുന്നവരിൽ നിന്നു മാത്രമേ ശരിയായ തൊഴിൽ നികുതി ലഭിയ്ക്കുന്നുള്ളു. ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിയ്ക്കുന്നവരിൽ നിന്നും നികുതി പിരിയ്ക്കേണ്ടതാണ്. ഓരോ മേഖലയിലും തൊഴിൽ ചെയ്യുന്നവരെയെല്ലാം ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്നും നികുതി വസൂലാക്കുകയും ചെയ്യണം. ഇത് കച്ചവടക്കാർക്കും നിർമ്മാണതൊഴിലാളികൾക്കും മറ്റു തൊഴിലുകാർക്കും ബാധകമാക്കാം. സ്വകാര്യ ആശുപത്രിയിൽ നിന്നും തൊഴിൽ നികുതി പിരിക്കുവാൻ കഴിയണം.

വിനോദ നികുതി

നമ്മുടെ പഞ്ചായത്തിൽ സിനിമാശാലകൾ പ്രവർത്തിക്കുന്നില്ല. സാംസ്ക്കാരികസംഘടനകളും സന്നദ്ധസംഘടനകളും നടത്തുന്ന ബനിഫിറ്റ് ഷോയിൽ നിന്നും ഒരു നിശ്ചിത ശതമാനം നികുതി ഈടാക്കുവാൻ കഴിയണം. വീഡിയോ, കേബിൾ പ്രദർശനത്തിന് പഞ്ചായത്തിന്റെ അനുവാദം വാങ്ങുകയും ആയതിന് നികുതി

പിരിയ്ക്കുകയും വേണം. പഞ്ചായത്തിലുള്ള പരസ്യത്തിന് നികുതി പിരിയ്ക്കുവാൻ കഴിയണം (മതിലും ബോർഡും)

വരുമാനത്തിലെ വ്യതിയാനം

ഇനം	1994-95	1995-96
കെട്ടിടനികുതി	1,66987.65	1,79,557.00
തൊഴിൽ നികുതി	90745.00	1,06065.00
ലൈസൻസ്ഫീസ്	6479.00	8294.00
വസ്തുകൈമാറ്റനികുതി 75%	1,21475.00	91673.00
" 25%		1,00000.00
ഡെപ്പോസിറ്റ്	53142.00	8900.00
ലേലവരവ്	6242.00	19558.00
മറ്റുള്ളവ	4,85633	7,18606.50
	930703.65	1232653.50

നാഷണൽ സേവിങ്സ് സ്കീം

പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25 ശതമാനം വരെ അതാതു പഞ്ചായത്തിന് ലഭ്യമാക്കാൻ വ്യവസ്ഥ നിലനിൽക്കുന്നു. അതിനാൽ ഈ രൂപത്തിൽ കൂടുതൽ തുക സംഭരിയ്ക്കാൻ പഞ്ചായത്ത് ഭരണ സമിതിയും അയൽകൂട്ടങ്ങളും ശ്രദ്ധിയ്ക്കണം.

ഫലവൃക്ഷങ്ങളും കടുപ്പമുള്ള വൃക്ഷതൈകളും വച്ചുപിടിപ്പിയ്ക്കുക.


പഞ്ചായത്ത് പുറംപോക്കുകളിൽ പാഴ്മരങ്ങാം വച്ചു പിടിപ്പിക്കുന്നതിനു പകരം കശുമാവ്, മാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും, പൂവരശ്, പ്ലാവ് തുടങ്ങിയ മറ്റു വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുക.

ബാങ്ക് - ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ ഒരു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും ഒരു കോ- ഓപ്പറേറ്റീവ് സൊസൈറ്റിയും ഫെഡറൽ ബാങ്ക്, ലോർഡ് കൃഷ്ണാ ബാങ്ക് എന്നിവയുടെ ഓരോ ശാഖയും, രണ്ടു ഹരിജൻ സംഘവും പ്രവർത്തിക്കുന്നു.

വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തുക

നിലവിൽ വിവാഹം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ചുമത്തിയിട്ടില്ല. എന്നാൽ വരും കാലങ്ങളിൽ വിവാഹരജിസ്ട്രേഷന് 50ൽ കുറയാത്ത തുക ഈടാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ വച്ചു നടക്കുന്ന വിവാഹവും. (ജാതി വ്യത്യാസം കൂടാതെ) രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ വിവാഹത്തിനും 200 പേരിൽ കൂടുതൽ പങ്കെടുത്താൽ അധികമുള്ള ഓരോ 100 പേർക്കും ഒരു നിശ്ചിത തുക ആഢംബര ഫീസ്സായി ചുമത്തേണ്ടതാണ്.



വാക്കുകൾ ചുരുക്കുന്നു

ഒരു പഞ്ചവത്സരപദ്ധതി ഒരു ജനതയുടെ മുഴുവൻ പ്രതീക്ഷയാകുന്നത് ഇതാദ്യം.
ജന പങ്കാളിത്തത്തോടുകൂടി പദ്ധതി ആവിഷ്ക്കരിക്കാനുള്ള അഭിനിവേശവും ആദ്യാനുഭവം.

അധികാരം ജനങ്ങളിലെത്തിക്കുവാനുള്ള മഹാത്മജിയുടെ നിറവേറപ്പെടാത്ത സ്വപ്നത്തിന് നിറം പകരുവാൻ
ഒമ്പതാം പഞ്ചവത്സരപദ്ധതിയിലൂടെ നാം കൂട്ടായ് ശ്രമിക്കുന്നു.
ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന സത്യം നാം തിരിച്ചറിയുന്നു.
ഇന്ദ്രപ്രസ്ഥത്തിലെ കോൺക്രീറ്റ് എടുപ്പുകളിലിരുന്ന്
ഇന്ത്യയെകാണാതെ പദ്ധതിയാവിഷ്ക്കരിച്ചവരെ ഇക്കുറി മാറ്റി നിർത്തുന്നു.

നമ്മുടെ പരാതികൾ, പരാധീനതകൾ എല്ലാം നാം ഗ്രാമസഭകളിൽ തുറന്നു പറഞ്ഞു, ചർച്ചചെയ്തു.
ഇനി പരിഹാരമാണ് വേണ്ടത്. സർക്കാർ ധനസഹായം കൊണ്ടുമാത്രം ഇതിനറുതിവരുത്താനാവില്ല.
മനുഷ്യാധ്വാനം സംഭാവന ചെയ്യാനും വിഭവങ്ങൾ സമാഹരിക്കാനും കഴിഞ്ഞേ പറ്റൂ.

വ്യക്തിയല്ല വലുത് സമൂഹമാണെന്ന ബോധം നമുക്കു വഴിവിളക്കാകണം.
നാടിന്റെ ആവശ്യം എന്റെ ആവശ്യമാണെന്ന് ഉൾക്കണ്ണിൽ തെളിയണം.
ഇനി അർപ്പിതമനസ്സും ആത്മാർത്ഥമായ സഹകരണവുംകൊണ്ട് അജയ്യമായ്,
അചഞ്ചലമായ് മുന്നേറാം.
സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന ജനകീയാസൂത്രണത്തിനു ശക്തിപകരാം.
വാക്കുകൾ ചുരുക്കുന്നു.
ഇനി കർമ്മപഥത്തിലേക്ക്

ഹൃദയത്തോടെ,

എൻ. കരുണാകരൻ,
പ്രസിഡണ്ട്
ചേപ്പാട് ഗ്രാമ പഞ്ചായത്ത്





പി.എച്ച്. സെന്ററിന്റെ ഉത്ഘാടന ചടങ്ങിൽനിന്ന്



ചേപ്പാട് ഗ്രാമ പഞ്ചായത്ത്
വികസന സെമിനാറിന്
ശബരി ഫുഡ്പ്രൊഡക്ട്സിന്റെ
ആശംസകൾ!

ഞങ്ങളുടെ ഉല്പന്നം

ശബരി ബ്രഡ്